ശ്രീബുദ്ധചരിതം.

എൻ. കുമാരനാശാൻ.

PUBLISHED BY
L. F. Fernandez & Sons.
TRIVANDRUM.

[വില അണ ൧൨.

ശ്രീബുദ്ധചരിതം.

എൻ. കുമാരനാശാൻ.

PUBLISHED BY
L. F. Fernandez & Sons.
TRIVANDRUM.

[വില അണ ൧൨.

ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

മൂന്നും നാലും കാണ്ഡങ്ങൾ.

എൻ. കുമാരനാശാൻ.

'ഭാസ്കര'പ്രെസ്സ്,
തിരുവനന്തപുരം.

൧൧൦൪.

മുഖവുര

ശ്രീബുദ്ധചരിതം കിളിപ്പാട്ടിന്റെ ആദ്യത്തെ രണ്ടു കാണ്ഡങ്ങൾ അടങ്ങിയ ഒന്നാംപുസ്തകം പുറത്തായിട്ടു ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. ആ പുസ്തകത്തിന്റെ മുഖവുരയിൽ സൂചിപ്പിച്ചിരുന്ന പ്രകാരം മൂന്നും നാലും കാണ്ഡങ്ങളടങ്ങിയ രണ്ടാം പുസ്തകം പ്രസിദ്ധപ്പെടുത്താൻ ഇത്ര താമസം നേരിട്ടതിൽ വ്യസനമുണ്ടു്. എന്നാൽ, ഇപ്പോഴെങ്കിലും പ്രതിജ്ഞയെ നിറവേറ്റാൻ സാധിച്ചതിലുള്ള ചെറിയ ചാരിതാർത്ഥ്യത്തോടുകൂടി ഈ രണ്ടാംപുസ്തകവും സഹൃദയരായ വായനക്കാരുടെ മുമ്പാകെ സാദരം സമർപ്പിച്ചുകൊള്ളുന്നു.

ഒരു സംഗതിയാണു് ഇതിൽ പ്രത്യേകം പ്രസ്താവയോഗ്യമായുള്ളതു്. ഈ കിളിപ്പാട്ടു് 'Lignt of Asia' എന്ന ഇംഗ്ലീഷ്കൃതിയുടെ ഒരു സ്വതന്ത്ര തർജ്ജിമയായിട്ടാണല്ലോ ആരംഭിച്ചിരുന്നതു്. എങ്കിലും ഇതിനെ ഒരു സ്വതന്ത്രകൃതിയായി അവസാനിപ്പിക്കുന്നതു് പലതുകൊണ്ടും അധികം നല്ലതായിരിക്കുമെന്നു ഒടുവിൽ തോന്നുകയാൽ ഈ രണ്ടാം പുസ്തകം മുതൽ ആ അഭിപ്രായത്തിന്നനുരൂപമായ രീതിയിലാണു് ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതു്. അതുകൊണ്ടു മൂന്നാം കാണ്ഡത്തിൽ പൂർവ്വാധികം സ്വാതന്ത്ര്യമംഗീകരിക്കയും നാലാംകാണ്ഡത്തെ മിക്കവാറും ഒരു സ്വതന്ത്രകൃതിയായിത്തന്നെ പരിണമിപ്പിക്കയും ചെയ്തിരിക്കുന്നു.

കൊണ്ടു ഗ്രന്ഥത്തിന്റെ ആനുപൂർവ്വിക്കും ആകപ്പാടെയുള്ള ഭംഗിക്കും പ്രൌഢിക്കും ഹാനി തട്ടാതിരിപ്പാൻ ശ്രദ്ധവച്ചിട്ടുമുണ്ടു്.

ഇതിവൃത്തത്തിൽ ബുദ്ധഭഗവാന്റെ സന്യാസം വരെയുള്ള പൂർവ്വാശ്രമകഥകൾ മുഴുവൻ ഈ നാലാം കാണ്ഡത്തോടെ അവസാനിച്ചിരിക്കുന്നതിനാലും ഇത്രയുംകൊണ്ടു ഗ്രന്ഥം പകുതി തീർന്നിരിക്കുന്നതിനാലും ഈ രണ്ടു പുസ്തകങ്ങളേയും പൂർവ്വഭാഗമായി പരിച്ഛേദിക്കയും ചെയ്തിരിക്കുന്നു.

തോന്നയ്ക്കൽ, തിരുവനന്തപുരം,
൧൯൨൯ നവംബർ ൨൩.

എൻ. കുമാരൻ ആശാൻ.

ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

മൂന്നാം കാണ്ഡം.

ശ്രീമയമായിടുന്ന വിശ്രമവനത്തിങ്കൽ
പ്രേമസിന്ധുവാം പ്രിയയോടൊത്തു യഥാസുഖം
ആ മനോഹരസൗധങ്ങളിലങ്ങനെ വാണാൻ
കാമകോമളരൂപൻ, സിദ്ധാർത്ഥൻ തിരുവടി

ഭീതിയും ദാരിദ്ര്യവും മറ്റോരോ ദുഃഖങ്ങളും
വ്യാധിയും വാർദ്ധക്യവുമെന്നല്ല മരണവും
എള്ളുമേ സ്വപ്നം ശാക്യസിംഹനാം തിരുമേനി
ചേതസ്സിലെന്താണെന്നറിഞ്ഞീലതുവരെ

രാത്രിയിലെന്നാൽ, നിദ്രാസിന്ധുവിൽ സ്വപ്നക്കപ്പൽ
യാത്രയിൽ തന്മനസ്സാം കരയെത്തിടുവോർ
ചിത്രമായിടയ്ക്കിടെ കണ്ടുള്ള വിശേഷങ്ങ
ളത്രയും തന്നോടോതിയിരുന്നിതപ്പോളപ്പോൾ.

ഈവിധം വാഴുന്നാളിത്തിരുവടിയോമൽ
പൂവൽമേനിയാം യശോധരതൻ തിരുമാറിൽ

പാവനമാകും ശിരസ്സണച്ചു മയങ്ങിയും
സാവധാനമായ് ദേവി മൃദുവാം വ്യജനത്തെ

ഓമനക്കരതാരിലേന്തി വീശവേ മിഴി-
ത്താമരയിതളുകൾ പൂട്ടിയുറങ്ങുമ്പോൾ

ശോകാവേഗത്താലെന്നപോലിടനെഞ്ചു പൊട്ടി
യാകുലാത്മാവായ് ഞെട്ടിയുണരും പലപ്പോഴും

“ലോകമേ, ഹാ! ഞാനെന്റെ ലോകമേ! കേൾക്കുന്നു[ണ്ടു
നീ കേഴുന്നതു, നിനയ്ക്കുന്നുണ്ടു, വരുന്നു ഞാൻ”

ഇങ്ങനെ പുലമ്പീട്ടു, മുടനെ ദേവിയുള്ളിൽ
തിങ്ങിയ ഭയത്തോടും തന്മുഖാംബുജം നോക്കും

എന്തയ്യോ! കേഴുന്നതെൻ പ്രാണവല്ലഭ, ദേവാ
നെന്തൊരു ദുഃഖമുള്ളിൽ നിന്തിരുമേനിക്കെന്നു

ഖേദിച്ചു പരിഭ്രാന്തചിത്തയായവളൊട്ടു
ചോദിക്കും ചപലനീലോൽപല വിലോചന.

ആകുലതാപം തോന്നുമാറന്നേരം മുഖത്തതി
ശോകവും ദേവതുല്യതേജസ്സും സ്ഫുരിക്കയാൽ,

കേണീടുമവൾ; നാഥനന്നു തൃക്കൺ പാർത്തു
ചേണാർന്ന ചെറു ചിരിതൂവിയാശ്വസിപ്പിക്കും

പ്രാണനാഥയെച്ചിത്തകാലുഷ്യം നീങ്ങുമാറു
വീണവായിച്ചീടുവാൻ കല്പിക്കും പിന്നെ ദേവൻ.

അങ്ങനെയിരിക്കെ നൽക്കമ്പികൾ ശ്രുതികൂട്ടി
യങ്ങുതൻകിളിവാതിൽ പടിമേലൊരു രാവിൽ

വച്ചിരുന്നിതു വെള്ളി വീണയൊന്നിളങ്കാറ്റു,
സ്വച്ഛന്ദമടിച്ചതിൽ സ്വനങ്ങൾ പൊങ്ങുംമട്ടിൽ.

കമ്പിയിൽ കാറ്റടിച്ചിട്ടോരോരോവിധം ചെവി
ക്കിമ്പമാമാറു പല നാദങ്ങൾ പൊങ്ങീമന്ദം.

ചുററുമാളുകൾ ശയിച്ചിരുന്നോർ കേട്ടിട്ടതിൽ
ചെററുമേ വിശേഷം തോന്നീലവർക്കാർക്കുമെന്നാൽ,

താനേ തന്ത്രികൾ തൂവും കാകളി കുമാരനു
വാനവർ വിണ്ണിൽവീണ വായിപ്പതെന്നു തോന്നി

മാനസത്തിങ്കൽ, ഖഗമല്ല ദേവകൾ പാട്ടും
ഗാനവുമതിൽ കലർന്നിങ്ങനെ കേട്ടുനാഥൻ.

"ഇണയോടൊന്നാടി വിശ്രമം കൊതിച്ചുല്ലാസവും
തിങ്ങാട്ടും വായുവിൻെറ ശബ്ദങ്ങളല്ലോ ഞങ്ങൾ.

കണ്ടീടുന്നില്ലയെങ്ങുമാശാപാശമതുമൂലം
കുണ്ഠതയാർന്നിവണ്ണം കേഴുന്നിതറിഞ്ഞാലും.

ഉഴറിയിലൊക്കെപ്പൊഴിക്കാററിനും മനുഷ്യൻെറ
പാഴാം ജീവിതത്തിനും ഗതിയൊന്നതായല്ലു്.

കേഴുക, നെടുവീർപ്പിട്ടീടുക, തേങ്ങീടുക
ചൂഴവും ചീറിക്കുതിച്ചോടുക, പിടയുക,

എന്തിനായുണ്ടായ് ഞങ്ങളെങ്ങു നിന്നുണ്ടായെന്നും
ചിന്തിച്ചാലാർക്കുമറിയാവതല്ല; ഇതുപോലെ,

എങ്ങുനിന്നിജ്ജീവിതമുണ്ടായെന്നതും, പിന്നെ
യെങ്ങോട്ടേക്കതു പോകുന്നെന്നുമാർക്കറിയാവൂ!

അന്തരമില്ല വിഭോ! നിങ്ങൾക്കും ഞങ്ങൾക്കും; നാം
മന്തരാളത്തിൽ വൃഥാ തോന്നിയ ഭൂതങ്ങൾതാൻ.

സന്തതം രൂപം മാറി വരുമിക്ലേശങ്ങളി–
ലെന്തൊരു സൌഖ്യമുള്ളു ഞങ്ങൾക്കു നിരൂപിച്ചാൽ

ഇങ്ങെഴുമവിശ്രാന്ത വിഷയഭോഗങ്ങളി-
ലങ്ങുമെന്തു സുഖമോ ഞങ്ങളറിവീല?

പിന്നെയിപ്പ്രേമം തന്നെ ശാശ്വതമായിരുന്നാൽ
സന്ദേഹമില്ല പരമാനന്ദമൊന്നുണ്ടതിൽ;

ആയുസ്സുതന്നെ വിശ്വാസാസ്പദമല്ലാതൊരീ
വായുപോൽ ചപലമല്ലോ! പിന്നെ സ്ഥിരമാമോ

കമ്പമാർന്നതിൽ നില്ക്കുമിപ്പ്രേമം കാററാൽ വീണ-
ക്കമ്പിമേലുണ്ടാം ക്ഷണസ്ഥായിയാം നാദംപോലെ
ഭൂമിയെച്ചുററി ഞങ്ങളെന്നും സഞ്ചരിക്കയാൽ
ഹാ! മായാസൃത, വീണമേൽ വന്നു വിലപിപ്പൂ.

ഉല്ലാസംപൂണ്ടു ഞങ്ങൾ പാടുകയല്ല, പാർക്കി-
ലില്ലല്ലോ ഹർഷത്തിനു കാരണമൊരേടത്തും,

ചെല്ലുന്ന ദിക്കിലെല്ലാം ദേഹികൾക്കനാരത-
മല്ലലല്ലാതെയില്ല; യെന്നുമേ കാൺമൂ ഞങ്ങൾ

ആറായിച്ചുട്ടുകണ്ണീരൊലും നേത്രങ്ങൾ, താപ-
മാറാതെ തിരുമ്മീടുമെത്രയോ കരങ്ങളും.

അഴുതീടിലും പരിഹാസം തോന്നുന്നു ഞങ്ങൾ-
ക്കൊഴിയാതൊരീജനത്തിൻെറ യന്ധതകണ്ടാൽ.

ഉത്സാഹിച്ചുവർ മുറുകെപ്പിടിക്കുമീലോകം
നിസ്സാരമിഥ്യാരൂപമെന്നറിയുന്നീലല്ലോ !

വിണ്ണിലോട്ടുംമേഘത്തെ വിലക്കും നില്ക്കാനിവർ;
ശഠിക്കും കയ്യാൽ പുഴയൊഴുക്കു തടുക്കാനും

എന്നാൽ നിന്തിരുവടി ലോകരക്ഷാർത്ഥമല്ലോ
വന്നവതരിച്ചിതു; കാലവുമായിതല്ലോ,

എന്നെഴുന്നെള്ളീടുമെന്നു കാത്തിരിക്കുന്നു,
ഖിന്നമാം ജീവലോകം കഷ്ടതനീങ്ങീടുവാൻ,

അന്തമില്ലാതെ നീണ്ട സംസാരയാത്രതന്നി
ലന്ധമാം ലോകം ചുറ്റിത്തിരിഞ്ഞുവലഞ്ഞോറും

ആയാസത്തോടു മടിയിടറി വീഴുന്നോരു
മായാന്ധന്മാരെയോർക്ക, യങ്ങിനിയുറങ്ങൊലാ.

തെണ്ടിമണ്ടും വായുവിൻ ഗദ്ഗദങ്ങളാണു ഞങ്ങൾ
തെണ്ടുകയങ്ങും പോയി നിർവ്വാണം നൃപാത്മജ!

സ്വന്തരാഗത്തെ രാഗബദ്ധമാം ലോകത്തിന്റെ
സന്താപം കെടുപ്പതിന്നായ് സ്വയം വെടിക നീ.

ബന്ധുരരാജ്യഭോഗം വിട്ടു ദുഃഖിച്ചു ദുഃഖ-
ബന്ധത്തിൽനിന്നു മോചിപ്പിക്കുക ഭുവനത്തെ.

ഇങ്ങനെ വെള്ളി വീണക്കമ്പിമേൽ തട്ടിത്തങ്ങി
ഞങ്ങൾ നിന്തിരുവടി കേൾക്കുവാൻ കേഴുന്നതാം.

അങ്ങുന്നോ ലോകദുഃഖമൊന്നുമെയറിവില
യിങ്ങതോർത്തിന്നു ചിരിച്ചുംകൊണ്ടുപോവു ഞങ്ങൾ,

അഴകേറുന്ന കാന്തമാരൊത്തും ഭോഗമാകും
നിഴലിൽ നിത്യമായ് ക്രീഡിക്കുന്നല്ലോ ഭവാൻ!”

ഇതു സംഭവിച്ചതിൽ പിന്നെയങ്ങൊരുനാളി
ലതിമോഹനമാകുമാരാമത്തിന്നുള്ളിൽ,

മധുരാംഗിയാം യശോധരതൻ കയ്യും പിടി-
ച്ചതികൗതുകം നല്ലൊരു സായാഹ്നത്തിൽ,

സഖിമാരുടെ നടുവിൽ, സ്വയംവിനോദിച്ചു
സുഖമാർന്നിരുന്നരുളീടിനാൻ മഹാഭാഗൻ.

അപ്പൊഴുതാളിമാരിലൊരു സുന്ദരിയൊരു
ചൊല്ലൊണ്ടുമിതിഹാസം ഭംഗിയിൽചൊല്ലീടിനാൾ.

മേദുരകണ്ഠം ക്ഷീണിച്ചീടുമ്പോളിടയ്ക്കിടെ
സാദരം മധുരമായ് വീണവായിച്ചിട്ടവൾ

അന്തിനേരം നയിപ്പാൻ ചൊല്ലുമപ്രേമരസ
ബന്ധുരകഥ തന്നിലോരോരോ പ്രസ്താവത്തിൽ,

ആശ്ചര്യകരമൊരു മായാരൂപം, ദൂരത്തുള്ള
പാശ്ചാത്യ ദേശങ്ങ,ളെന്നല്ലതുകളിൽ വാഴും
വെണ്മഞ്ഞുനിറമേലും ജനങ്ങ,ളന്തിയിൽ
ചെമ്മേ പോയ് സൂര്യദേവൻ മുങ്ങുമക്കടലുകൾ,

എന്നോരോന്നിനെപ്പറ്റി പറഞ്ഞു കേട്ടീടവേ
വന്നൊരുൽക്കണ്ഠയോടും ഭഗവാനവൾ ചെയ്തു

"ചിത്ര"യിച്ചൊന്ന കഥ വീണയിൽ സഹായകേട്ട
ചിത്രമാം വൃത്താന്തത്തെയാൾക്കിപ്പിച്ചീടനിശം!

സതതമിവർക്കു സന്താനമായ് നീ വാഴുന്ന
മുത്തണിമാളികതന്നെ നൽകുക യശോധരേ!

എൻകരൾക്കാമ്പാട്ടന്നിതറിവാൻ; ചൊല്ലു നീയെൻ
തങ്കമേ; ഈലോകമിതിത്ര വിസ്തീർണ്ണമാണോ?
ഇന്ദിരിയി,ലലയാഴിയിൽ പോയിസ്സൂര്യ-
നസ്തമിപ്പതു കാണാവുന്ന രാജ്യവുമുണ്ടോ ?

ഉണ്ടെങ്കിലന്നാട്ടിലെജ്ജനങ്ങൾ ശീലംകൊണ്ടും
കണ്ടാലും നമ്മെപ്പോലെതന്നെയോ ചൊല്ലു കാന്തേ!

ഉള്ളതാമങ്ങോർക്കിൽ നാമറിയാത്തസംഖ്യം ദേശ-
യുള്ളതിലവർക്കാക്കം സൌഖ്യമിതുണ്ടാം വരാം.

കണ്ടറിഞ്ഞെന്നാൽ നമ്മളവരെക്കനിഞ്ഞൂട
ന്നിങ്ങൾ തീർത്താശ്വസിപ്പിച്ചെന്നുമാമല്ലീ പ്രിയേ!?

ദിനനായകൻ നിത്യം കിഴക്കേദ്ദിഗന്തത്തിൽ
ജനതയ്ക്കാനന്ദമേകുന്ന ചെങ്കതിരുകൾ
അഴകിൽ പരത്തിക്കൊണ്ടുയർന്നു ദീപ്തമാകും
വഴിയെ വിണ്ണിലേറിപ്പശ്ചിമദിക്ക നോക്കി
എഴുന്നള്ളുന്നോരാഡംബരം കണ്ടെനിക്കുള്ളി-
ലൊഴിയാതത്യാശ്ചര്യം തോന്നുമാറുണ്ടു നാഥേ!
അസ്തമിക്കാൻ പിന്നെത്താഴുമ്പോൾ പടിഞ്ഞാറു-
ള്ളതിപാടലമായൊരന്തി ശോഭിക്കും ദിക്കിൽ
കൂടിച്ചേർന്നെത്തുവാനമങ്ങുള്ള ജനങ്ങളെ
കൂടിക്കാണ്മാനം നിത്യമേറുമുൽക്കണ്ഠാഗ്നിയാൽ
വെന്തിടുമാറുമുണ്ടെന്നുൾക്കാമ്പു നീയെന്നായി
ചെന്തളിർ വല്ലിതോല്ക്കും ചാരുകൈകളാൽ കെട്ടി-
ക്കൊത്തുറങ്ങുമ്പോഴുമെപ്പോഴും, ഞാൻ നിന്റെ കുളുർ
മാറത്തു തങ്ങി വിശ്രമിക്കുമ്പോഴുമെപ്പോഴും, പ്രിയേ!
ഇല്ല സന്ദേഹം സ്നേഹിക്കണമവർ നമ്മത്ര
വല്ലഭേ, പലരുമുണ്ടായിരിക്കണം വേറെ.
അല്ലെങ്കിലിങ്ങനെ നാം സുഖിച്ചമരുമ്പോൾ
വല്ലാത്തൊരീയുൽക്കണ്ഠ തോന്നുവാനെന്താവശ്യം?
പല്ലവസമാധരേ, നിന്റെ * * * ങ്ങൾക്കും
തെല്ലുമീയഴൽ നീക്കാൻ പാടവം പോരാ നാഥേ!
ചൊല്ലുക ചിത്രേ! നീ ചൊന്നോരുപാഖ്യാനത്തിലെ
ച്ചൊല്ലുള്ള ദിവ്യാശ്രമമെങ്ങിപ്പോൾ നിൽപ്പൂ ബാലേ!
നല്ലഗന്ധർവ്വലോകവൃത്താന്തമറിവവ-
ളല്ലോ നീ,—യെനിക്കൊരുദിവസത്തേക്കായശം

കിട്ടുമോ കേറിയോടിച്ചീടുവാ? നതിന്നായെൻ-
കൊട്ടാരമിതു വേണമെങ്കിലും നൽകാമെടോ.

കിട്ടിയാലതിലേറിയേറെ വേഗത്തിലൂഴി-
ത്തട്ടാകെയോടിത്തിരിഞ്ഞൊന്നിക്ക നോക്കാമല്ലോ!

എന്നല്ലന്നേക്കാൾ ജഡരോഗങ്ങൾ ഭുജിക്കുവാ-
നെന്നുമേ സ്വതന്ത്രനാമിച്ചെറു കഴുകന്റെ

ചിറകിന്നെനിക്കുണ്ടായിരുന്നുവെങ്കിൽ പൊങ്ങി-
പ്പറക്കാമായിരുന്നു പശ്ചിമദിക്കുനോക്കി

ആയതമായ ചെമ്പരത്തിപ്പൂ നിറമൊത്ത
സായാഹ്നസൂർയ്യകിരണാവലിതട്ടിമിന്നും

മഞ്ഞാന്നഹിമവാന്റെ വൻകൊടുമുടികൾ മേ-
ലഞ്ജസാ ചെന്നിരുന്നു ചുഴവും കാണാമെല്ലാം

ആക്കമൊന്നുടൻമിഴിതിരിച്ചു തിരിച്ചഹോ!
നോക്കാമായിരുന്നു കണ്ണെത്തുന്ന ദൂരംവരെ.

എന്തുകൊണ്ടിന്നാൾവരെ ദേശങ്ങൾ കണ്ടീലഞാ-
നെന്തുകൊണ്ടിനിക്കതിലാകാംക്ഷ തോന്നാഞ്ഞതും?

കേട്ടീടാൻ മോഹമിപ്പോളതെല്ലാം സ്ഥലങ്ങളി-
ക്കോട്ടവാതലിൽ വെളിക്കുള്ളതു സഖിമാരേ

ഇതു കേട്ടൊരു തോഴി ചൊല്ലീടിനാ“ളെന്നാൽ കനി-
ഞ്ഞതിമോഹനാകൃതേ, കേട്ടുകൊണ്ടാലും ഭവാൻ

ഏറ്റവുമഴകുള്ള ദേവാലയങ്ങളാ,മിളം-
കാറ്റിൽ പൂമണംവീശുമുദ്യാനങ്ങളും പിന്നെ

വൃക്ഷവാടികളവയ്ക്കപ്പുറ,മങ്ങേപ്പുറം
ശിക്ഷയിൽ കൃഷിയേറ്റി വിളയും വയലുകൾ;

പിന്നെയപ്പുറപ്പാന്ന തരിശുനിലങ്ങളാം;
പിന്നെ മൈതാനങ്ങളാം, പിന്നെയെത്രയോ കാതം,

അംബുധിപോൽ പരന്ന കാടുകളല്ലോ പിന്നെ
ബിംബിസാരനാം നൃപൻ തന്നുടെ രാജ്യമല്ലോ;

അതിനപ്പുറം സമദേശങ്ങൾ വിലസുന്നു
വിത്തമായിക്കോടി കോടിയാളുകളോടും.

എന്നതുകേട്ടു ഭഗവാനുടനരുൾചെയ്തു:
നന്നിതു നാളെ മദ്ധ്യാഹ്നത്തിൽ താനെനിക്കിനി

ഒന്നൊഴിയാതെ പുറത്തുള്ളോരു വിശേഷങ്ങൾ
സന്ദർശിക്കണം പോയിസ്സംശയമില്ലതുമേ

ഛന്ദനെൻ തേർ തെളിച്ചീടണമിന്നതിനായി
ച്ചെന്നുടൻ നൃപാജ്ഞയെ വാങ്ങുവിൻ മടിയാതെ.

അപ്പോൾ പരിജനമണഞ്ഞു തിരുമുമ്പി-
ലത്യാദരമുടൻ വൃത്താന്തമുണർത്തിനാർ:

നിന്തിരുമകൻ വിഭോ! നാളെ മദ്ധ്യാഹ്നത്തിങ്കൽ
സ്വന്തമാം തേരിലേറി വെളിയിലെഴുന്നള്ളി

അന്തികദേശത്തുള്ള ജനങ്ങൾ തമ്മെക്കണ്ടാ
നന്ദതരംഗത്തിലാശ തേടുന്നു ദയാനിധേ!

എന്നതു കേട്ടു ചിന്തിച്ചോതിനാൻ മഹീപതി
നന്നിതു കാലമായി വത്സനായതിന്നിപ്പോൾ.

എന്നാൽ ഘോഷകജനം നടന്നു നഗരത്തെ
നന്നായിന്നലങ്കരിച്ചീടുവാൻ ചൊല്ലീടട്ടെ!

കഷ്ടമായുള്ളതൊന്നും *കാണരുതൊരേടത്തും
ദൃഷ്ടിഹീനരു,മംഗഭംഗങ്ങളുള്ളവരും

കുഷ്ഠരോഗികളുമന്യാമയങ്ങളാൽ പാരം
ക്ലിഷ്ടതയനുഭവിപ്പവരുമെന്നുവേണ്ട,
ആരായാലുടൻ ജീർണ്ണിച്ചോരു വൃദ്ധരു,മംഗം
പരിശോഷിച്ചോർ ബലഹീനരായുള്ളോർപോലും

തെരുവിൽ കാണമാറാകയെങ്ങുമെന്നരുതിരു
വിരവിലവർ വിദൂംബരവും ചെയ്തീടട്ടെ.

വാഴ്ത്തും കൗതുകത്തോടു പുരവാസികളും
കേൾക്കവേ കൽത്തൂണങ്ങളുടിച്ചു വെടിപ്പാക്കി

തോല്ക്കുഴൽവഴി ജലധാരകൾ വിട്ടു വീഥി
മേല്ക്കുമേലുത്സാഹമുണ്ടാക്കവേ കഴുകിനാർ

മംഗളമായ് കോലങ്ങളെഴുതി മുറ്റത്തെല്ലാം
ഭംഗിയായ് നൽക്കുങ്കുമം തൂറ്റിനാർ ഗൃഹിണിമാർ

വാതലിൽ പുതിയ പൂമാലകൾ കെട്ടീടിനാർ
കോതി മുമ്പൊരുക്കി നിർത്തീടിനാർ തുളസിയെ

കെല്പോടു, ചുവരിലെച്ചിത്രങ്ങൾ ചായമിട്ടു
ശില്പവേലക്കാർ പുതുക്കീടിനാർ വഴിപോലെ.

വൃക്ഷങ്ങൾ പുഷ്പങ്ങളും കൊടികൾ തൂക്കീടിനാർ
ശിക്ഷയായ് പൂശി മിനുക്കീടിനാർ പ്രതിമകൾ.

മെച്ചമായെന്നല്ല നാൽ വഴികൾ കൂടുംദിക്കിൽ
പച്ചിലപ്പന്തലുകൾ നിർമ്മിച്ചങ്ങവയുള്ളിൽ

മിന്നും സ്വർണ്ണാദി ദേവബിംബങ്ങൾ വെച്ചു ബഹു
സന്തോഷമോടാരാധിച്ചീടിനാരങ്ങെല്ലാം

എന്തിനു വിസ്തരിപ്പൂ കപിലവാസ്തുവൊരു
ഗന്ധർവ്വനഗരിപോൽ വിളങ്ങിയെന്നേ വേണ്ടു.

പിന്നെഗ്ഘോഷകർ തമ്മടിച്ചു നടന്നെങ്ങും
മന്നവന്റെയാജ്ഞയിങ്ങനെ വിളിച്ചോതി:

"അല്ലയോ! പൌരന്മാരേ,യെല്ലാരുമൊരാൻ ഭൂമി
വല്ലഭൻ കല്പിപ്പിക്കുന്നതാവിതു: കേട്ടീടുവിൻ.

കഷ്ടമാം കാഴ്ചയൊന്നും നാളെയിങ്ങൊരേടത്തും
ദൃഷ്ടിയിൽ പെട്ടിടുമാറാകരുതാകയാലെ

കുരുടർ, മുടവന്മാർ, കുഷ്ഠരോഗികൾ പാരം
ജരാ,രാരോഗ്യമില്ലാത്തവരശക്തരും
ഒരു ദിക്കിലും വെളിക്കിറങ്ങീടരുതെന്ന
ല്ലാതു ഭൂതവും ശവദാഹം ചെയ്യരുതെങ്ങും
വെളിയിൽപ്പോലുമെത്തീടരുതാരും നാളെ
വെളുത്താലന്തിയാകും വരയ്ക്കും പ്രേതമൊന്നും

ഇങ്ങനെ കല്പിക്കുന്നു മന്നവൻ ശുദ്ധോദനൻ
നിങ്ങളെല്ലാരുമറിഞ്ഞീടുവിനിച്ചൊല്ലുകൾ"

അങ്ങനെയന്നു ശാക്യരാജധാനിയെ പൌരർ
മംഗലമാക്കിവെടിപ്പാക്കി മന്ദിരങ്ങളും

ഹിമരാശികൾപോലെ വെളുത്തു പരസ്പരം.
സമതയോടും രഥ്യകാളുകൾ സോത്സാഹമായ്

ഭംഗിയിൽപ്പാരം തോന്നു താടകൾ തുള്ളിച്ചേറ്റം
പൊങ്ങി മാംസളങ്ങളാം പോത്തുകൾ ചുള്ളങ്ങളെ.

തോളിന്മേൽ ചിത്രമായിപ്പുണിതുമെഴുകിട്ട
കാളുന്ന പുത്തൻനുകം വഹിച്ചു വലിച്ചീടും

ശില്പവേലകൾചെയ്തു ചായമിട്ടൊരു തേരി-
ലുജ്ജ്വലാകാരൻ യുവനൃപനെഴുന്നള്ളി

വഴിയിൽ വരും കൊച്ചുതമ്പുരാൻ തന്നൊപ്പൌരർ
തൊഴുതു വാഴ്ത്തിടുന്നൊരാനന്ദമെന്തു ചൊൽവൂ

ചിത്രമാമുടുപ്പുകൾ ധരിച്ചും, ചിരിച്ചുകൊ
ണ്ടെത്രയും തെളിവാർന്നു വിളങ്ങും മുഖങ്ങളാൽ

ലോകമിതേറ്റം സുഖാവഹമെന്നന്തരി
ലാകവേ കാണികൾക്കു തോന്നുമാറായും നില്പൂ

വാർത്തരായിഷ്ടരായ പൌരവൃന്ദത്തെത്തൃക്കൺ
പാർത്തുസന്തോഷിച്ചുടൻ ചീർത്തുചൊല്ലിനാൻദേവൻ:

നന്നു നന്നീ ലോക,മെന്നല്ലഹോ നിരൂപിച്ചാ-
ലെന്നിലെത്രയും സ്നേഹം കാണുന്നിതിവർക്കെല്ലാം

മന്നവരല്ലാത്തോരിജ്ജനങ്ങൾ സന്തുഷ്ടരായ്
ഖിന്നതവെടിഞ്ഞെത്ര മോദാൻ മേവീടുന്നു.

വേലകൾചെയ്തും വീടുസൂക്ഷിച്ചുമുല്ലാസമായ്
ലോലാംഗിമാരിങ്ങുള്ള ഗേഹിനിമാരും വാഴ്വൂ;

സന്തോഷമിവർക്കാകെ യീവണ്ണമുണ്ടാകുവാ-
നെന്തുപകാരം ചെയ്തിട്ടുള്ളു ഞാൻ നിരൂപിച്ചാൽ!

സ്നേഹിച്ചിട്ടുണ്ടു ഞാൻ തങ്ങളെയെന്നു താനേ
യൂഹിച്ചിങ്ങനെ യറിഞ്ഞിതിക്കിടാങ്ങളും!

നമ്മുടെ മെയ്മേൽനല്ല പൂവാരിയെറിഞ്ഞൊരു
രമ്യരൂപനാം ശാക്യബാലകനിതാ നില്പൂ.

ചെന്നുനീയപ്പൈതലെയെടുത്തുകൊണ്ടുവരു
ഛന്ദാ, നമ്മൊടൊത്തവൻ യാത്രചെയ്യട്ടെ തേരിൽ

ഇത്രനല്ലൊരു രാജ്യം ഭരിക്കുന്നതുതന്നെ
യെത്രധന്യതയാർന്ന കൃത്യമാകുന്നു പാർത്താൽ.

ഈവണ്ണം ഞാൻ വെളിക്കു വന്നതുകൊണ്ടുമാത്രം
താവുന്ന പൌരന്മാരിന്നിത്രയാമോദമെന്നാൽ

എന്തൊരു സുഖമാം ഭാവമാണൊത്തുകണ്ടാൽ
സന്തോഷം തന്നെ; യെന്നല്ലിച്ചെറുകൂരകളിൽ

തിങ്ങിയുല്ലാസമെല്ലും ജനങ്ങൾ ത്തുവീടുന്ന
പുഞ്ചിരിപ്പൂനിലാവിൽ നഗരം മുങ്ങീടവേ

മിന്നുമാറോരോ സുഖസാധനസാമഗ്രി ഞാൻ
സഞ്ചയിക്കുന്നതെല്ലാം വ്യർത്ഥമാണെന്നും തോന്നും

തെളിക്ക രഥം ഛന്ദാ, സ്വച്ഛന്ദം വാതിലൂടെ
വെളിക്കു പോക; യിതു ഞാനറിഞ്ഞീടാത്തതായ്

അനാഢ്യസമാണൊരീ ലോകംകുറേക്കൂടി
യെനിക്കു കണ്ടീടണമെന്നു കൌതുഹലം

കടന്നു കോട്ടവാതിലങ്ങനെയവർ പോക-
മുടനെ ഹർഷാകുലമായ് വന്നു ജനക്കൂട്ടം

കൂടീ തെരുതല്ലിന്നു ചൂഴവും ചിലർമുമ്പേ
യോടിക്കാളകളുടെ കഴുത്തിൽ മാലചാർത്തി;

ചിലർ ചെന്നവയുടെ മിനുത്തു പട്ടുപോലെ
വിലസും പാർശ്വങ്ങളിലടിച്ചു തലോടിനാർ

അലിവോടവറ്റക്കു ഭക്ഷിക്കുവാൻ കൊണ്ടുവന്നു
ചിലപേർ ചോറും ചിലരപ്പവും നൽകീടിനാർ.

ജയിക്ക മഹാരാജനന്ദനാ, ജയിക്കുക
ജയിക്കെന്നൊക്കെ മാറ്റുവിളിച്ചാരെല്ലാവരും.

ഇങ്ങനെ വീഥിതോറും സന്തുഷ്ടജനങ്ങളും
തിങ്ങിയുല്ലസിച്ചിതു രമ്യമാം കാഴ്ചകളും

എങ്ങെങ്ങുനോക്കിയാലുമൊന്നുപോൽ തന്നെയുപ-
നങ്ങനെയെല്ലാം സൂക്ഷിച്ചീടുവാൻ കല്പിക്കയാൽ.

അപ്പൊഴന്നുവഴി തന്നിലൊരു ചെറു
കുപ്പമാടത്തിൽ മറഞ്ഞിരുന്നു വെളിക്കവൻ

മുല്ലാടയൊരു പടുകിഴവൻ പിച്ചക്കാരൻ
തപ്പിയും തടഞ്ഞും പിന്നിഴഞ്ഞുമെത്തീടിനാൻ

നാറിയ കീറത്തുണികൊണ്ടു നന്നമറ-
ച്ചുറെറശ്ലാഘിച്ച വൃദ്ധനാകെട്ടതിവിരൂപനായ്

എല്ലൊററവും ചുക്കിച്ചുളിഞ്ഞുള്ളൊരു തൊലി, വെയി-
ലേററേററു പാരം കരുവാളിച്ച ശരീരത്തിൽ

മെലിഞ്ഞു മാംസമെല്ലാം പോയൊരെല്ലിന്മേൽപ്പററി
വലിഞ്ഞു മൃദംഗത്തിന്റെ തോലുപോൽ തൂങ്ങി

ഒട്ടേറെ വയസ്സിന്റെ വൻഭാരം ചുമക്കയാൽ
നട്ടെല്ലു വില്ലുപോലെ വളഞ്ഞു കുനിഞ്ഞൂന്നി

പങ്കിലമായിപ്പാരം നെടുനാൾ കണ്ണീർവാർത്ത
കൺകുഴി രണ്ടും ചുവന്നേററവും കലങ്ങിയും

നരഞ്ഞു മുററും പീളയടിഞ്ഞു കാഴ്ചമങ്ങി
വലഞ്ഞു വല്ലാതുള്ള കണ്ണുകൾ മിഴിച്ചുമേ

പല്ലുകളെല്ലാം കൊഴിഞ്ഞൊഴിഞ്ഞ വെറും താടി
യെല്ലുകൾ താനേയാടി വിറച്ച വാതത്താലും

തെരുവിലെല്ലാടവുമാവിധമാഘോഷവും
പുരുഷാരവും കണ്ടു സംഭ്രാന്തനാകയാലും

കിഴവനവൻ തൊലി തൂങ്ങീടുമൊരു കയ്യിൽ
പഴകിത്തേഞ്ഞ വടിയേന്തിത്തൻ വിറയ്ക്കും മെയ്

മറിയാതുന്നിട്ടിടിച്ചീടുന്നു, വാപൊളിച്ചു
നിറയും നോവാൽ വിളിച്ചീടുന്ന നെടുമൂച്ചാൽ
തേങ്ങി വീർത്തീടുമൊരുവശത്തെ വാരിയെല്ലു
താങ്ങിയുമിരുന്നതേ മറ്റേക്കൈകൊണ്ടു പാവം.

പിച്ചനൽകുവിനയ്യോ! പുണ്യവാന്മാരേ യെന്റെ
യിച്ചപലമാം പ്രാണനിന്നോ നാളെയോപോമേ
എന്നൊരാതുര മുറവിളിച്ചാനുടനേങ്ങിവിങ്ങി
വന്നൊരു കരംകൊണ്ടു വലഞ്ഞാൻ സാധുവൃദ്ധൻ

എന്നിട്ടു തെരുവുകൾ വഴിഞ്ഞു വിറയാർന്നു
നിന്നു കൈനീട്ടിക്കൊണ്ടു കണ്ണുകൾ തുറിച്ചൊരാം
ഖിന്നനായഴുക്കർപൂണ്ടോരാ പഴവട്ടം
പിന്നെയുമവൻ "പിച്ച തരണേ, പിച്ച"യെന്നാൻ,

ഉടനേ കണ്ടുനിന്ന ജനങ്ങളോടിച്ചെന്നു
പിടിപെട്ടപ്പാവത്തെയകലെത്തള്ളിയിട്ടു
കണ്ടുപോമിപ്പോൾ കൊച്ചുതമ്പുരാൻ, ക്ഷണമോടി
മണ്ടിനിന്മേലിൽപ്പോയ് മറഞ്ഞുകൊൾകെന്നോതി

കെല്പറ്റ കാലിൽ തൂക്കിയക്കിഴവനെയവർ
ക്ഷിപ്രമാവഴിവിട്ടു വലിച്ചു മാറ്റീടിനാർ.
"വിട്ടുവിൻ വിട്ടുവി"നെന്നുറക്കെ ട്ടന്നിന്നു
ഝടിതി വിളിച്ചോതിയപ്പോൾ തന്തിരുവടി;

എന്നല്ല തിരിഞ്ഞുടൻ ചോദിച്ചു സൂതനോടായ്
"എന്താ, യിക്കാണുമൊരു മനുഷ്യവ്യക്തിതാനോ
കണ്ടാലങ്ങനെ തോന്നുന്നല്ലോ മൈത്ര്യാപാര
മിങ്ങൽപ്പെട്ടീടുമതി വികൃതമാമീരൂപം.

ജനിച്ചീടുമാറുണ്ടോ ചിലർപ്പാരിലിതാതിരി
മനുഷ്യർ ചൊല്ലീടു നീയെന്നല്ല കേൾക്കിസ്സാധു

പ്രാണൻ പോയീടുമെനിക്കിന്നോ നാളെയോ തന്നെ
കേണോതുന്നല്ലോ ചൊൽക യെന്തിനിന്നത്ര ദൈന്യം:

കിട്ടുമാറില്ലേയിവന്നാഹാരമൊന്നും വെറും
പട്ടിണികൊണ്ടോമെയ്യിലെല്ലുകൾ പൊങ്ങിക്കാൺമൂ

ഛന്ദനതുകേട്ടു ചൊല്ലിനാൻ പ്രിയനൃപ-
നന്ദനാ യിവനൊരു വൃദ്ധനാം നരൻതന്നെ

എൺപതു കൊല്ലങ്ങൾ മുമ്പിവന്റെ മുതുകെല്ലി-
ന്നമ്പമാന്തിലെന്നല്ല നിവർന്നുമിരുന്നതേ,

മിഴികൾ മിന്നിത്തെളിഞ്ഞിരുന്നിതിവന്നേറ്റം-
മഴകുണ്ടായിരുന്നു കാളുതിയുടലിന്നും

ചോരയിമ്മെയ്യിൽനിന്നു മെല്ലെ മെല്ലവേ ജീവ-
ചോരനാം കാലമിപ്പോൾ കുടിച്ചുവററിക്കയാൽ

നീരററു വരണ്ടേറ്റം വേനലിൽ നിറംകെട്ടു
പാരിൽവീണുണങ്ങുന്ന പൂച്ചെടിപോലായിവൻ.

കവർന്നുപോയികാലം കായത്തിൻ കെല്പുമെന്ന-
ല്ലിവന്റെ മനോബലം ബുദ്ധിശക്തിയുമെല്ലാം.

എരിഞ്ഞു നിന്നൊരു ജീവിതമാം വിളക്കിന്റെ
തിരിയിലെണ്ണ വററിപ്പുകഞ്ഞു മങ്ങിപ്പോയി,

പരിശേഷിച്ചിട്ടുണ്ടിപ്പക്ഷിപിടി വെറു-
മൊരുതിപ്പൊരി,യതും കെടുന്നു മങ്ങി, മങ്ങി.

അന്ത്യമാം വയസ്സിന്റെ ഗതിയിങ്ങനെയല്ലോ
ചിന്തിയ്ക്കവേണ്ടതിലെന്തു ചിന്തിപ്പാനുള്ളു.

എന്നതുകേട്ടു ചോദിച്ചീടിനാൻ തിരുമേനി
വന്നിടുമോ ചൊൽകീയവസ്ഥ മറ്റുള്ളോർക്കും?

എല്ലാർക്കുമിതു വന്നു ചേരുമോ? യിവനെപ്പോൽ
വല്ല പാപങ്ങൾക്കുമേ വരുവെന്നുണ്ടോ സൂത?

ചൊല്ലിനാനുടൻ ഛന്ദൻ ശാക്യകാന്തമാരവേ, ഭൂമി-
വല്ലഭകുമാരക, വാർദ്ധക്യം നിമിത്തമായ്

അല്ലലീവണ്ണമിവനെപ്പോലെ യിത്രയേറെ-
ക്കൊല്ലങ്ങൾ ജീവിച്ചിരുന്നിടുകിലുണ്ടാമാർക്കും.

സന്താപം തിരുമേനി ചോദിച്ചു വീണ്ടും ഞാനി-
ത്രനാൾ വാണീടിലുമീവിധമാമോ ഛന്ദ.

എൻപ്രിയ യശോധര താനുമിങ്ങനെയാമോ
യെൺപതുകൊല്ലമിനിക്കഴിഞ്ഞാലയ്യോ കഷ്ടം!

ജാലിനിതാനും കൊച്ചു ഹസ്സയും ഗൗതമിയും
കാവലാൾ ഗംഗദത്തനും മറ്റിഷ്ടജനങ്ങളും

എല്ലാമിങ്ങനെ വയസ്സേറി വാർദ്ധക്യം വന്നു
വല്ലാത്ത ബീഭത്സരൂപങ്ങളായ് ത്തീർന്നിടുമോ?

ചൊല്ലുകെന്നതുകേട്ടു സൂതനും മഹാമതേ!
കില്ലില്ലയീ വാർദ്ധക്യം വന്നീടുമാർക്കുമെന്നാൻ.

എന്നാൽ തേർതിരിച്ചുടിച്ചീടുക മടങ്ങി ഞാ-
നെന്നുടെയരമനയ്ക്കായ് ത്തന്നെ പോകാമിനി

എന്നുമേ കാണ്മാൻ കാങ്ക്ഷിയാത്തുള്ള കാഴ്ചകണ്ടേ-
നിന്നു ഹാ! മതിമതി!—എന്നുമോതിനാൻ നാഥൻ.

താനേ പിന്നെയുമതു ചിന്തിച്ചു ചിന്തിച്ചു ത-
ന്നാനനപങ്കജവുമകക്കാമ്പതും വാടി.

ഭംഗിതേടുന്ന കൊട്ടാരത്തിങ്കലെത്തീടുവാൻ
മംഗളമൂർത്തി കൊച്ചുതമ്പുരാൻ വൈകുന്നേരം

തേരിലേറുന്നേരം പരിജനങ്ങളുത്സാഹമാ—
ർന്നാക്കിയുള്ളോരശ്വത്തിൻെറ വളങ്ങളിൽ

രുചിതോന്നീലൊന്നിലും സ്വാമിക്കു ശർക്കര-
രുചിരാപൂപങ്ങൾ തേൻകനികളിവയിലും.

എന്നല്ല മനം മയക്കീടുവാൻ മിടുക്കേറും
സുന്ദരിമാരാം തൻെറ ദാസിമാർ നൃത്തങ്ങളിൽ

പാടവം പണിപ്പെട്ടു കാട്ടിയെന്നാലും തൃക്ക-
ണ്ണോടിച്ചുമില്ലവരിലൊരിക്കൽപോലും ദേവൻ

തിരുവാമൊഴിയൊന്നു മൂളിയാടിയുമില്ല
കരുണാനായിയുള്ളിൽ കാളുന്ന ചിന്തയാലേ.

അളകങ്ങളുലഞ്ഞു കരഞ്ഞു കാൽക്കൽ വീണു
ഉടുവായ് തൊണ്ടവിങ്ങിത്തേങ്ങിച്ച യശോധര.

“പ്രാണവല്ലഭ! ഭവാനിവളിൽ പോലുമല്പം
കാണിയും രസം തോന്നാതായിതോ കൃപാനിധേ”

സ്വാമിയുമിതുകേട്ടു കനിഞ്ഞു ചൊല്ലീടിനാ—
നോമലേ യിങ്ങാതിരി യില്ലൊരു ശോകമെല്ലാം

അന്തരാത്മാവിൽ ദുഃഖമേകുന്നിതിനിക്കാണെ-
യന്തരിച്ചപോലൊരു കാലമെത്തുന്നൂ നാളെ

അന്തമുണ്ടല്ലോയിവയ്ക്കെന്നല്ല നീയും സൌന്ദ-
മന്തമില്ല വൃദ്ധയാമല്ലോ യശോധരേ.

സ്നേഹം സൌന്ദര്യം ശക്തിയെല്ലാം പോയിടുമല്ലോ
ദേഹം വാർദ്ധക്യമേല്ക്കുന്നപോലല്ലോ നാഥേ

എന്നുവേണ്ടെന്നും രാവും പകലും പിരിയാതെ-
യൊന്നായ്നാം വസിച്ചൊന്നായ് ശയിച്ചു പരസ്പരം
ചേർന്നാനന്ദിച്ചു * * * * * സുദൃഢമായ്
പ്രാണപ്രേമങ്ങളുള്ളിലടച്ചു ശയിച്ചാലും

കള്ളനാം കാലമെങ്ങു കടന്നു വല്ലുവാറും
കൊള്ളയിട്ടുപോമല്ലോ രാഗവും താരുണ്യവും

അക്കാണും ഗിരിശൃംഗത്തിന്മേൽ ചെന്താരിന്റെ
സൽകാന്തിചിന്നും സന്ധ്യാരാഗത്തെക്കടന്നുടൻ

നൽക്കരിനിറം പൂണ്ട യാമിനി കവരുന്നു.
ലോകമേവ വിളറി മങ്ങിപ്പിന്നെയിരുട്ടാമേ.

കണ്ടു ഞാൻ പ്രിയേ യിന്നീ വസ്തുതയെയോർത്തന്നേരം-
ത്തണ്ടുമാഴ്കുന്നു പാരം പേടിയും തോന്നുമാറിതു.

മർത്ത്യരെ വ്യഥരാക്കും കാലമാം ഘാതകന്റെ
ഹസ്തത്തിൽ നിന്നീ സ്നേഹരസത്തെ രക്ഷിക്കുവാൻ

ഉത്തമോപായമൊന്നും കാണാതെ യുഴന്നെന്റെ
ചിത്തമിന്നേകാഗ്രമായ് ചിന്തചെയ്യുന്ന കാലത്ത.

ഇത്തരമുൾ ചെയ്തു നിദ്രയും വിട്ടു പട്ടു-
മെത്തമേൽ സുഖമില്ലാതിരുന്നു രാവിൽ ദേവൻ

ആ രാത്രി ശുദ്ധോദനമന്നവനുറങ്ങുമ്പോ-
ളോരോരോ ഭയാനക സ്വപ്നങ്ങൾ കണ്ടിതാൻ.

ഒന്നാമതിന്ദ്രശോഭ ചേർന്നോരം വിശാലമായ്-
പൊന്നുകൊണ്ടുള്ള സൂക്ഷ്മപ്രതിമ നടുക്കാന്തി

മിന്നുന്ന മഹേന്ദ്രക്ഷേത്രത്തിലെക്കൊടിക്കൂറ
മന്നവൻ കണ്ടാൻ പൊങ്ങിപ്പാറന്നു നില്ക്കുന്നതും

കൊട്ടകാറെറാന്നങ്ങുടനുണ്ടാകുന്നതും കൊടി
ഝടിതി ചരടററു താഴത്തു വീഴുന്നതും

പൊടിയിലടിഞ്ഞതു മുഷിയുന്നതു മെന്ന-
ല്ലുടനേയൊരുങ്ങിടും ഛായാരൂപികളെത്തി

അഴകെഴ പാറീടിനോരപ്പതാകയും പേറി
ക്കിഴക്കേക്കോട്ടവാതിൽ കടന്നു പോകുന്നതും.

പിന്നെ രണ്ടാമതായിക്കണ്ടിതു നൃപൻ തടി-
ച്ചുന്നതങ്ങളാം പത്തുകലയാനകൾ ചേൎന്നു

മിന്നുന്നാവെള്ളിക്കൊമ്പു; കുലുക്കിക്കൊണ്ടും പാരം
മന്നിടം കുലുങ്ങവേ കാലുകളൂന്നിക്കൊണ്ടും

തെക്കേക്കോട്ടയ്ക്കുള്ള വഴിയൂടെ പോവതുമവ-
യ്ക്കൊക്കെയും മുമ്പിലുള്ള വാരണവീരൻെറ മേൽ

തന്നുടെ കുമാരകൻ താനെഴുന്നെള്ളുന്നതും
പിന്നെയുള്ളവയിന്മേൽ മററുള്ളോരിരിപ്പതും.

മൂന്നാമതായിക്കണ്ടു രഥമൊന്നേററം പ്രഭ
ചേൎന്നു മിന്നിടുമതു കണ്ടാൽ കണ്ണുകൾ മങ്ങും,

വെളുത്ത ധൂമങ്ങളുച്ഛ്വസിച്ചു മഗ്നിജ്വാല-
യിളകും മട്ടി നുരതള്ളിയും നാസാപുടങ്ങൾ

വലിച്ചു പോകുന്നൊരപ്പള്ളിത്തേരുള്ളിൽ സ്വൈരം
ജ്വലിക്കും കാന്തിയാൎന്നു സിദ്ധാൎത്ഥൻ സ്ഥിതിചെയ്യു.

കണ്ടിതു നാലാമതു മന്നവൻ ചിത്രമൊരു
വണ്ടിതൻ ചക്രമുരുണ്ടുരുണ്ടു പോകുന്നതും.

കത്തുന്ന കാഞ്ചനംകൊണ്ടുള്ളതാണതിൻ കുംഭ-
മുത്തമരതങ്ങൾ പൂണ്ടുള്ളതാം ദളങ്ങളും.

ചട്ടമായ് പല വിചിത്രാർത്ഥവാക്യങ്ങളതിൻ
പട്ടയിൽ ചുററുമെഴുതീട്ടുണ്ടു വിശദമായ്
ആയതുതിരിയവേ കൊള്ളി ചുററുംപോൽ തോന്നു
മായമതിൻ ധ്വനി സംഗീതം പോലെ കേൾക്കും.

അഞ്ചാമതൊരു പെരുമ്പറ പട്ടണത്തിന്ന
മഞ്ചിതങ്ങളാമട്ടത്തുള്ളോരു കുന്നുകൾക്കും.
മദ്ധ്യത്തിൽ സ്ഥാപിച്ചിരിക്കുന്നതും കണ്ടു നൃപൻ
സിദ്ധാർത്ഥനിതമ്പുകോൽ കൊണ്ടതു കൊട്ടുന്നതും
ഇടിവെട്ടീടുംവണ്ണമതിന്റെ മന്ദ്രനാദ
മുടനാംബരംതിങ്ങുന്നതു കേൾക്കയും ചെയ്തു.

ആറാമതൊരു മഹാഗോപുരം നഗരത്തി
ലേറ്റം പ്രൌഢിയിൽ പൊങ്ങി മേഘത്തിൽ മുട്ടീടുന്ന
ശൃംഗാഗ്രം പൂണ്ടു മിന്നീടുന്നതും കുമാരകൻ
മംഗലരൂപനതിലേറിനില്പതും കണ്ടാൻ.
എന്നല്ല കണ്ടിതങ്ങു നിന്നുടൻ തൃക്കൈകളാൽ
മിന്നീടും പലവിധ രത്നങ്ങൾ വാരിയവൻ
വർഷിക്കുന്നതുമവ താഴത്തു വീഴുന്നേരം
ഹർഷം പൂണ്ടോടിത്തിക്കി ജനങ്ങളെത്തിത്തമ്മിൽ
മത്സരിച്ചു ധനങ്ങൾ പെറുക്കിക്കൊണ്ടു പാര
മുത്സാഹത്തോടെ നാലുദിക്കിലും പോകുന്നതും.

ഏഴാമതായിക്കിനാവതിങ്കൽ പിന്നെയൊരു
കേഴുന്ന ശബ്ദം കേട്ടിതെന്നല്ല കണ്ടു നൃപൻ
കരഞ്ഞും പൽകടിച്ചും വായിൽ കൈവിരൽ ചേർത്തു
മെരിഞ്ഞ ഹൃദയം പൂണ്ടാറു പേർ പോകുന്നതും

ഇക്കിനാവുകളഖിലം കണ്ടകതാരിൽപ്പേടി
കലർന്നാണ്ടു പണ്ഡിതന്മാരോടറിവിച്ചു നൃപൻ

ആർക്കുമപ്പൊരുളറിയാവതല്ലെന്നുകണ്ടു
ചീർക്കും കോപവുമുള്ളിൽത്താപവുംപൂണ്ടുചൊന്നാൻ

വല്ലാത്തവിപത്തുകൾ വല്ലതുംവരുന്നതാ
മല്ലെങ്കിലിദ്ദുസ്സ്വപ്നംകാണ്മ ഹേതുക്കളാംബന്ധം.

ദേവസങ്കല്പമെന്തെന്നാരാഞ്ഞീലൊരുവനില്ല
കേവലമൊന്നുമിങ്ങൾ പണ്ഡിതമ്മന്യന്മാരേ

ഇങ്ങനെസ്വപ്നാർത്ഥങ്ങളറിവാൻപഴുതില്ലാ
തങ്ങളുള്ളജനമെല്ലാം ചിന്തതേടീടുമ്പോൾ.

മംഗലമായമാമന്ത്രാലൂട്ടുള്ള മുനിപോലെ
യെങ്ങാനിന്നൊരു വൃദ്ധനാമവധൂതനെത്താൻ

കോട്ടമെന്നിയേനൃപമന്ദിരംനോക്കിയങ്ങു
കോട്ടവാതിലുംകടന്നുള്ളിൽവന്നെത്തിനാൻ.

മന്നവൻകണ്ടകിനാവിൻ പൊരുൾപറയണം
സന്നിധാനത്തിലിനിക്കെത്തണമെന്നുചൊല്ലി

അന്നവാദവുംവാങ്ങിയകത്തു പൂകീടിനാൻ
മന്നൻ ശ്രീപാൻതന്നെ കണ്ടാനമ്മഹാഭാഗൻ·

അദ്രാത്രിയിൽനൃപൻദർശിച്ചകിനാവിന്റെ
വൃത്താന്തംകേട്ടിതിബഹുമാനങ്ങളെല്ലാറ്റും
വന്ദിച്ചുസ്വസ്ഥം വന്ദ്യനാമവനർ ചൊല്ലാൻ
മന്ദിരമിതുമഹാഭാഗ്യപൂരിതം വിഭോ!

ഉദയാദ്രിയിൽനിന്നുപൊങ്ങുന്ന ഭാനുമാന്റെ
കതിരിൻദീപ്തിയിലും കേമമാംപ്രഭയിപ്പോൾ

ഇതിൽനിന്നളിച്ചുടൻ പരലോകത്തിന്റെ
ഗൂഢയാന്ധകാരങ്ങൾ നീക്കിമറിഞ്ഞാലും

അനർത്ഥങ്ങളായുള്ളകളും സ്വപ്നദുഃഖ
മനാലമുതൽ ലോകാനന്ദദുഃഖങ്ങളുമില്ലാ.

ഒന്നാമതായിവ്വൈവരൻ കണ്ടു ജപമാലയാ
രിന്ദ്രാങ്കമാന്റെ കൊടിക്കൂറയല്ലപ്പിപാർഷ്

മന്നിടത്തിങ്കലെറുവീണടിഞ്ഞുമൊക്കം
മന്നവ പിന്നെ മഹിഷ്ഠമൊയെന്നുള്ളും

യജ്ഞനിഷ്ഠമായിട്ടും പ്രാചീനമാകുമിതി
വിജ്ഞാനമെ വീണ്ടപോമെന്നാണകിനാർത്ഥം

പുതിയധർമ്മം പ്രസരിച്ചിട്ടമെങ്ങും മേഖ-
ലതിനാലിന്ദ്രാദി ദേവന്മാർ മങ്ങിപ്പോകും.

മന്ദജക്കെന്നപോലുണ്ടാകുമെല്ലാവകൾക്കും
ദിനങ്ങൾപോകുംപടി കല്പങ്ങൾ താനുംപോമേ.

പിന്നെയപ്പുത്തു ഭക്തിവീരന്മാർ മഹീപനെ
മന്നിടംകലുങ്ങിട്ടും ധാടിയിൽ നടന്നില്ല,

ആയതുപത്തുമങ്ങെ നന്ദനനുള്ളവാക-
മായതവിജ്ഞാന ശക്തികളാണറിഞ്ഞാലും

അവയാലവൻ രാജ്യംവെടിഞ്ഞുപോകുംപിന്നെ
ബ്ളുവനമിളക്കിട്ടും സ്ഥാപിക്കും സത്യമതം

അഗ്നിയെ വമിക്കും നാഗശപങ്ങൾ കണ്ടുള്ളവ
വിഘ്നമനെഴും നാലുസത്യങ്ങൾ മഹീപതെ

അവയാൽ സന്ദേഹാന്ധകാരങ്ങൾ നീങ്ങി സപ്ര
മഖികളുള്ളോന നിർവ്വാണപുരവന്നണാം;

കനകകംഭം പൂണ്ടതിരിയും ചക്രം കേൾക്ക
യനഘധർമ്മ ചക്രം തപസ്സുതൻ സ്ഥാപിപ്പതാം.

അവനായതു ലോകസമക്ഷമിന്നിയെങ്ങും
പ്രവർത്തിപ്പിക്കുമെന്നുമോർക്ക മഹാമതേ

പിന്നെ നിൻപുത്രൻ പെരുമ്പറകൊട്ടീടുന്നതു
തന്നുടെ ധർമ്മമുപദേശിപ്പതറിക നീ.

ഉന്നതമായ മഹാഗോപുരം തസ്യതന്റെ
യുന്നിദ്രഗുണോൽകൃഷ്ടമാകമാഗമമല്ലൊ.

അരിയ രത്നങ്ങളങ്ങതിൽ നിന്നവൻ കോരി
ച്ചൊരിവതതിലുള്ള തത്വരത്നങ്ങളല്ലൊ.

ആറുപേർ മുറവിളിച്ചിട്ടിപ്പോയില്ലേ? യവ
രാറുദർശന പ്രവർത്തകന്മാർ നരപതേ

സ്പഷ്ടമാം തത്വോപദേശം കൊണ്ടുമസന്ദേഹ-
ക്ലിഷ്ടമാം വാദംകൊണ്ടുമവരെ നിൻകുമാരൻ

ബുദ്ധനായ് പരാജിതരാക്കീടും തങ്ങളുടെ
സിദ്ധാന്തങ്ങളിലുള്ള വൈഫല്യവും കാണുമവർ.

ഇങ്ങനെ ഭവാൻ രാവിൽ ദർശിച്ചോരാസ്വപ്നങ്ങൾ
സംഗതാർത്ഥങ്ങളെല്ലാം ധരിക്ക മഹാപ്രഭോ!

മംഗളേതര ചിന്തവെടിഞ്ഞു മനതാരിൽ
ഇംഗമാമാനന്ദമാണ്ടങ്ങേകണ്ടുമിപ്പോൾ

ഇമ്മഹാ ഭാഗ്യങ്ങളെൻ ഭഗവാനങ്ങേക്കെല്ലാം
സമ്മതേ മറ്റോരാൾക്ക സിദ്ധിക്കാ ധരിക്കനീ

മുണ്ഡിതം ഭിക്ഷുവിന്റെ മൂർദ്ധാവു വിഭോ മണി-
മണ്ഡിതമഹാരാജമൌലിയെക്കാളും മാന്യം.

നിർണ്ണയം യതിയുടെ കാഷായം ശുഷ്കപത്രന്റെ
സപർണ്ണകഞ്ചുകങ്ങളെപ്പോൽ വിലസപ്പോരുന്നതാം

എന്നതാൽചെയ്തുമഹാനേറിയ ഭക്തിയോടും
മന്നിൽവീണുടൻ ചെയ്തുമുന്നമേ നമസ്കാരം

പിന്നവനെഴുന്നേറ്റു മാറിപ്പോവതു കണ്ടു
മന്നവൻ സമ്മാനമേകീടുവാൻ കല്പിച്ചിതു.

കണ്ടീലമഹാത്മാവെയെങ്ങുമേയെപ്പോളെന്നാ
ല്ലിങ്ങുവന്നാരാഞ്ഞവരിന്നുക്ഷേത്രത്തിനുള്ളിൽ

അദ്ദേഹം ചെന്നു കയറുന്നതും മൂലസ്ഥാന-
മദ്ധ്യത്തിലൊരു ശ്രീമണികന്നുപക്ഷം തണ്ടും

കടന്നു തുവലുകളിലുമന്നതും കണ്ടോ
രെട്ടുകാം ദേവകളിലന്നയോരോരൂപം.

വൃത്താന്തം വിഷണ്ണനാം മന്നവൻ കേട്ടു തന്റെ
ചിത്തമാശ്വ പരാധീനമായെന്നാകിലും

സതതം സിദ്ധാർത്ഥന്നു മുമ്പിലുള്ളോർസുഖം
മെത്തീടും വിഷയഭോഗങ്ങൾ നൽകുവാൻ തന്നെ

കല്പിച്ചാൻ നാലുകെട്ടിൽ നർത്തകീ ജനങ്ങളെ
ചൊല്പടികൂടാതുമവനെന്നോർക്കയാലെ

എന്നല്ല നരപതി പിന്നെയക്കോട്ടവാതിൽ
നന്നായിക്കാത്തുകൊൾവാനിട്ടിയാളാക്കിപോൽ

എന്നാലും ഫലമെന്തു? ഭവിതവ്യതതന്നെ
യിന്നാരുതടുക്കുന്നു? വന്നീടും വരേണ്ടവ.

ഉന്നമങ്ങനെതന്നെ ഭവിച്ചു! സിദ്ധാർത്ഥന്നു
മുന്നസരാരിൽ മറ്റു ജനത്തിൻ സുഖസ്ഥിതി

യുള്ളപോലറിവാനും ജീവിതപ്പുഴയുപ്പു
വെള്ളമോ മധുവൊഴുക്കോയെന്നു തിരിപ്പാനും

പിന്നെയുമോഹമേറിവരികമൂലം വീണ്ടും
തന്നുടെ പിതാവോടു പോവാനർത്ഥിച്ചിതു.

ഇപ്പുരവാസികളെ യുള്ളപോലൊന്നു കാണ്മാൻ
മൽപ്രിയതാത മനക്കാമ്പിലുണ്ടിനിക്കാശ

അന്നു നിന്തിരുവടിയുള്ളൈശ്വര്യങ്ങളി-
ലൊന്നുമെൻദൃഷ്ടിപഥമെത്തായ്‌വാൻ സൂക്ഷിച്ചതും

എന്നു തോന്നീടും നീ ദുഃഖങ്ങളെന്നെ നോക്കി
നിന്നംഗിയുമാഡംബരവും നിറയുമ്പോൾ

എന്നാലുമറിയാതെയിരുന്നീവണ്ണമോടിക-
ളെന്നുമുള്ളവസ്ഥകളുള്ളെന്നു ഭൂപതേ! ഞാൻ.

സന്ദേഹമേതും വേണ്ട നിന്തിരുവടിയുടെ
നന്ദനൻ രാജ്യാർഹനായുള്ളതുമിവനല്ലോ

മന്നവന്മാരല്ലാത്ത ശ്രേണിയന്മാരുടെ
ഭിന്നമാം സ്ഥിതികളുമാചാരഭേദങ്ങളും.

വീടുകൾ വെവ്വേറായ വൃത്തികളിത്യാദിയും
നാട്ടുവാഴ്‌വോനുള്ളപോലറിയേണ്ടതല്ലോ.

ആകയാലനുജ്ഞനൽകുക ഞാൻ പുരം കണ്ടു-
വൈകാതെ വന്നീടുവനാരുമെയറിയാതെ.

കില്ലില്ലജനതതൻ സുഖജീവിതം കണ്ടു.
നല്ലസംതൃപ്തിയുണ്ടാമെനിക്കു മനക്കാമ്പിൽ

അല്ലെങ്കിൽ ദുഃഖങ്ങൾ കണ്ടേറെ ഞാൻ ഖേദിക്കിലു-
മെല്ലാമെൻ വിജ്ഞാനത്തെ വർദ്ധിപ്പിച്ചീടുമല്ലോ.

അന്നയായികളോടും നാളെ മദ്ധ്യാഹ്നത്തിങ്ക-
ലനഘാത്മാവെ! പോയി നഗരം കാണണമേ ഞാൻ.

മന്നവനതുകേട്ടു മന്ത്രിമാരോടു ചൊന്നാ-
നന്നതാശയന്മാരെയെന്തു ചെയ്വൂ നിങ്ങൾ

പിന്നെയും കൊതിക്കുന്നു നന്ദനൻ പുരം കാണ്മാൻ
മുന്നമുണ്ടായൊരനർത്ഥങ്ങളോർത്തെനിക്കുള്ളിൽ

സമ്മതിക്കുവാൻ മന്ദം തോന്നുന്നിതൊരുവേള-
നന്മതാൻ കുമാരകനിക്കുറിവന്നെന്നുമാം.

കാട്ടുപുള്ളിനെപ്പാട്ടുന്നനവേ പിടിച്ചോരു.
കൂട്ടിലാക്കിയാലതു കിടന്നു പിടയ്ക്കുന്നു.

കോട്ടമെന്നിയേ പുറത്തിറക്കിപ്പറക്കിയാൽ
കാട്ടിമാറില്ലപ്പരിഭ്രമങ്ങളൊന്നും പിന്നെ.

അതുകൊണ്ടനുമതി നൽകുകയല്ലീനല്ല-
സ്സുതനെയയപ്പവൻ നിങ്ങളും വല്ലിക്കുകിൽ

കാണരുതേ കുമാരകൻ കാണേണ്ടതെല്ലാമെന്നാൽ
വേണം കൂടവേ ചില ഭൃത്യരും യാത്രയതിൽ.

അതിസാമർത്ഥ്യമുള്ളോരായിരിക്കണമവർ!
മതിയിൽ കുമാരനു വല്ലമാററവും കണ്ടാൽ

അതു തൽക്ഷണം സൂക്ഷിച്ചറിഞ്ഞു വന്നു നമ്മോ-
ടതുപോലുരയ്ക്കണമൊക്കെയുമപ്പോളപ്പോൾ.

എന്നോതി മന്ത്രിമാരും സമ്മതിക്കയാൽ നൃപൻ
നന്ദനനർത്ഥിച്ചപോലനുജ്ഞ നൽകീടിനാൻ.

പിറേറന്നാൾ മദ്ധ്യാഹ്നത്തിൽ ഛന്ദനോടൊത്തു പുരി
ചുററിക്കാണുവാൻ പുറപ്പെട്ടിതു ഭഗവാനും

ചെട്ടിവേഷം പൂണ്ടിതപ്പൂജ്യനാം തിരുവടി
കെട്ടിനാൻ ലേഖകന്റെ വേഷവുമുടൻ ഛന്ദൻ

വട്ടമീവണ്ണമായിത്തങ്ങളെയാരും കണ്ടു-
മുട്ടിയാൽപോലുമറിഞ്ഞീടാതെ നടന്നവർ

കല്പനലഭിക്കയാൽ കാവൽ നിന്നീടും ഭട-
രപ്പോഴേ തുറന്നുള്ള കോട്ടവാതിലിലൂടെ,

വാഹനാദികളൊന്നും കൂടാതെ പരിഷ്കാര-
സാഹസമേലാതെതാനാവഴിയേ പോയീടിനാർ.

കൂടിനാരവർ പല ജനങ്ങളോടും വഴി-
ക്കാടലും സുഖങ്ങളുമോരോന്നു കണ്ടുകണ്ടു

പരക്കെ നാനാവർണ്ണവസ്ത്രങ്ങൾ പൂണ്ടുതിക്കി-
ത്തിരക്കി ജനമാർന്ന തെരുവിലെത്തീടിനാർ.

നിരവേ ചമ്പ്രംപടിഞ്ഞങ്ങു കച്ചോടക്കാ-
രിരുന്നു ധാന്യവ്യഞ്ജനാദികൾ വില്ക്കുന്നതും

കൊള്ളുവാൻ വരുന്നവർ വിലപേശീടുന്നതും
കള്ളവുമസഭ്യവുമന്യോന്യമുരപ്പതും

മടിശ്ശീലകളഴിക്കുന്നതും പണമെണ്ണി-
ക്കൊടുത്തു ചരക്കുകളേറെ വാങ്ങീടുന്നതും

മാറിപ്പോകെന്നുവിളിച്ചുകൂട്ടിക്കൊണ്ടുടൻ ഭാരം
പേറിക്കല്ലുരുളാന്ന വണ്ടികളെത്തുന്നതും

വല്ലവണ്ണവും ഞെക്കിഞെരുക്കിയാളുകളെ
മെല്ലെ മെല്ലെക്കാളകൾ വലിച്ചുപോകുന്നതും

പല്ലക്കിൽ പ്രഭുക്കളെയെടുത്തു വാഹകന്മാർ
നല്ലപാട്ടുകൾ പാടി വന്നണഞ്ഞീടുന്നതും

വല്ലാത്ത വെയിലേററു വിയർത്തൊരമേന്തി-
ക്കല്യരാം ചുമട്ടുകാർ കഷ്ടിച്ചു തിരിവതും

അടുത്തകിണററിൽ നിന്നൊരു കുടത്തിൽ ജല-
മെടുത്തു തലയിൽവച്ചൊരുകൈകൊണ്ടുതാങ്ങി

ഝടിതി മറെറാക്കയ്യാൽ കുട്ടിയെപ്പാർശ്വത്തേററി
പിടിച്ചും നടന്നേറെയമ്മമാർ പോകുന്നതും

പലഹാരങ്ങൾ വില്പാൻ വച്ചിട്ടങ്ങവറ്റുമേൽ
സ്ഥലമില്ലാതെ പറന്നീച്ചകൾ ചൂഴുന്നതും

ചാലിയർ തുണികൾ നെയ്യുന്നതും ചിലർ വില്ലിൽ
ചാവലരവയിട്ടു പഞ്ഞിയടിച്ചു തെളിപ്പതും

പട്ടികളെച്ചിൽ കിട്ടാൻ കടികൂട്ടീടുന്നതും
ചുട്ടുകാരിരുമ്പുകൾ കൊല്ലന്മാരടിപ്പതും

ചുട്ടിയൽ കൊറിടിവ കൈക്കൊണ്ടങ്ങിരുമ്പുരുൽ
ചട്ടകൾ പോരാളികൾക്കായ് ചിലർ ചമയ്പതും

കുട്ടികളെഴുത്തുപള്ളികളിൽ ഗുരുമുമ്പിൽ
വട്ടമിട്ടിരുന്നുടനുറക്കെ വായിപ്പതും

ചിററവസ്ത്രം പലനിറത്തിൽ ചായം മുക്കി
കെട്ടീടുന്നതും ചിലർ വെയിലത്തങ്ങുണക്കായി

ചട്ടയിട്ടൊളിപ്പൂണ്ടു വാൾ പരിശകളേന്തി-
പ്പട്ടാളം ഗ്രാമംവഴി പകർന്നു പോകുന്നതും

ഒട്ടകനിരനടക്കുന്നതും തന്നായക-
രൊട്ടാടിയിരിപ്പതും മുതുകിൻ മുഴകൾമേൽ

ബുദ്ധിവിചാരമേറീടും ബ്രാഹ്മണരും
യുദ്ധത്തിൽ നിപുണരാം ക്ഷത്രിയവീരന്മാരും

എത്രയുംതാണ വിട്ടപണികൾ കൊണ്ടുതന്നെ
വൃത്തികൾകഴിക്കുന്ന ശൂദ്രരും ജീവിപ്പതും

ഓരോന്നുമിതുപോലെ പാൎത്തുപോകുമ്പോളൊട്ടു-
ദൂരത്തിലവർകണ്ടാരങ്ങൊരു ജനക്കൂട്ടം

അതിന്റെ മദ്ധ്യത്തൊരു പാമ്പാട്ടിയിരിക്കുന്നി-
തതികൗതുകം കൈക്കൊണ്ടെല്ലാരും നോക്കീടുന്നു.

പല മോടിവാക്കുകൾ പുലമ്പിടുന്നിതവൻ
വിലസും മണിവളപോലെ നാഗത്തെക്കയ്യിൽ

ചിലനേരത്തു ചുററിക്കെട്ടിവാനയയ്ക്കുന്നു
ചിലപ്പോൾ പടം വിരുത്താടുവാൻ വിട്ടീടുന്നു

ഹാ! ശിവ ശിവ കോപിപ്പിച്ചു പിന്നവൻ കാല-
പാശം പോൽ ഭയങ്കരമൂൎത്തിയാമപ്പാമ്പിനെ

ആളു ചീറിപ്പിച്ചു കൊത്തിക്കുന്നിതു പലവട്ടം
പാശിമാലകൾ കെട്ടിയുള്ള തൻ ചുമലയാട്ടിൽ.'

അതിനപ്പുറം ജനാവലിയൊന്നവർ തകിൽ
മൃദംഗം കുഴൽ കൊമ്പുതൊട്ട് വാദ്യങ്ങളോടും

അതിമോടിയിൽ പല ചിത്രമാം വിരിപ്പാൎന്ന
കുതിരക്കൂട്ടത്തോടും പട്ടുമേൽക്കട്ടിയോടും

ഉദിത കോലാഹലം വീട്ടിലേക്കുടൻ വേളി
വധുവെക്കൊണ്ടുവരാൻ പോകുന്ന യാത്രകണ്ടാർ.

വേറൊരു ദിക്കിലൊരു സതിയാൾ പുഷ്പങ്ങളും
ക്ഷീരോട്ട നിവേദ്യത്തിനപ്പവും കയ്യിലേന്തി

കോവിലിൽ പോകുന്നതും കണ്ടിതേ- അൎത്ഥിച്ചീടാം
ദേവനോടവൾ കച്ചോടത്തിന വിശേഷത്തിൽ

പോയവല്ലഭൻ ശീഘ്രം മടങ്ങി വരുവാനോ
ഓയാദനായി മേലൊരാൺകുട്ടി ജനിപ്പാനോ.

ചന്തമുറ്റീടും ചെറുകുടിലിൻ നിരകൾ ത-
ന്നന്തികത്തിങ്കൽപ്പിന്നെയപ്പുറത്തൊരുകടിക്കിൽ

പന്തിയിലിരുന്നുടൻ കന്നാന്മാർ പലവിധം
ചന്തമേറും പാത്രങ്ങൾ വിളക്കു കിണ്ടികളും

ഒച്ചയിടുമാറടിച്ചോട്ടുകൾകൊണ്ടും നല്ല
പിച്ചളകൊണ്ടുമുണ്ടാക്കുന്നതും കണ്ടിടിനാർ.

അവിടെനിന്നു ദേവാലയഗോപുരത്തിന്റെ
സവിധത്തൂടെ നടന്നപ്പുറം പോയിതവർ

നഗരസീമയിലേക്കെത്തിയും നടിതന്നും
ഭഗവാൻ ഛന്ദകനോടൊത്തങ്ങു പാലവും കണ്ടാൻ.

ഇക്കണ്ടതെല്ലാം കടന്നാവഴി പോകുമ്പോഴ-
ങ്ങൾക്കൊന്നു കലക്കമൊരാർത്തനാദം കേൾക്കായി

അന്നേരമാവിന്നരികത്തു നിന്ന“യ്യോ യെന്നെ-
യൊന്നു താങ്ങണേ! താങ്ങിക്കൊള്ളണേ! മാലോകരേ

വീഴുമെയല്ലെങ്കിൽ ഞാനയ്യോ വീടെത്തും മുമ്പേ
പാഴിലിങ്ങൊരാൻ വീണെൻപ്രാണങ്ങൾപോയീടുമേ ”

ഇത്തരമപ്പുലമ്പൽ കേൾക്കുന്ന ദിക്കിൽ തന്നെ
സിദ്ധാർത്ഥനുടെ കനിവാർന്ന കണ്ണുടനെത്തി

അവിടെയൊരു മഹാമാരിയാക്രമിച്ചോരാൾ
വിവശനായിപ്പാരം വിറച്ചു വീണടിഞ്ഞു

പൊടിയിലുരുളുന്നു പഴന്തുകരുവാളി
ച്ചുടലിൽ നിറഞ്ഞുള്ള കുരുക്കളോടും കഷ്ടം!

ഇടതൂന്നോരത്തണ്ണത്തവന്റെ നെറുകയിൽ
പൊടിയുന്നിതു പാരം വിയർപ്പുനീർത്തുള്ളികൾ

വല്ലാതെ കോട്ടിവലിച്ചേറ്റവും വിരൂപമായ്
പല്ലിളിച്ചിരിക്കുന്നു വദനം വേദനയാൽ

പുണ്ണുകൊണ്ടുള്ളിലേറ്റം വ്യഥയാം വൻ പുഴയിൽ
കണ്ണുകൾ കരകാണാതുഴന്നു നീന്തിടുന്നു

അപ്പലാൽ വാ പൊളിച്ചു നെടുവീർപ്പിട്ടുമുള്ള
പുല്ലുകൾ തപ്പിപ്പിടിക്കുന്നിതൊന്നെഴുന്നേല്പാൻ

തെല്ലവൻ പൊങ്ങി വീണ്ടും താഴത്തു വീഴുന്നു കെ-
ല്പില്ലാതെ കിടുകിടെയംഗങ്ങൾ വിറയ്ക്കയാൽ

"അയ്യയ്യോ തുണയ്ക്കുവിനൻപെഴും ജനങ്ങളേ
വയ്യേ! നോവിതു പൊറുപ്പാനെ"ന്നു പുലമ്പുന്നു.

ആയഴകരൽ ചെവിക്കൊണ്ടു മിന്നൽപോൻ പാഞ്ഞു
പോയതും മഹാരാഗനവനെക്കരുണയാം

പീയൂഷസാരമാലും കരമലരാൽ താങ്ങിയത്തു
മായാസുതകലുമാറങ്കത്തിലണച്ചതും

നൊടിയിൽ കഴിഞ്ഞു പിന്നാലവനാശ്വസിക്കവേ
കടവാർ മിഴികളാൽ കനിഞ്ഞു നോക്കി ദേവൻ

സോദരാ പറക നിൻ പീഡയെന്തിവണ്ണം നീ
ഖേദിപ്പതെന്തു കഴിയാത്തതെന്തെഴുന്നേല്പാൻ

കാതരനായിങ്ങനെ ചോദിച്ചു പിന്നെ കൃപാ-
മേദുരാപാംഗൻ ഛന്ദൻ തന്നോടു തിരിഞ്ഞോതി

എന്തു സാഹസമിവനിങ്ങനെ തേങ്ങീടുന്ന-
തെന്തു കേഴുന്നതാസ്യം പൊളിച്ചു മൊഴിവിങ്ങി

സന്താപം തോന്നീടുമാറെന്തിവനേശുന്നതും-
മെന്തെടോ സഖേ! നെടുവീർപ്പുകളിടുന്നതും?

ഛന്ദനമുൾക്കട്ടി ചൊല്ലിനാൻ മഹാരാജ
നന്ദനാഘോരമഹാവ്യാധി പീഡിതനിവൻ

ദേഹധാതുക്കൾ വികൃതങ്ങളായ്ത്തീർന്നു രക്ത-
വാഹിനികളാം നാഡികൾക്കുള്ളിലിവനിപ്പോൾ

തിളച്ചു ചാടിച്ചോരയൊഴുക്കു വികടമായ്
കളിപ്പൂ പുഴകര കവിഞ്ഞു പായുംപോലെ

അത്രമല്ലിവനുടെ ഹൃദയം താനും താള-
സ്ഥിതികൾ തെറ്റിയടിക്കുന്ന മദ്ദളംപോലെ

സ്ഫുടമാം ക്രമം തെറ്റി സ്പന്ദിപ്പൂ സമയമിപ്പോൾ
ധടിതി ശീഘ്രമായുമുടനെ മന്ദമായും.

അഴിഞ്ഞ വില്ലിൻ ഞാണുപോലെയായ് ഞരമ്പെല്ലാം
കുഴഞ്ഞിയയഞ്ഞുംപോയിവന്റെ ശരീരത്തിൽ

മുഴങ്കാൽ തുട കഴുത്തെന്നിവയൊന്നും തീരെ
വഴങ്ങാതായും തീർന്നു ശക്തികൾ പൊയ്പോകയാൽ

പറയുന്നെന്തിനേറെയിശ്ശരീരത്തിൽ നിന്നു
പറന്നകലുന്നു താൻ ഭംഗിയും ചൈതന്യവും.

രോഗിയാമിവന്നുയിർ പോററിക്കൊള്ളുവാൻ മഹാ-
ഭാഗ! നിങ്ങൾ പാർക്കുക പെട്ടന്ന പാടിതെല്ലാം:—

തുടുത്തു കലങ്ങിയ കണ്ണുകൾ ചുഴററുന്നു
പിടച്ചു കറകറ ദന്തങ്ങൾ കടിക്കുന്നു

കടുത്ത പുക കുടിക്കുന്നപോൽ വീർപ്പുമുട്ടി
യിടറിക്കഷണിച്ചു നിശ്വസിക്കുന്നു ശ്വാസം

മരിക്കുമിപ്പോളിവനതിന്നു മുമ്പു തന്നെ
വിരഞ്ഞു ചലിക്കുമിന്നാഡികൾ നിന്നുപോകും

ഞെരിഞ്ഞു ഞരമ്പുകൾ നുറുങ്ങും കടന്നതാ-
ലറിയാതാകുമെല്ലിൻ കഴപ്പും വേദനയും

ഇമ്മട്ടു ബോധംകെട്ടു ചാകുമിദ്ദേഹം വെടി
ഞ്ഞിമ്മഹാ മാരിപൂകും മാറാത്ത ശരീരത്തിൽ

ആകയാലങ്ങു നൃപനന്ദനാ തൊട്ടീടരു
തീകട്ടും വ്യാധിയാർന്ന മർത്ത്യനെ മഹാത്മാവേ!

വിടുക വിടുകയീരോഗിയെ മെയ്യിൽചേർന്നു
പിടിച്ചീടൊല്ലായിതു പകരും വ്യാധിയല്ലോ.

പിടിപെട്ടീടാമിതു നിന്തിരുമേനിക്കുമേ
യുടയിന്നേണ്ടാ ഭേദം; രോഗങ്ങളാർക്കുമുണ്ടാം.

അതുകേട്ടുടൻ കൊച്ചുതമ്പുരാനാരോഗിയെ
സ്സദയം വീണ്ടും തഴുകിക്കൊണ്ടു ചോദിച്ചിതു

ഇതുപോലുള്ള രോഗാതുരന്മാരുണ്ടോ വേറെ
യധികം പേർക്കീവ്യാധിവരുമാറുണ്ടോ സൂതാ

എനിക്കും രോഗബാധ വരുമോ വന്നീടിലെൻ-
തനുവിലീ വൈകല്യമൊക്കെയുമുണ്ടാകുമോ?

പറഞ്ഞാനുടൻ ഛന്ദൻ വ്യാധികൾ ജീവികൾക്കു
വരുന്നു പലമട്ടായെല്ലാർക്കും മഹാമതെ

ഇല്ലാതമുടലെടുത്തവരിലെന്നെങ്കിലും
വല്ലരോഗവും വരാതുള്ളവരറിഞ്ഞാലും

ചിലർക്കുണ്ടാകും ചിത്താധിഷ്ഠമാം വ്യാധി മറ്റു
ചിലർക്കു ശരീരത്തിൽ മുറിവേറ്റുണ്ടാം രോഗം

ഛർദ്ദിതൊട്ടുള്ളൊരസ്വാസ്ഥ്യങ്ങൾ ചർമ്മരോഗങ്ങ-
ളർദ്ദിതാദികളായ വാതങ്ങൾ പലതരം

ക്ഷയരോഗവും ജ്വരഭേദങ്ങൾ പിടകകൾ
കുഷ്ഠങ്ങൾ മസൂരിക ഘോരമാം വിഷൂചിക

ഇത്തരം പല മഹാരോഗങ്ങളുണ്ടാക്കുക
മർത്ത്യദേഹങ്ങൾ വിളഭൂമിയാണിവയ്ക്കെല്ലാം

കാരണമുണ്ടാകുമ്പോളുണ്ടാകുമവയ്ക്കു പി-
ന്നാരുടെ ദേഹമെന്നില്ലതു ഭിക്ഷുവെന്നില്ല.

മൂന്നിലേവരുമെന്ന്യേയുടലിൽ പൊടുന്നനേ
വന്നു രോഗങ്ങളാക്രമിക്കയോ ഞായം സുതാ

എന്നു കാരുണ്യമൂർത്തി ഭഗവാൻ കാതരനായ്
പിന്നെയും ചോദിച്ചിതു ചൊല്ലിനാൻ സ്കന്ദൻ വീണ്ടും

ചിലപ്പോൾ ജനങ്ങളെ ബാധിച്ചീടുന്നു വിഭോ
വിലം വിട്ടുത്തുള്ള വഴിവക്കത്തുവന്നു

താന്തമായ് ചുറ്റിക്കിടന്നോരാരാതെ ചവിട്ടുന്ന
പാന്ഥരെക്കടിക്കും വൻ പാമ്പുപോലീ രോഗങ്ങൾ

ചിലപ്പോളിവ കാട്ടുവഴിയിൽ വള്ളിക്കെട്ടിൽ
ചലനമില്ലാതെ നിശ്ശബ്ദമായ് പതിവായി

പതുങ്ങിക്കിടന്നിട്ടു വഴിപോക്കന്റെ മുമ്പിൽ
കുതിച്ചുവീഴും ക്രൂരൻ പുലിപോൽ വന്നെത്തുന്നു

ചിലപ്പോളിടിവാളുകണക്കെച്ചീളെന്നെത്തി
ചിലരെക്കൊന്നീടുന്നു ചിലരെ വിട്ടീടുന്നു

യദൃച്ഛയായും സ്വയം ഹേതുമത്തായുമോരോ
ഗങ്ങളീവണ്ണമുണ്ടാകുന്നു മഹാപ്രഭോ!

അപ്പോൾ മാനവർക്കൊരു നിമിഷം പേടി വെടി-
ഞ്ഞിപ്പാരിലിരിക്കുക സാദ്ധ്യമല്ലല്ലോ സൂതാ
രാത്രിയിൽ സുഖമായിന്നുറങ്ങി വീണ്ടും നാളെ
മാർത്താണ്ഡോദയത്തിൽ തൊഴുന്നതാമെന്നൊരാൾക്കും

അഹഹ! പറവാൻ പാടില്ലല്ലോയെന്നാൻ ദേവൻ
വഹിയാ താനുതൊന്നുമെന്നുടൻ ചൊന്നാൻ സൂതൻ.

എന്നാലീയദൃച്ഛയായ് വന്നൊത്തും വിപത്തുക-
ളൊന്നൊഴിയാതെ സഹിച്ചുഴന്നീടിലതിൻ—

അന്ത്യമാം ഫലം രോഗപീഡയും വാർദ്ധക്യവു-
മന്തമില്ലാത്ത മഹാ ദൌർഭാഗ്യമിതും താനോ?

എന്നുപിന്നെയും ദേവൻ ചോദിച്ചാനത്ര ചിരം
മന്നിൽ ജീവിക്കിൽ ഫലമിവതാനെന്നാൻ ഛന്ദൻ.

അല്ലലും വേദനയുമേറിയാൽ പൊറുപ്പാൻ കെ-
ല്പില്ലാതോരുണ്ടാമവ സഹിപ്പാൻ മനമെന്യേ

വല്ലമറുപായവും ചിന്തിപ്പോരുണ്ടാം സവേ
അല്ലെങ്കിലെല്ലാം സഹിച്ചിമ്മനുഷ്യനെപ്പോലെ

വല്ലാത്തരോഗാവിഷ്ടനായ് വെറും ജരാനരാ
യെല്ലും തോലുമായുടൽ ശോഷിച്ചു വിരൂപനായ്

പിന്നെയും മൃതിയിക്കും മൂത്തവൃദ്ധന്മാരുണ്ടാം
ചൊന്നാലും ശരണമെന്തൊടുവിലിവർക്കെല്ലാം

വിധിവിധിപ്രകാരം ചോദിക്കും സ്വാമിയോടു
മരണം താനവർക്ക് ശരണമെന്നാൻ ഛന്ദൻ.

ഹന്ത ഹാ! മരണമോ ഗതിയെന്നുടൻ നാഥൻ
സന്താപവിവശനായന്നുടൻ ചൊന്നാൻ സൂതൻ

എണ്ണമറ്റതില്ലൂടെയാകിലുമെന്നാകിലും
ജന്തുക്കൾ മരണത്തിൽ ചെന്നടിഞ്ഞൊഴിയുന്നു

വൃദ്ധരായ് ചിരം ജീവിക്കുന്നതും ചിലരെത്ര
യിദ്ധരിത്രിയിൽ ദാരിദ്ര്യാദി നാനാദുഃഖത്താൽ

പീഡിതരായനേകാമയരോഗഗ്രസ്തരായ് പാര-
മാടൽതേടുന്നു ചിലരവരും പേർ മഹാമതേ!

അപരന്മാരിങ്ങനെ ജീവിച്ചു യഥാകാമ-
മവശ്യം മരിച്ചുപോമൊടുവിലെല്ലാവരും.

ധ്രുവമാണിച്ചൊന്നതു! സത്യമാണെങ്ങോ നിന്നു
ശവമൊന്നിതാ വരുന്നുണ്ടു തൃക്കൺപാർത്താലും

ഇത്ഥംകണ്ടോരാശിയെ വിട്ടടൻ മുഖാംബുജം
ഉത്തമൻ നമിപ്പിച്ചു ഭഗവാൻ നോക്കീടുമ്പോൾ

പുഴുവരിക്കുന്നൊരു ശവം നട-
ന്നുഴറിക്കൊണ്ടു ജനക്കൂട്ടമൊരെണ്ണത്തിടുന്നു

ചുട്ടറാകനൽ കത്തിജ്ജ്വലിക്കുന്നൊരു പുത്തൻ
ചട്ടി കൈക്കൊണ്ടൊരാൾ നടക്കുന്നിതു മുമ്പേ

ചട്ടങ്ങൾ കെട്ടി മുള ചീന്തിവച്ചു ചിതമായ്
കെട്ടിയുണ്ടാക്കീട്ടുള്ള ശവമഞ്ചം ചുമന്നു

പോവുന്നു ചിലരവർക്കുറ്റു നിന്നുകൊണ്ടു
ഗോവിന്ദ ഗോവിന്ദ ഗോവിന്ദേതി വിളിക്കുന്നു!

ദുഃഖചിഹ്നങ്ങൾ കണ്ണുകാണുമാറാമുണ്ടുടുത്തോരെ
മുഖ്യരാം ബന്ധുക്കളും വഴിയേ ചെന്നീടുന്നു.

മഞ്ചത്തിലയ്യോ ചത്തു മലച്ചാലാരും കണ്ടാ-
ലറയ്ക്കുന്ന വികൃതമാം മുഖഭാവങ്ങളോടും

കാഴ്ചപോയടങ്ങിയുള്ള കണ്ണുകളോടും പാരം
താഴ്ചയാൎന്നുഴന്നുള്ള താടിയെല്ലുകളോടും

മെലിഞ്ഞു നെഞ്ചുതാണു വയറു കുഴിഞ്ഞു തോൽ
വലിഞ്ഞു വാരിയെല്ലു നികഴ്ന്നു വിരൂപമായ്

ഗോഷ്ഠിയിൽ കുറികളും പൂക്കളും ചാൎത്തിയായ
വേഷ്ടിയാൻ മൂടി വെള്ളിക്കൊട്ടു കാലുകൾ നീട്ടി

പ്രേതമങ്ങനെ കിടക്കുന്നിതേ! ചുമക്കുവോർ
പാതകൾ നാലുമുട്ടും ദിക്കിൽ വന്നെത്തിവീണ്ടും

ഗോവിന്ദ ഗോവിന്ദയെന്നുറക്കെ ഘോഷിച്ചുടൻ
സാവധാനമായവതരിച്ചു തൽപ്രേതത്തെ

ചിറ്റാറ്റിൻപുളിനത്തിങ്കൽ കൊണ്ടുചെന്നു
പട്ടടക്കൂട്ടിയതിൽ കിടത്തീടിനാർ പിന്നെ

ഒട്ടേറെ വിറകുകളുമമർന്നിയ ശവം
ചുട്ടുകൊള്ളുവാൻ ചിതമേലാക്കിനാർ

ഹന്ത! പട്ടിടയായ മെത്തമേൽ കിടന്നീയാ
ളുള്ളസൌഖ്യമായുറങ്ങീടുന്നു നിരൂപിച്ചാൽ

അടൽതേടുവതില്ല ശീതവായുവിൽ മേനി
മൂടാതെ കിടക്കിലും ചെറുമെയിവനിപ്പോൾ

എള്ളുമില്ലിന്നിദ്ദുഃഖശങ്കയുമതേ! യിതാ–
കത്തിച്ചു ചിതയ്ക്കഗ്നി നാലുകോണിച്ചുമിവർ.

ചെന്തളിൎക്കലപ്പൂണ്ട ലതകൾപോലെ ചുറ്റി
ച്ചന്തത്തിലഗ്നിജ്വാല പടൎന്നുപിടിക്കുന്നു

ചുവന്ന നാവുപോലെ നീട്ടിജ്വാലയെ വഹ്നി
ശവത്തെ നക്കി രുചിച്ചേറ്റമുല്ലസിക്കുന്നു.

ധൃതിയിൽതോൽപൊളിച്ചുസന്ധികൾപൊട്ടിച്ചാസ്ഥി
ഖണ്ഡകൾ തിന്നു ചീറിജ്ജൃംഭിക്കുന്നു.

താന്തനായ് ഭൂതം തുള്ളിയമർന്നു കോമരംപോൽ
ശാന്തിതേടുന്നു തനിയെയഗ്നി മന്ദം മന്ദം

ജ്വാലകൾ താണു കനൽക്കട്ടകൾ നീറിത്തീർന്നു
ലോലമാം പുകയും നിന്നന്നുള്ളതെല്ലാം പോയി

കൊള്ളിയും കെട്ടു കുഞ്ഞാമ്പലുമങ്ങങ്ങോരോ
വെള്ളെല്ലുമ്പുമായൊക്കെശ്ശേഷിച്ചു ശിവ ശിവ!

ശിഷ്ടനായേറാം ശ്രീമാനാകിലും നരനിങ്ങു
ശിഷ്ടമായ് കാണ്മതിത്രമാത്രമാകുന്നുവല്ലോ!

ദേവനിതൊക്കെയും സൂക്ഷിച്ചുകണ്ടുവീണ്ടു
മേകതാരടങ്ങാതെയെന്നോടും ചോദിച്ചിതു

ക്ഷിതിയിലിപ്പോൾ ജീവിച്ചിരിപ്പോർക്കെല്ലാവർക്കു-
മിതുതാൻ പരിണാമമായ് വരുമെന്നോ ഛന്ദാ!

അതുകേട്ടിടൻ സൂതൻ പിന്നെയും ചൊന്നാനതേ!
യിതുതാൻ പരിണാമമേവർക്കും നൃപാത്മജ.

വെന്തൊരീപ്രേതത്തിൽ നിന്നൊന്നുമേ തിന്മാൻകിട്ടാ-
ത്തതികളെത്തിക്കാക്ക പാറുന്നുപോവു കാൺക.

എത്രയോ തടിച്ചു വാച്ചിരുന്നോരുടലാണി-
തെത്രയാസ്വദിച്ചിതു ഭോജ്യപാനീയങ്ങളെ

എത്രയുല്ലാസമാർന്നു ചിരിച്ചു രസിച്ചതി-
ങ്ങെത്രനാൾ രമണിയെ സ്നേഹിച്ചു ലാളിച്ചിതു

എത്രദീർഘമായിതു ജീവിച്ചു സുഖമായ്മേ-
ലെത്രനാൾ ജീവിക്കുവാനാഗ്രഹിച്ചിരുന്നിതു

നോക്കുക! യാർക്കുമറിയാവതല്ലായുസ്സിന്റെ
പോക്കുകൾ ജീവിതത്തെ വിശ്വസിക്കാവതല്ല

കാട്ടുകാറ്റേറ്റൊരു മരംപൊട്ടി മേൽ വീണിടിലാം
നോട്ടമില്ലാതെ കല്ലിൽ കാൽതട്ടി മറികിലാം

നഞ്ചുപെട്ടോരു കുളത്തിൽ ചെന്നു മുഴുകിലാം
മഞ്ചുമാറൊരു പാമ്പുതെല്ലൊന്നു ദംശിക്കിലാം

അത്തരമൊന്നുമല്ലെന്നാലരച്ചാണില്ലാത്ത
കത്തിതൻമുനയേല്പിച്ചുകിലാം കോപിച്ചോരാൾ

ഉള്ളിലാശ്വാസമേറ്റുമേകും തീനിൽപെട്ട
മുള്ളുതൻ കണ്ഠത്തിങ്കലെങ്ങാനും തള്ളീടിലാം

അല്ലെങ്കിൽ വിശ്വാസമായ് വീട്ടുപുരമേലോടിൻ
ചില്ലുയരമേൽ നിന്നു തലയിൽ വീണീടിലാം

അപ്പോഴേ കൂട്ടുവിട്ടു പറന്നു കളയുന്നു
ക്ഷിപ്രമിപ്രാണൻ ഏതിലും വല്ലതായാലും മതി.

പിന്നെയിദ്ദേഹം വെറും പ്രേതമായ്ത്തീരുമൊന്നും
തിന്നില്ല പിന്നെയെപ്പൊഴും ദാഹവുമവനില്ല

സുഖവുമില്ല ദുഃഖങ്ങളൊന്നുമില്ല
വിഗതപ്രാണനാകുമവന്നു സ്വാത്മജ

അഞ്ചിതമാമവന്റെ മുഖചന്ദ്രൻ ഉവിയ
പുഞ്ചിരിപ്പൂനിലാവസ്തമിച്ചെങ്ങാൻപോയി

പഞ്ചാരതോൽക്കുംമൊഴികാന്തയാളധരത്തിൽ
കൊഞ്ചിയർപ്പിച്ച ചുംബനങ്ങളും; വൃഥാവായി

എന്തിനു പറയുന്നു കത്തിക്കാളുന്ന കട്ടും
ചെന്തീയിൽ ശയിക്കിലും ചൂടറിയുന്നീലവൻ

തന്നുടെ മാംസം തന്നെ കരിഞ്ഞ ദുർഗ്ഗന്ധമി-
ന്നന്ന ചേതനന്നുടെ മൂക്കറിവീലതെല്ലും
ബന്ധുക്കളെന്നാൽ നല്ല ചന്ദനമകിൽ തൊട്ട
ഗന്ധദ്രവ്യങ്ങളാൽ താൻ പൂട്ടുന്നു തൽ പ്രേതത്തെ

ഇവന്റെ നാവിൽനിന്നു പോയിതു രസജ്ഞാനം
ചെവിയുമടഞ്ഞുപോയ് കേൾക്കയില്ലിനിയൊന്നും

മുഖത്തു വിളക്കുപോൽ ശോഭിച്ച കണ്ണുരണ്ടും
വികലമായിക്കാഴ്ചപോയ് വെറുമന്ധമായി.

സ്നേഹമുള്ളവർചുറ്റും വന്നിരുന്നുടൻ ചത്ത-
ദേഹത്തെനോക്കി നിലവിളിച്ചുകേണീടുന്നു

ദാഹമോ ഖനനമോ ചെയ്തു ബന്ധുക്കളിപ്രാ-
ണാഹന്ത! നശിപ്പിക്കുമതിനെയല്ലെന്നാകിൽ

പാരിതിൽ കിടന്നു ചീഞ്ഞളിഞ്ഞു പുഴുക്കൾക്കു
ഘോരസത്ത്വായ് തീരുമുടലെന്നോർക്കയാലെ.

ഇതുതാനല്ലോ ഗതി ജീവികൾക്കെല്ലാവർക്കു-
മിതിലില്ലാർക്കിൽ വ്യത്യസ്തതയിങ്ങൊരാൾക്കുമേ

ഏകനും നിസ്സാരനെന്ന ഭേദവുമില്ല
പാമരനെന്നുമില്ല പണ്ഡിതനെന്നുമില്ല

ഉൽകൃഷ്ടനെന്നില്ലേറ നികൃഷ്ടനെന്നുമില്ല
ചൊൽക്കൊണ്ട ധർമ്മിഷ്ഠനെന്നില്ല ദുഷ്ടനെന്നില്ല

ഏവനും ജീവിച്ചു ചത്തിങ്ങനെയൊഴിയുന്നു
കേവലം സാധാരണമാണിതെന്നല്ല പിന്നെ

ചത്തവർ ജനിക്കുമെന്നോതുന്നു നിഗമങ്ങൾ
സത്യമാർക്കറിയാവൂ-വാസ്തവമാണതെങ്കിൽ

പിന്നെയുമിവനേതു ദിക്കിലെങ്കിലും സ്വയം
ചെന്നോരു ജനനീഗർഭത്തിങ്കൽ ശയിക്കണം

പിന്നെയും ജനിക്കണം വളൎന്നു ദുഃഖങ്ങളെ
പ്പിന്നെയും സഹിക്കണമെന്നല്ല രോഗാദിയാൽ

പിന്നെയും മരിച്ചിതുപോലെ താൻകാഷ്ഠംചിതാ
വഹ്നിയിൽവെന്തു വെണ്ണീറാകണം വീണ്ടുംവീണ്ടും.

ഇങ്ങനെ തിരിയുന്ന സംസാരചക്രത്തിങ്കൽ
മംഗലമതേ! ചുഴലുന്നു ദേഹികളെന്നും.

വ്യഗ്രനാം കുമാരകനിത്ഥംകേട്ടനേരം തൻ
ദിവ്യാശ്രുധാരയാൽ തുടുത്ത തൃക്കണ്ണുകൾ

അന്തരിക്ഷത്തിലേയ്ക്കു പൊക്കിക്കൊണ്ടൊട്ടുനേര-
മന്തരാ കൃപാകുലനായിരുന്നരുളിനാൻ

പിന്നെയുമവനിയെ നോക്കിനാൻ തിരുവടി
പിന്നെയുമാകാശത്തെയവൻ പാൎത്തരുളിനാൻ

ദേവമാനുഷലോകങ്ങൾക്കു തങ്ങളിലുള്ള
ഭാവബന്ധത്തെപ്പറ്റിയറിഞ്ഞു മറന്നതായ്

വല്ലതുമോൎമ്മിക്കയായിരിക്കാം മഹാഭാഗൻ
നല്ലതു ലോകങ്ങൾക്കു വരുവാൻ നിദാനമായ്

വല്ലതും കണ്ടിട്ടുണ്ടാം ബുദ്ധിയിലേറ്റു തെളി-
ഞ്ഞില്ലെന്നാകിലുമറിയുന്നുണ്ടാമകക്കാമ്പിൽ.

ഉടനന്നിതമായുള്ളൊരനുകമ്പാബീജത്തിൽ
സ്ഫുടിത പ്രേമരാജപല ശോഭയൊന്നേറിക്കണ്ടു

ഏകാന്തമാമേതോരാശാബന്ധസൂചകമായി
ലോകാതിശായിയായ ദീപ്തിയിൽ ചൂഴ്ന്നു മുഖം

അത്ഭുതചരിത്രനാജ്ഞേശതമൻ തിരുവടി
സുസ്പഷ്ടാക്ഷരമൊടിങ്ങനെ വിളിച്ചോതി:—

"അല്ലയോ ദുഃഖാബ്ധിയിലാഴും ലോകമേ! സ്വയം
വല്ലാത്ത ജനിമൃതിവലയിൽ പെട്ടനിത്യം

അല്ലലാർന്നെന്നപ്പോലെയുഴന്നു രക്ഷാമാർഗ്ഗ-
മില്ലാതെക്കുഴങ്ങും ജ്ഞാതാജ്ഞാതരാമാത്മാക്കളേ!

ഹന്ത! ഞാൻ കണ്ടിതിപ്പോൾ മർത്ത്യജീവിതമാക-
മന്തമില്ലാത്ത തീവ്രദുഃഖവേദനയുടെ ദൈർഘ്യം

ചിന്തയിലെന്നല്ലിങ്ങുള്ളോരോരോ സുഖം വെറു-
മന്തശ്ശൂന്യമാം നിഴലാണെന്നുമറിഞ്ഞു ഞാൻ

അത്യന്തകാമ്യമായ ഭോഗവും ജീവിതത്തിൽ
നിത്യമല്ലാത്ത പരിഹാസനാടകമല്ലോ.

എത്രയാതനയാണു പിന്നെ ദുസ്സഹമായ
സന്താപസന്തതികളൂഴിയിൽ നിരൂപിച്ചാൽ!

നല്ലൊരു സുഖങ്ങളന്തരിപ്പു ദുഃഖങ്ങളായ്
കല്യയൗവനമവസാനിപ്പു വാർദ്ധക്യമായ്

ചൊല്ലെഴും പ്രേമമിഷ്ടസംഗത്തിൽ വിരമിപ്പൂ
എല്ലാർക്കും മരണമായ് ജീവിതം കലാശിപ്പൂ

മരണം താനും ഭാവിജന്മഹേതുക്കളാവൂ
പരമജന്മങ്ങൾ സംസാരചക്രത്തിൽ വീണ്ടും.

മായാരൂപമാം സുഖം കാണിച്ചു നിത്യദുഃഖ
മായാമടനാക്കി പ്രവർത്തിപ്പിപ്പൂ ശരീരിയെ.

എന്നെയും മോഹിപ്പിച്ചു രൂപമിമ്മായാലോക
മത്യന്തസുഖമിതിലുണ്ടെന്നു നിനച്ചു ഞാൻ

ജീവിതം ശരൽ പ്രഭാതത്തിങ്കൽ മധുരമായ്
സാവധാനമായ് പ്രവഹിക്കും തേൻപുഴയെന്നും

നിത്യമാണെന്നും കരുതീടിനേൻ- എന്നാലതിൽ
തത്തിപ്പൊങ്ങീടുമോളമൊക്കെയും തുള്ളിച്ചാടി

പുത്തൻപൂന്തിരയാർന്ന താഴ്വരകളിലൂടെ
യെത്തുന്നതാഴത്താഴെയെത്തുമൊന്നറിയാതെ

അത്യന്തഘോരഭവണാബ്ധി തൻകയത്തിൽ പോയ്
സിദ്ധിച്ചീടുവാൻ ശീഘ്രതരമായോടീടുന്നു.

എന്നുടെ മിഴിമൂടിനിന്നൊരാതിമിരമീ
ഛിന്നമായ് പോയിതിപ്പോൾ ഞാനിതാ ദേവന്മാരെ

അന്യമർത്ത്യരെപ്പോലെയാത്മരക്ഷണേ കാംക്ഷി
ച്ചുന്നതഭക്തിയോടും വിളിച്ചു യാചിക്കുന്നു.

കരുണ ദേവതകൾക്കില്ലയോ നരനെന്നും
കരഞ്ഞർത്ഥിക്കും രക്ഷനൽകുന്നില്ലല്ലോയിവർ

പക്ഷേ നാം പ്രാർത്ഥിപ്പതു ദേവകളോർക്കില്ലെന്നാം
രക്ഷയില്ലെന്നുവരാ ജീവികൾക്കൊരുനാളും

ഇക്കണ്ടജനങ്ങൾക്കുമെനിക്കുമെല്ലാമോർക്കിൽ
ദുഃഖത്തിൽനിന്നു പരിനിർവ്വാണം വേണ്ടതല്ലോ.

അഥവാ, ദേവന്മാർക്കുമതുവേണ്ടതായ് വരാം
വ്യഥയാർന്നവരും തേടുന്നുണ്ടാമതിന്നായി

അവരെ വിളിച്ചുകേഴുന്ന മർത്ത്യരെയവ
ർക്കവനം ചെയ്‌വാൻ കഴിയാത്തതു നിരൂപിച്ചാൽ

ദേവകൾ പരതന്ത്രരായ് വരാം നമ്മെപ്പോലെ
കേവലം നമ്മെ രക്ഷിപ്പാനവരശക്തരാം

എന്നെയാശ്രയിപ്പോരെ ക്കേഴുവാൻ വിടില്ലതാൻ
ഖിന്നതതീൎക്കാനെനിക്കാവുന്ന കാലംവരെ

പിന്നെദ്ദേവകൾ രക്ഷനൾകുവാൻ ശക്തരെങ്കിൽ
മന്നിലിങ്ങനെ നിജഭക്തരെ വെടിയുമോ

ബ്രഹ്മദേവനീ ദുഃഖരൂപമാം പ്രപഞ്ചത്തെ
യിമ്മട്ടു സൃഷ്ടിച്ചെന്നും വച്ചുകൊണ്ടിരിപ്പതു
സംഭാവ്യമാണോ സൎവ്വശക്തനിക്കഷ്ടതകൾ
ജൃംഭിക്കും ഭുവനത്തെയിങ്ങനെ വിട്ടീടുമോ

ശക്തനാണുപേക്ഷയിതെങ്കിൽ നിൎദ്ദയനവൻ
ശക്തിയില്ലെങ്കിലവനീശനല്ലതാനും.

ഛന്ദാ! തേർ തെളിക്കയാം മടങ്ങിപ്പോക വീണ്ടു
മിന്നുകണ്ടതുമതി; കാണേണ്ടതെല്ലാമായി.

ഇങ്ങനെ പുത്രൻവീണ്ടും ഖിന്നനായ് മടങ്ങിയ
തങ്ങുമന്നവൻ കേട്ടു മാഴ്കിനാനുടൻപിന്നെ
മൂവിലത്തേരിൽ മൂന്നുമടങ്ങു ഭടന്മാരെ
യൻപൊടുവാതിൽ കാക്കാനന്നുതാൻ നിയോഗിച്ചാൻ

അകത്തും പുറത്തും നിന്നാരെയുമതുവഴി
പകലും രാത്രിയിലും വിടീലയാജ്ഞയെന്യേ

കല്പിച്ചിങ്ങനെനൃപൻ സൂക്ഷിച്ചു കുമാരനെ
സ്വപ്നത്തിൽ മുമ്പുകണ്ട ദിവസാവധിവരെ

മോഹംതാൻ കവാടത്താൽ വിധിയെത്തടുക്കുന്ന
സാഹസമെന്നോൎക്കാതെ പിന്നെയും യഥാസുഖം
വാണിതേയോൎത്തീടിലും മമതാതിമിരത്താൽ
കാണുമോ പരമാൎത്ഥമുള്ളപ്പോൾ സംസാരികൾ?

മൂന്നാംകാണ്ഡം കഴിഞ്ഞു.

ശ്രീബുദ്ധചരിതം.

(കിളിപ്പാട്ട്.)

നാലാംകാണ്ഡം.

ഭൂരിസുകൃതനാം ശാക്യനരേന്ദ്രന്റെ
യാരോമലുണ്ണി അഖിലലോകപ്രിയൻ
കാരുണ്യകല്ലോല ലോലാശയൻ പൂർണ്ണ-
താരുണ്യഭംഗിതരംഗിതാംഗൻ പ്രതി-
മാരവിജയി മഹാത്മാ മുനിവരൻ
വീരശിഖാമണി വിജ്ഞജനാഗ്രണി
പണ്ഡിതവിപ്രജനത്തിലുമങ്ങനാം
ചണ്ഡാലരിലുമൊപ്പം സ്നേഹമേലുവോൻ
മണ്ണിൽ ജനിമൃതി ദുഃഖങ്ങൾ കണ്ടിട്ടു
കണ്ണുനീർവാർക്കും കുമാരൻ ഗുണാകരൻ
വിണ്ണവർക്കും മനുഷ്യർക്കുമെന്നല്ലതിൻ-
വണ്ണം സകല ചരാചരങ്ങൾക്കുമേ
ബന്ധമകററി നിർവ്വാണമേകീടുവാ-
നെണ്ണികൾകൊണ്ടൊരു മാർഗ്ഗമാരായുവോൻ
ശ്രീമൽ ഗോപാൻ വസിച്ചിതു വിശ്രമാ-
രാമസൌധങ്ങളിൽ പിന്നെയുമൊട്ടനാൾ.
ഭൂമിപാലേന്ദ്രകുമാരനവൻ സാവ-
ധാനമനായ് തീരുമല്ലെങ്കിലോ ഭിക്ഷുവായ്
പോമെന്നു ദൈവജ്ഞന്മാരോതിയ കാലവും
താമസിച്ചീല വിരവിലടുത്തിതു.

സത്വരം ലോകമനോഹരമായുള്ള
ചിത്തിരമാസമണഞ്ഞിതു ഭംഗിയിൽ

ആഞ്ഞു തേന്മാവിന്റെ കൊമ്പു കവകളാൽ
ചാഞ്ഞുപഴങ്ങൾ ചുവന്നു ചമഞ്ഞിതു

മഞ്ജുവായ് ഞാവൽ മരങ്ങളിൽ കായ്നിര-
യഞ്ജനകാന്തി കവർന്നു തുടർന്നിതു

നല്ലൊരിലഞ്ഞികൾ പൂത്തു മണംപേറി
മെല്ലെന്നു കാറ്റു ചരിച്ചിതു നീളവേ

ചട്ടറ്റചാരു പവിത്രപ്രഭയാർന്നു
മൊട്ടശോകങ്ങളിലെങ്ങും നിറന്നിതു

നല്ല തങ്കത്താലിമാലപോൽ തൂങ്ങിതു
ഫുല്ലമാം പൂങ്കുല കൊന്നമരങ്ങളിൽ

മെത്തും മണമാർന്ന പുന്നയിൽ പൂന്നിര
മുത്തുതൻ ഗുച്ഛങ്ങൾപോലെ ശോഭിച്ചിതു

ദേവാലയങ്ങളിലുത്സവാഘോഷമായ്
ഭുവനങ്ങൾപ്പൊടിപാറി ധൂസരിയായ്.

തോയാശയപ്രദേശങ്ങളെല്ലാം ജന-
ഭൂയിഷ്ഠമായ് പുരവാസികൾ നിത്യവും

സായാഹ്നമുദ്യാനഭാഗങ്ങളിൽ സ്വയ-
മായാസമാറ്റുവാൻ ചെന്നു കേളിക്കയായ്.

ഇമ്മട്ടു ഗ്രീഷ്മസമയത്തിൽ വന്നെത്തി
രമ്യമായപ്പുണ്യപൂർണ്ണമാം പൌർണ്ണമി.

അർക്കനും പോയ് പടിഞ്ഞാറെഗ്ഗിരിതടം
പുക്കു പഴുപ്പിച്ച പൊൻകുടംപോൽ നിന്നു

അംബരദർപ്പണത്തിൽ കിഴക്കായുള്ള
ബിംബിച്ചപോൽ നിന്നു പൂർണ്ണേന്ദുബിംബവും.

എന്നല്ല സന്ധ്യയാം ത്രാസിന്റെ പൊൻതട്ട-
മെന്നപോലർക്കേന്ദുമണ്ഡലം രണ്ടുമേ

നിന്നു നൊടിയളവൊപ്പം ദിനമണി-
ഖിന്നതയാലുടൻ താണിതു മാനമാൻ;

മന്ദമന്ദം പിന്നെ യന്തരീക്ഷത്തിലേ-
ക്കിന്ദുബിംബം സ്വയം പൊങ്ങി ലാല്യനയാൽ.

ദ്യോപ്രാവായ ശോഭിൻ മഹാസ്തൂപമണ്ഡല
ഭാഗത്തിൽനിന്നു പീയൂഷകിരണങ്ങൾ

ഭംഗിയിൽ പാൽക്കണമേറെ പ്രസരിപ്പിച്ച
മംഗളമാക്കീ ദിഗന്തങ്ങൾ വെണ്മതി.

എങ്ങും പരന്നൊഴുകും പൂനിലാവിങ്കൽ
മുങ്ങിക്കൊഴുത്തു മിനുത്തു ധരാതലം

ഗംഗാതരംഗം പരന്നു ധവളമാം
വംഗാംബുധിപോൽ വെളുത്തു നഭസ്ഥലം

തിങ്ങും നിലാവിൽ തെളിയാതെ താരങ്ങൾ
തങ്ങി വെൺപൊയ്കയിൽ ഇളംകുമുദങ്ങൾപോൽ.

പാരം വെളുത്തു പാലാഴിയിൽ പൊങ്ങിയ
ചാരുതിര നിരപോലെയകലെയായ്

കാണും ഹിമാലയ തുംഗശൃംഗങ്ങളെ
ചേണാർന്നകാന്തിപൂരങ്ങളിൽ ചേർന്നുടൻ

ചന്ദ്രിക വീണു ചകചക ധാവള്യ-
മിന്ദ്രിയമോഹനമുള്ളം ഹരിക്കയായ്

കേമമാം വെള്ളിക്കുടമിതിൽ ദേവകൾ
കാമസുരഭിതൻ പാൽകറന്നിങ്ങനെ

സാമോദമീ ഹിമവാനെഗ്ഗിരി സാർവ്വ-
ഭൌമനാക്കാനഭിഷേകം കഴിക്കയോ

സോമബിംബത്തിൽ നിന്നിഗ്ഗിരീന്ദ്രന്റെ മേൽ
ഇമ്മട്ടു ചന്ദ്രികാധോരണി വീഴ്കയോ

മന്ദമായപ്പൂവൽതാഗ്രത്തിൽ നിന്നുടൻ
സ്പന്ദിച്ചെഴും സുഖസ്പർശമാം വായുവിൽ

ആടി മെല്ലെന്നഴകായ് വിശ്രമവന-
വാടിയിൽ വിസ്തരിച്ചു വൃക്ഷരാജികൾ

കൌമുദിയിൽ കുളിരെക്കുളിച്ചുഴിയാം
കോമളഗാത്രിയാൾ കോൾമയിർക്കൊണ്ടപോൽ

മോഹനപ്രാന്തപ്രദേശത്തിലൂടെയ,
വ്യാഹതമായ് തെളിഞ്ഞെന്നൊഴുകുന്ന

രോഹിണിയിൽ തരംഗം പ്രതിസംസ്ഫുരി
ച്ചാഹന്ത! കാണായസംഖ്യം ഹിമാംശുക്കൾ

ശൃംഗങ്ങൾ തന്മേലവരോടൊട്ടു
സംഗതനായ് വിണ്ണിൽനിന്നു സുധാകരൻ
ഭംഗികോലും സ്ഫടികപ്രദീപംപോലെ
ശൃംഗാരരശ്മി ചൊരിഞ്ഞു; വിചിത്രമാം

അണ്ണുവിളക്കിൻനിഴൽ മണ്ഡലംപോലെ
തത്തിനിന്നു, ചുവട്ടിൽ തരുച്ഛായകൾ.

ഉച്ചമാംഗോപുരങ്ങൾക്കുള്ളിലെ മണി
മച്ചുകൾമേൽ വെണ്ണിലാവു പരക്കവേ

ഉജ്ജ്വലിക്കും വിവിധപ്രഭാപൂരത്തിൽ
മജ്ജനം ചെയ്തുനിന്നു ഹർമ്മ്യരാജികൾ

പാതിരാവായ്‌ പ്രാണിവർഗ്ഗമെങ്ങും സുഖ
മേറ്റു നിദ്രയിൽ വീണു; മായാവിനി

മോദിച്ചു ചന്ദ്രമുഖിയാം നിശ നിജ
ചാതുര്യമോർത്തു ചിരിക്കുന്നപോലെയായ്‌

സ്വാതന്ത്ര്യമേറും ഗതിക്രമം കൈവെടി
ഞ്ഞൂതാതെ നിന്നു ജഡമായ്‌ സദാഗതി

മേട്ടിനി നിശ്വാസമേലാതെ ദീർഘമാ
മേതോ വിചാരത്തിൽ മുങ്ങിനില്ക്കുംപോലെ

നിശ്ചലമായ്‌ തൃണഗുല്മാദി കേവലം
സ്വച്ഛന്ദമായ്‌ കളിയാടി നിശ്ശബ്ദത

എന്നാൽ പുറത്തിട്ടുരജന്തുകൾക്കായി
കുന്നിൽ കുറുനരിക്കൂട്ടമഴകരൽ

സന്നപ്രതിഷ്ഠനാം ശാക്യനൃപലക്ഷ്മി
ഖിന്നയായ്‌ ദൂരമണഞ്ഞു കേഴുന്നപോൽ

അന്തഃപുരത്തിൻ മുത്തുച്ചിപ്പികൾ കൊണ്ടു
ചന്തമായ്‌ ശില്പങ്ങൾ ചെയ്തു വിളങ്ങുന്ന

ഭിത്തികളും വെൺപളുങ്കു തറകളും
ജ്യോനിലാവിൽ തിളങ്ങി ലസിപ്പതും,

നൃത്തഗീതാദി സുകുമാരകൃത്യങ്ങൾ
നിർത്തിത്തനിയേ മതിമങ്ങി നിദ്രയിൽ

ഉത്തമസ്ത്രീരത്നവൃന്ദമനങ്ങാതെ
തത്തൽസ്ഥലങ്ങളിൽത്തങ്ങിശ്ശയിപ്പതും

കാണുകിൽ ദേവാംഗനാജനത്തിനുള്ള
ഭേദമെന്നാൻ വിഭ്രമമുവിതെന്നോർത്തുപോം.

സിദ്ധാർത്ഥരാജകുമാരൻ തിരുവടി
ച്ചുറ്റും തോഴിലൂററ വാത്സല്യനിധികളായ്

നിസ്തുല്യരൂപലാവണ്യഗുണം പൂണ്ട
നൽത്തേന്മൊഴികളെല്ലാമങ്ങു കാണായി

ശാന്തമധുരമാം നിദ്രയിൽ നിശ്ചല
കാന്തി, നിലാവിലാമ്പൽപ്പൂ കണക്കെന്ന

ശോഭിക്കുമോരോരു തന്വിയെയും കാൺകി
ലാമയാൽ സ്ത്രീമെയ്യതിലെന്നതോന്നുമേ

എന്നാലതിന്നപ്പുറത്തു ശയിക്കുന്ന
സുന്ദരിയാകുന്ന സർവമനോഹരി

അങ്ങേപ്പുറത്തു കിടപ്പവൾക്കൊപ്പമാ
യെങ്ങുമില്ലാതെയവളത്ര സുന്ദരി

ഇങ്ങനെ മെച്ചമേറും നാരിമാരുടെ
യംഗലാവണ്യപൂരങ്ങളിൽ സാന്ദ്രമായ്

മുങ്ങിയോരോന്നിലും നിന്നിയട്ടത്തിൽ
തങ്ങിയങ്ങുവിരിട്ടത്തിലാണെന്നതി

ഇപ്രകാരം ചതുരൻ ശില്പി നിർമ്മിച്ച
സുപ്രകാരം പൂണ്ട രത്നങ്ങൾ മിന്നുന്ന

മായയിൽപോലെ മമ്മേൽ കാന്തി കണ്ടുക-
ണ്ണാലസ്യമായ് കണ്ണുമങ്ങി മയങ്ങുമേ.

കട്ടിമാൻ കണ്ണിമാർ നാണവും ക്ലേശവും
വിട്ടുകിടന്നുറങ്ങുന്നിതു ഭംഗിയിൽ

കെട്ടൊട്ടയഞ്ഞു മഴിഞ്ഞുമിഴിഞ്ഞുമ
പ്പട്ടുപൂഞ്ചേല ചിന്നിക്കൊണ്ടു കാണുന്നു

ച്ചുത്തങ്കംപോലൊളിപെടും പൂമെയ്ക
ളൊട്ടുഭാഗം മറഞ്ഞും മറയാതെയും

വണ്ടാർകുഴലിമാർ വാർകുന്തൽ വാർന്നിട്ടു
കൊണ്ടുകെട്ടിപ്പിന്നിയിട്ടു ചിലരതിൽ

പൂണ്ടിരിക്കുന്നുമുടിപ്പൂന്തുകൾ മന്ദം
പൂണ്ടപൂമാല ചിലരാർന്നിരിക്കുന്നു

നീളമേറും കാർകുഴൽ ചിലർക്കുള്ള
നാളത്തിനുകീഴ് കിടന്നാടിയുന്നിതു

കാളിന്ദിതൻകയത്തിങ്കലിളകിട്ടു
രോളം കണക്കെയിതുണ്ടു നീണ്ടതന്നെ

പാടിയും വിണ്ണിൽ പറന്നുമിന്നുകളായ്
കൂടിമേളിച്ചും പകൽപോക്കിയന്തിയിൽ

വാടിച്ചിറകുകൾ കൂട്ടിമുഖംതാഴ്ത്തി
യാടൽകൂടാതുള്ള ചോലമരങ്ങളിൽ

പക്ഷികൾപോലെവിലാസങ്ങളാൽതള
ന്നക്ഷികൾ പൂട്ടിയുറങ്ങുന്നിതിങ്ങിവർ.

ഉള്ളിലുണ്ടങ്ങുള്ളതുമിന്നുന്ന
വെള്ളിത്തളലൊൻവെള്ളിവിളക്കുകൾ

ചട്ടറ്റഗന്ധതൈലംവാർത്തതുകളിൽ
പ്പട്ടുതിരിയിട്ടെരിയുന്നുദീപങ്ങൾ.
തൻമോഹനപ്രഭപൂന്നിലാവിൽചേർന്നു
സമ്മിശ്രിതമായ് പ്രകാശവുംഛായയും

അമ്മഞ്ജുളാംഗിമാർമേൽവീണവയവ
രമ്യതയെല്ലാംതെളിച്ചുകാട്ടീടുന്നു.

കാന്തമാർക്കുന്നതമാറുകൾവീർപ്പിനാൽ
ശാന്തമായ് പൊങ്ങിയും താണും വിലസുന്നു.

ലോലങ്ങളായവിരലുകളിൽചാരു
മൈലാഞ്ചിയാർന്നമനോജ്ഞകരാബ്ജങ്ങൾ

മാറോടണച്ചിരിക്കുന്നുചിലരൊട്ടു
മാറിച്ചിലർപാർശ്വങ്ങളിൽത്തൂങ്ങുന്നു.

സച്ഛന്നാളയാർന്നംവെള്ളത്തുണ്ടുത്തമ
പെണ്ണുങ്ങൾതന്നഴകേറും മുഖാബ്ജങ്ങൾ
വർണ്ണപ്പളുങ്കുതളങ്ങളിൽബിംബിച്ച
പൂർണ്ണേന്ദുബിംബങ്ങൾപോലെവിളങ്ങുന്നു.

സീമന്തരേഖയ്ക്കിരുപാർശ്വവു-
മോമൽക്കുറുനിരചിന്നിയനെറ്റിയും

കോമളമായ്കൊച്ചുവില്ലുപോൽവക്രമായ്
ശ്യാമളമായപുരികക്കൊടികളും

ചാതുര്യമേറിയകണ്ണുകവിളിലേ
ക്കാതുപതിഞ്ഞനെടുംകണ്ണിമകളും

ചാരുപനിനീർമലർപോൽചുവന്നുന
ല്ലാരോമലാമെഴുംകപോലങ്ങളും

നീണ്ടുപൊങ്ങിക്രമതാലഗ്രമൊട്ടുഴ
കാണ്ടുകുനിഞ്ഞുമിന്നുന്നൊരുനാസയും

ചെന്തളിർപോലെതുടുത്തമിനുത്തതി
ചന്തത്തിൽവേർപെട്ടചുണ്ടിൻപുടങ്ങളും

കോൎത്തുകഴകിവച്ചുള്ളൊരുമുത്തുകൾ
കാൎത്തിനൽകും ചെറുദന്തനിരകളും

അംഗമോരോന്നുമീവണ്ണമകൃത്രിമ
ഭംഗികലൎന്നുശോഭിക്കുന്നു നിദ്രയിൽ

തങ്കവളകൾകിലുങ്ങുന്നിതച്ചെറു
മങ്കമാൎക്കോമനക്കൈത്തണ്ടുകളിലും

കിങ്കിണിതൂങ്ങുന്നകാഞ്ചനനൂപുരം
പൊങ്കഴൽക്കാലിണപൂണുന്നു ഭംഗിയിൽ

വല്ലമനോജ്ഞമാംസപ്തവും കണ്ടുള്ളി
ല്ലുല്ലാസവിഭ്രമമേലുമൊരുത്തികൾ

തെല്ലുറക്കത്തിലുടനനങ്ങീടിവ
ച്ചെല്ലവളയും തളയും കിലുങ്ങുന്നു

ചേൎക്കുന്നപാരമാനന്ദം ചെവിക്കട
നാൎമച്ചുമാത്തകളുമധുധ്വനി.

ചുണ്ടിൽചെറുചിരിച്ചായപരക്കുന്ന
തുണ്ടിവിരിൽചിലപെൺകൊടിമാൎക്കഹോ

കണ്ടുരവിതിവർകൈയുള്ളുഫലം പൂണ്ടു
കണ്ടിടുന്നുണ്ടാം കിനാവുകൾ നിൎണ്ണയം

ആട്ടത്തിലേകയമാനന്ദവൈഭവം
കാട്ടിമെച്ചംനേടിയെന്നാം കിനാവിതിൽ

പാട്ടിലൊരുത്തിജയിച്ചുജയക്കൊടി
നാട്ടിയെന്നായ്‌വരാം നാകലോകത്തിലും

വാണീദേവതിയെപ്പോലും വിരുതാൎന്ന
വീണവായിച്ചിങ്ങൊരുവനിതാമണി

വൈണികവൎഗ്ഗത്തിനൊക്കെയകക്കാമ്പിൽ
നാണമാമ്മാറു ജയം നേടിയെന്നുമാം.

പിന്നെയിന്നിരുളിൽ വേറൊരു പൂവേണി
മന്നിൽനിന്നാകാശമേറിനടന്നുപോയ്

ധന്യമാം ചൈത്രരഥാരാമഭൂമിയിൽ
കിന്നരനോടൊത്തു കേളിയായെന്നുമാം

ഛന്ദാനുകൂലമപാംവിണ്ണേറിയ
മന്ദാരപുഷ്പമണം പാത്തു വായുവിൽ

നന്ദനോദ്യാനത്തിലെത്തിയപ്സരോ
വൃന്ദത്തിനേററം പ്രിയയാമതിഥിയായ്

വൃന്ദാരകേന്ദ്രസഭയിലണഞ്ഞഭി
നന്ദനം നേടിയെന്നാവാം കലകളിൽ.

ഭവ്യഗുണനിധിയാം കാന്തനോടൊത്തു
ഭവ്യപ്രണയസല്ലാപസുധാരസം

അവ്യാഹതം നുകർന്നുകാന്തമാരൊന്നായ
നവ്യപരയായ്‌വേണിയൊന്നുമാം.

കാമുകനുള്ളലിഞ്ഞേകിയോരാരോമ
പ്രേമനിബന്ധനമാം പാരിതോഷികം

രോമാഞ്ചമേകുമമ്പാർന്നു വീക്ഷിച്ചൊരു
പൂമഞ്ജുമേനി രസിച്ചിരുന്നെന്നുമാം

ആയതുപോലെ ശയിക്കുന്നതുണ്ടിങ്ങൊ
രായതനേത്രയാൾ നീണ്ടുനിവർന്നിതാ

ചേണാർന്നുടുത്തു സഖിപോൽകിടക്കുമീ
വീണയെച്ചുംബിക്കുമാസ്യപത്മത്തൊടും

തന്ത്രികളിൽത്തന്നെതങ്ങും മുഗ്ദ്ധവിരൽ
ചെന്തളിർ മഞ്ജരിയോടും തളിമിതിൽ

ചന്തമേറുംഭഗവാന്റെ തിരുമിഴി
ച്ചെന്താമരയിതൾ പൂണ്ടവാൻ വീണയിൽ

പന്തിയായ്പെൺകൊടിയാളിവൾവായിച്ചോ
രന്തഃകരണമലിക്കുന്നപാട്ടിന്റെ

അന്തിമരാഗഗതിയിൽസ്വപ്നമിവൾ
സ്വന്തമിഴികളടഞ്ഞുറങ്ങുന്നതാം.

മൊട്ടിക്കൊമ്പുമുളച്ചോരിളയമാൻ
കുട്ടിയെമറ്റൊരുകുട്ടിമാൻകണ്ണിയാൾ

ഇഷ്ടമാമാറുമാറോടണച്ചങ്ങനെ
കെട്ടിപ്പിടിച്ചുകിടന്നുറങ്ങുന്നിതു

അമ്പോന്നിവരിരുപേരുമുറങ്ങിട്ടു
മുമ്പുതൻമാൻകിടാവിന്നീമനോഹരി

ചെമ്പരത്തിപ്പൂവിറുത്തിമ്മാനന്ന
കമ്പകംതൻകൊടുത്തിരുന്നുള്ളതും

പുള്ളിമാൻപാതികടിച്ചപൂവൊന്നിവൾ
തള്ളിപ്പിടിച്ചിരിക്കുന്നകൈത്താരിനാൽ

ഉള്ളിലുള്ളമടങ്ങിലുപ്പുതന്നൊ
തള്ളിയിരിക്കുന്നചുണ്ടിൽമാൻകുട്ടിക്കും

പ്രാണപ്രിയരാഴിമാറിയപെരിതാ
വീണുകിടന്നുറങ്ങുന്ന മനോജ്ഞമാർ

ക്ഷോണീതലത്തിൽ പിണഞ്ഞുറങ്ങും രണ്ടു
ചേണാർന്ന ചമ്പകമാലകൾപോലവേ.

പൊന്നിലഞ്ഞിപ്പൂമുകുളമിറുത്തിവർ
മുന്നിലെവരെഗ്ഗുംഫിച്ചിരിക്കുന്നിതു

എന്നല്ലപപ്പാതികെട്ടിയമാല്യ
മൊന്നങ്ങുകൈത്താരിലൊപ്പീടിരവൾക്കു;

ഈ വിധം മാലകെട്ടുമ്പോഴുന്നിദ്രയാൽ
വൈവശ്യമാർന്നറിയാതെ കിടന്നഹോ

പൂവിൽതലവെച്ചുറങ്ങിയതോഴിമാർ
പൂവൽമെയ്മേൽവീണുറങ്ങുന്നുമാറാപ്പടം,

നാനാമനോജ്ഞതാരങ്ങളാൽമറ്റൊരു
മീനായതാക്ഷിഹാരം ചമച്ചിട്ടവൾ

ഇന്ദുകാന്തമണികൾകോർക്കുമ്പോളു
ന്മാദനമയങ്ങിക്കിടന്നുറങ്ങുന്നിതാ.

വൈരം മരതകം മാണിക്യമെന്നല്ല
ചാരുനീലം പുഷ്യരാഗമിത്യാദിയായ്

ഓരോവിധമാർന്നകല്ലുകൾകൈത്താരിൽ
വാരിപ്പിടിച്ചിരിക്കുന്നുവാർകേശിയാൾ

അച്ഛായതപ്പടകൾ ചേർന്നൊരു
കൊച്ചുമനോജ്ഞവില്ലായതുമന്നൊ

കണ്ടാൽ കുതൂഹലമാമമാറാപടങ്ങൾകൈ
ത്തണ്ടോളമെത്തിവളയായ് വിലസുന്നു.

അപ്പൂവനത്തിന്നടുത്തുഹിമമഖി
ണെത്തപ്പൊഴുമുജ്ജലം തിങ്ങിയോടുന്ന

രോഹിണിതാൻതന്നൊഴുക്കിന്നൊഴിയായ
മോഹനതാരാട്ടിനാൽവളർത്തമ്മപോൽ

സ്നേഹംകലർന്നിസ്സിത്തുപരിപാലന
ഗേഹത്തിലിമ്മട്ടിവരെയുറക്കുന്നു.

ചിത്രങ്ങളാംരത്നകംബളങ്ങൾക്കുമേ
ലെത്രമനോജ്ഞംശയിക്കുന്നുകാന്തമാർ,

പൂത്തെഴു പുൽത്തറയിൽപനിനീർച്ചെടി
ച്ചാർത്തിലിതളുകൾപൂട്ടിയമർന്നദയാം

പാർക്കഹസ്സിൽഗ്ഗുണമായ് വിടരുവാൻ
രാത്രിനയിക്കുന്നമൊട്ടുകളായിവർ-

മംഗലമൂർത്തിസിദ്ധാർത്ഥദേവന്റെയ-
ശൃംഗാരമന്ദിരത്തിൽശ്രീമയമായ

പള്ളിയറയ്ക്കുമുമ്പിൽപരിശോഭിക്കു
മുള്ളിലെശ്ശാലയാണിമ്മനോജ്ഞസ്ഥലം

ചന്തമായക്കക്ഷ്യരണ്ടുമായ് സന്ധിക്കു
മന്തരാളത്തിൽയവനികളുണ്ടുനു.

അതൊരൊട്ടുത്തുമനോജ്ഞമേഖങ്ങളിൽ
തങ്ങിയതോഴീജനമുഖ്യമാരായ

ഗംഗയുംഗൌതമിയുംശയിച്ചീട്ടന്തി
ത്തംഗലാവണ്യത്തിലാരെയുംതോഴ്ത്തുമേവാർ.

പാടലനീലനിറത്തിൽബഹുചിത്ര
മോടികലർന്നും ശീലതൊറിഞ്ഞിട്ടു

ധാടിയിലുള്ളും യവനികയിൽതങ്ക
നാടകളും നല്ല പട്ടുനൂൽതൊങ്ങലും

തുന്നിപ്പിടിപ്പിച്ചിരിക്കുന്നവകളിൽനാ
ല്ലൊന്നിൽ കസവുനൂൽകൊണ്ടുവിചിത്രമായ്.

അതിരസ്സ്ലയിലികളിക്കളെത്താലാക്ക്
മൂർത്താംശമായശ്ശ്മാമാറകത്തുള്ള

മന്ദിരത്തിൽ മണമാർന്നു മനോജ്ഞമാം
ചന്ദനത്തിൻപടിയാർന്ന കവാടമായ്.

അക്കവാടത്തൂടെയുള്ളൊട്ടുമുന്നടി
വസ്സുമെപാഴുങ്ങവിവിധത്തോപ്രഭാ–

പുഞ്ജംപരന്നിട്ടിപ്പൂത്തുനില്പുംലതാ
കുഞ്ജംകണക്കെക്കാണുന്നമണിയറ

ശുദ്ധധവളശിലയാൽപണികഴിച്ചു
ഉദ്ഗോളാകാരമാമതിൻമച്ചും

മുറവുംവിശാലമായ്കാലുഷ്യമില്ലാത്തവെൺ
കൊററക്കുടപോലെവൃത്തമായ്മിന്നുന്നു.

ചുററുംപലനിറത്തിൽസ്ഫടികച്ചില്ലു
പററിച്ചതിൽതന്നെരകാന്തിയതിക്കുന്നു.

താമരപ്പൂവുംകിളികളുമങ്ങിങ്ങു
കോമളപ്പൂങ്കുലയാർന്നലതകളും

ചിത്രികൾശുഭ്രഫലകാസമൂഹത്തിലെ
മുത്തണിശ്ശിൽപ്പിപതിച്ചതിലുണ്ടന്ന

ചുററുമനോജ്ഞമാം പൊന്നഴിപ്പൂണ്ടെഴു
കുററവാതായനപംക്തികളൊട്ടുമേ

സ്വച്ഛമായ്താഴെത്തളത്തിൽകസവാർന്ന
മെച്ചമാംപട്ടുവിരിപ്പിട്ടിരിക്കുന്നു

പിച്ചകപ്പൂമെത്തയിൽപോൽസുഖമായു
മൊച്ചയിടാതെയുംവച്ചാംപദമതിൽ

വെള്ളവെണ്ണപ്പല്ലുകൊണ്ടതിൻമദ്ധ്യത്തി
ലുള്ളോരുമെത്തത്തളത്തിൽ വിലസുന്നു

ഉള്ളമൊന്നായ് മേവി മാർശയിക്കുന്ന
പള്ളിമഞ്ചംതാൻ കാഞ്ചനമഞ്ചസ്ഥം.

പൂന്നിലാവും കുളുർകാററും മലർമണം
ചെന്നുമണിയറയ്ക്കുള്ളിൽ മധുരമായ്

സഞ്ചരിച്ചൂത്താനുള്ളവാതായന
സഞ്ചയങ്ങൾക്കുള്ളൂടെയെന്നിയേ.

അംഗനാസൌന്ദര്യസമ്പന്മകളാമവൾ
മംഗലപ്പൂങ്കാററിനാൽ പൂന്നിലാവിനാം

സംഗമിപ്പിച്ചു സിദ്ധാർത്ഥകുമാരനെ
മംഗലമായ്യശോധരയോടുമേവിയും

ഭംഗിയിൽപ്പള്ളിയുറങ്ങിടിന്നിത
ശൃംഗാരശയ്യാഗൃഹമണിമഞ്ചത്തിൽ.

പെട്ടെന്നുണർന്നയപ്പെൺകൊടിയാളുട
പട്ടുകിടക്കയിൽനിന്നു സസംഭ്രമം

ഒട്ടുപൂർവാംഗമിളക്കിയവളെ
പ്പുട്ടിത്തെച്ചുററിവീണടിഞ്ഞുംസദയം

ഇമകൾവാർന്നുടിചിന്തിയുംതെല്ലുതൻ
സോമാനനം പൊക്കിനാളൊരുപെൺപക്ഷി

കോളമാം മേഘവാതങ്ങളിൽനി
ന്നോമനക്കുഞ്ഞുങ്ങൾകട്ടെത്തുന്നതുപോൽ

അന്തികത്തിൽശയിക്കും പ്രാണവല്ലഭൻ
തന്തിരുമെയ്യഴുകിക്കൊണ്ടിരുന്നവൾ

സ്വാന്തകരങ്ങൾ നിറുകയിൽ ചേർത്തു
സന്താപമാർന്നു കരഞ്ഞിരുന്നീടിനാൾ

കാറണിവേണി വിങ്ങിക്കരഞ്ഞാൾ മനം
നീറിയിളകും ചുടുനെടുവീർപ്പിനാൽ

മാറുകൾ തേങ്ങിയും മെല്ലെക്കവിൾവഴി
യാറുപോൽ കണ്ണീരൊഴിയാതൊഴുകിയും

പിന്നെയപ്പുള്ളിയുറങ്ങും പ്രിയനുടെ
യുന്നിദ്രപത്മാഭമാം മുഖമാദരം

താനുതൻ രണ്ടുകൈകൊണ്ടുമെടുത്തമ്പിൽ
മൂന്നുവട്ടം മുകർന്നാളിളമാൻമിഴി

എന്നിട്ടുഴലാറിടാതെ ചുമ്പിനാൾ
മന്ദം ഭവാന്റെ മാറിൽ വീണിതങ്ങനെ

നോവുന്നിതല്ലോ മനക്കാമ്പിലെയെന്റെ
ജീവാധികപ്രിയനങ്ങുറങ്ങുന്നുവോ

നോക്കുകയെന്നെക്കനിഞ്ഞു സ്വയാഗ്രഹെ
വാക്കുകളാൽതണുപ്പിക്കെന്നുള്ളിൽ വിഭോ

ഈവിധം കാന്തതൻ ദീനസ്വരം കേട്ടു
ദേവനുണർന്നുടൻ ചിരിച്ചിതു സത്വരം

എന്തെൻപ്രിയതമേ കേഴുന്നു നീയഴ
ലെന്തുകൊണ്ടേലുന്നു ചൊല്ലുക വല്ലഭേ

അമ്പൊടിതോതുമിടയ്ക്കു വീണ്ടും ദേവി
തമ്പരിദേവനം താനേ തുടർന്നിതു

എൻപ്രാണസാരമേ! യെൻസുഖമേ! യെന്റെ
തമ്പുരാനേ കഷ്ടമെന്തു ചെയ്‌വു ഞാൻ

നിന്തിരുമേനിതൻ ഗർഭമെൻ കുക്ഷിയി
ലന്തിനേരത്തിന്നിളകീടയാനിയേ

സ്വന്തമാം ജീവനും സൈശ്വര്യവും സ്നേഹവും
ഹന്ത! രണ്ടായെന്നു തോന്നിയിന്നിക്കുടൻ

ഗർഭസ്ഥനായവേൽ പ്രതിരൂപനാ
മർക്കനെക്കണ്ടുകൊൾവാൻ കൊതിയോടും

നിർവ്വാണാനന്ദസംപൂർണ്ണറങ്ങളേവ
ർഗ്ഗമായ് കണ്ടുമുന്നം കിനാവു ഞാൻ

അവ്യക്തഹേതുവാം സ്വപ്നങ്ങളൊക്കെയി
ലിപ്പോഴുമുള്ളം ഞെട്ടുന്നിതു വിഭോ

ഏറ്റം വെളുത്തു കൊഴുത്തു തടിച്ചൊരു
ക്കൂറ്റനാനയാളായ് കണ്ടു ഞാൻ നിദ്രയിൽ

അഗ്രങ്ങൾ കൂർത്തു വളഞ്ഞു വിശാലമാ
യുഗ്രമാം കൊമ്പുകളാൽ ഭീകരനവൻ
നെറ്റിത്തടത്തിൽ ധരിച്ചിരിക്കുന്നിതു
മുറ്റും വിലപെറുന്നൊരു മഹാരത്നം

ശിക്ഷയിൽ വിൺ വിട്ടു വീണങ്ങു തങ്ങുന്ന
നക്ഷത്രമായെന്നു തോന്നുമാറുജ്ജ്വലം

ഉദ്ധതനാമവൻ ധാടിയിൽ കാൽവച്ചു
മന്ദം തെരുവുകളൂടെ നടന്നുപോയ്

ചെന്നു പുരദ്വാരമെത്തീ ഭയം കൊണ്ടു
സന്നദ്ധരായില്ലയാരും തടുക്കുവാൻ

വൃന്ദാരകേശ്വരക്ഷേത്രത്തിൽനിന്നുടൻ
മന്ദതരമൊരശരീരി കേട്ടിതു

ചെന്നിവനൊത്തുതീട്ടുവിനല്ലായ്കി
ലിന്നഗരത്തിന്റെമാഹാത്മ്യമിന്നുപോം

ചെന്നുതടുത്തുകൊൾവിൻ ഹാ! ജനങ്ങളെ
യെന്നമൊഴികേട്ടിട്ടത്തഭടന്മാരിൽ

ആൎക്കുംതടുത്തുനില്ക്കാൻകഴിഞ്ഞില്ലചെ-
ന്നോൾക്കാൻഭയമായ്മടങ്ങിയെല്ലാവരും

എന്നതുകണ്ടുടൻപാരംവിവശയായ്
വന്നതാപത്തോടെവാവിട്ടുകേണഞാൻ

എന്നല്ലയക്രൂരനെക്കൈവരകളാൽ
ചെന്നുകടന്നുപിടിക്കയുംചെയ്തുഞാൻ

മൽക്കരപാശംകഴുത്തിൽപിണഞ്ഞതി
മുഷ്കരനാമവൻകൊമ്പുകലുക്കിനാൻ

വാതിലടയ്ക്കുവാൻകല്പിച്ചുകൊണ്ടുഞാ
നേതുംകലുങ്ങാതമൎത്തിയെൻകൈകളാൽ

തമ്മിലീവണ്ണമിടഞ്ഞുപിടയുമാ
വന്മഹോക്ഷപ്രഭു തൽക്ഷണംതൻതല

പൊക്കിക്കലുക്കിഞാൻവീഴുമാറുഗ്രമായ്
മുക്കറയിട്ടുമുമ്പോട്ടുനടന്നുപോയ്

സത്വരംചെന്നഴിവാതിൽതള്ളിത്തക
ൎത്തതുംഭടരെച്ചവിട്ടിമെതിച്ചുടൻ

പാഞ്ഞുപെരുവഴിയൂടെദൂരത്തുപോയ്
മാഞ്ഞെൻമിഴികളിൽ നിന്നുമറഞ്ഞിതെ.

പിന്നെയുള്ളവനപാലികളാംനാലുപേർ
മിന്നുന്നദിവ്യരത്നപ്രഭപൂണ്ടവർ

ഉന്നതമേരുശിഖാതടം വിട്ടു
മന്നിൽപരിവാരമോടുമെഴുന്നെള്ളി

ഇന്നമുടെനഗരത്തിലെത്തുന്നതു
മന്നോരമിന്ദ്രധ്വജത്തിൻകൊടിക്കൂറ

യൊന്നിളകിബ്ഭൂവിലറ്റുവീഴുന്നതും
എന്നല്ലുടനെപകരമസ്ഥാനത്തിൽ

മറ്റൊരുദിവ്യപതാകയുയർന്നുടൻ
തെറ്റെന്നുവിണ്ണിൽപറന്നുനില്ക്കുന്നതും

കണ്ടിതുഞാനക്കൊടിക്കൂറയിൽപല
ഉണ്ടുഞൊറിയവയിൽപൊൻകസവിനാൽ

ചേണുറ്റചെങ്കനലിൻകാന്തിചിന്നുന്ന
മാണിക്യഖണ്ഡങ്ങൾ ചേർത്തക്ഷരം തുന്നി

തൽക്കിരണാവലിയിൽ തിളങ്ങിച്ചില
ദിവ്യപ്രമാണവാക്യങ്ങൾ മിന്നീടുന്നു.

നല്ലപുലർകാലവായുവീശിച്ചുരു
ളെല്ലാം നിവർന്നുപാറും കൊടിക്കൂറയിൽ

ക്ഷിപ്രം സ്ഫുടതയാർന്നക്ഷരവൃന്ദങ്ങ
ളുൾപ്രമോദം തത്ര വായിപ്പവർക്കഹോ

എന്നല്ലുടനെയവിടെയാകാശത്തിൽ
നിന്നൊരുപൂമഴപെയ്തുവിചിത്രമായ്

അപ്പൂക്കളൊന്നിനിനങ്ങൾ നാം കാണുമി
ല്ലിപ്പാരിലുള്ള പുഷ്പങ്ങളിലൊന്നിലും

ശോഭനമല്ലോ പ്രിയേയിതെല്ലാം പിന്നെ
നീയയമെല്ലുന്നതെന്തിനാരോമലേ

എന്നുമേഘവാനിടയിൽജ്ജിജ്ഞാസിച്ചി
ത്തന്നാരിമാർമണിചൊല്ലിനാൾ പിന്നെയും

അപ്രിയമല്ലിവിടംവരെ സ്വപ്നമി
ത്തപ്പുറമെല്ലാംഭയങ്കരം കേൾക്കുക

കോലാഹലത്തോടുടനങ്ങുകേൾക്കായി
'കാലമായ്'' 'കാലമാ'യെന്നുള്ളവാക്കുകൾ

പിന്നെമൂന്നാമതായ് നിന്തിരുമേനിയെ
യുന്നിത്തിരിഞ്ഞുഞാൻശയ്യയിൽനോക്കവേ

കാണായിതേകവലംപട്ടുകിടക്കയും
ചേണാന്നവസ്ത്രവും മാത്രമീമെത്തമേൽ

കണ്ടീലനിന്തിരുമേനിയെയപ്പൊഴുൾ
ത്തണ്ടിലുണ്ടായൊരുദ്വേഗമെന്തുചൊൽവൂഞാൻ

പ്രാണപ്രഭോനിന്മുഖാംബുജംകാണാതെ
കാണിനേരം പൊറുപ്പാൻ ശക്തയായിവൾ

നിന്തിരുമേനിയല്ലോയെന്റജീവിതം
നിന്തിരുമേനിതാനെന്റ ഹൃദയവും

സന്തതമാംസൗഖ്യങ്ങളെല്ലാമെനിക്കെന്റ
ബന്ധുക്കളുമെന്റരാജാവുമങ്ങല്ലോ.
നിന്തിരുമേനിയെക്കാണാഞ്ഞുഴന്നെന്റ
യന്തരംഗംപിന്നെയുമാണ്ടു നിദ്രയിൽ

പിന്നെയുംഞെട്ടിയുണർന്നിതവശഞാൻ
പിന്നെയുമക്കിനാവല്ലോതുടർന്നിതു

സ്വപ്നംകാണായിതങ്ങുന്നിത്തീട്ടുന്ന
മുത്തണിക്കച്ചപ്പുറമെന്റമാറുകൾ

കിത്തിരിതാഴയായെങ്ങനെയോമണി
മഞ്ചത്തുചുററിപ്പിണവതുംപിന്നെഹാ

പത്തിവിതിർത്തൊരുപാമ്പായതുതന്നെ
കൊത്തുവാൻചീറിനിൽക്കുന്നതുംകണ്ടുഞാൻ

പിന്നെയെൻപാദശരങ്ങൾതാനേയൂരി
മണ്ണിലടിവതും കൈവളരണ്ടുമേ

ഛിന്നമായ് താഴെവീഴുന്നതുംപൂമാല
യെന്നണിഞ്ഞതൽ മേൽവാടിക്കരിവതും

കാണായിപിന്നതുമല്ലകഷ്ടം! പ്രിയ
പ്രാണേശനാകണ്ടുനമ്മൾ ശയിക്കുമീ

മേചണാന്നൊരുമണിക്കട്ടിൽതാൻ ഭൂമിയിൽ
താണുമറഞ്ഞുപോകുന്നതുമാത്തുഞാൻ

അപ്പൊഴിപ്പുട്ടിരശ്ശീലയും സചയം
ക്ഷിപ്രം ചമരറു താഴത്തുവീണിതു

മുല്ലാട്ടചൊന്നവൻ ക്രൂരനാമൊന്നുടൻ
കെല്ലൊട്ടളത്തുന്നിന്നശബ്ദിച്ചിതു

എറ്റെമകലെയുൻചൊന്നകൊടിക്കൂറ
കാററിൽ പതിക്കയുംചെയ്തിതുതൽക്ഷണം

പിന്നെയും കേൾക്കുമാറായിതങ്ങാലയ
സന്നിധിയിൽ ‘കാമ’യെന്നശബ്ദവും

സ്പഷ്ടമതുകേട്ടിണന്നതൊന്നന്നൊഴി
കഷ്ടംചെവിയിൽ മുഴങ്ങുന്നിതിപ്പൊഴും

എന്തായിരിക്കുമിതിൻപൊരുളെന്നുററ
ചിന്തയാലെൻകരൾക്കാമ്പുകായുന്നിതു

എന്തിനല്ലെങ്കിലിസ്സംശയമിന്നാര്യ-
രന്തമടുത്തിനിക്കെന്നാമിതിൻപൊരുൾ

അല്ലെങ്കിലായതിലും കഷ്ടമായെൻറ
വല്ലഭനെന്നെവെടിഞ്ഞുപോമെന്നതാം

ആഹായിതല്ലെങ്കിലെൻപ്രാണനാഥവക
ദേഹവിയോഗമാസന്നമായെന്നതാം

എന്നുഴലാൽകരഞ്ഞോളും പ്രിയയുടെ
ഖിന്നമാമാനനം പാർത്തു കൃപാനിധി

സന്താപമുള്ളിലൊതുക്കി സ്വയമൊന്നു
ശാന്തമായ് മന്ദസ്മിതം ചെയ്തരുളിനാൻ

ചെന്താമരയിൽ കതിരവനന്തിയി
ലന്തിമരശ്മിപൊഴിക്കുന്നമാതിരി

എന്നിട്ടുചൊല്ലിനാനോമലേ കഴൽ
തൊന്നുകൊണ്ടും നീയിതോർത്തൻപ്രിയതമേ

സ്വപ്നം മനുഷ്യർക്കൊരുവക മാനസ
വിഭ്രമമപ്പിസ്സാധാരണമായുള്ളതേ

സത്യമെന്നോർത്തതിൽഭീതിതേടുന്നതു
കൃത്യമല്ലോർക്കിലഹിതേ! ധരിക്കനീ!

അല്ലെങ്കിൽമർത്ത്യനാഗ്രഹിച്ചുമാം
വല്ലതുമർത്ഥമുണ്ടാവാം കിനാവിലും

എന്നാലുമെന്തിനു കാന്തേ! കരയുന്നു
വന്നെത്തുമാപത്തു കണ്ടാൽ ഉടങ്ങുമോ.

മംഗലമാനസേ! നിൻകിനാവിൽ ഭാവി
സംഗതിവല്ലതും താൻനിഴലിക്കയാം

ദേവാധിപന്മാർ സ്വയമപായം ഭയ
ന്നാവിലമാനസരായി നടക്കയാം

ഭൂവിൽ ജനിപ്പതിദുഃഖമകലുവാൻ
പാവനമായൊരു മാർഗ്ഗം തെളിക്കയാം.

വല്ലവിശേഷവുമുണ്ടാകയാ—മതു
നല്ലതെന്നാകിലും തീയതെന്നാകിലും

വല്ലഭേ ധൈര്യമിയന്നു വസിക്ക നാ
മല്ലൽ തേടീടരുതിങ്ങനെയുത്തമേ.

ചിത്തതാരിൽ സ്നേഹഭംഗം ഭയന്നിനി
യിത്താപമേലുന്നതായ് വരാമിന്നഹോ!

നിത്യമാം പ്രേമത്തിലെന്റെ യശോധരേ
പ്രത്യയമുണ്ടു നിനക്കെങ്കിലോതുവൻ

സത്യമായ് സ്നേഹിച്ചു നിന്നെ ഞാനങ്ങിനി
യത്യന്തമാം സ്നേഹമിന്നും ഭവതിയിൽ

ലോകദുഃഖത്തെയോർത്താർത്തനായുമതി
വ്യാകുലമാനസനായി ഞാൻ വാഴ്‌വതും

ഏകാന്തദുഃഖനിവൃത്തിമാർഗ്ഗം തേടി
മാഴ്കുന്നതും പ്രിയേ നീയറിയുന്നതാം

അന്യരായങ്ങതാരാമസംഖ്യം കോടി
ഭിന്നജന്തുക്കളെച്ചൊല്ലി ഞാൻ ദുഃഖിപ്പൂ

പിന്നെ പ്രിയതമേ! മൽപ്രാണനോടൊത്ത
നിന്നെയോ നിസ്നേഹനായി മറപ്പൂ ഞാൻ!

ഇപ്പോഴുമല്ല വല്ലഭേ യോർക്ക നിൻ
ഗർഭസ്ഥനാമെൻ ശിശുവിന്റെയമ്മ നീ.

ഒപ്പംഹൃദയമലിഞ്ഞത്തുണ്ടായിനി
യൊട്ടും പരസ്പരാശ്ലേഷഹേതുവാം

മൂടിയിരിക്കുന്നകൂട്ടിനെയംബരം
മൂടിപ്പറക്കിലുംപക്ഷിമറക്കുമോ

അന്യോന്യമങ്ങനെയുള്ളബന്ധംപ്രിയേ
ഭിന്നമായ്പോകുമെന്നോർക്കൊലാ ഭീരു നീ

നിർവിണ്ണനായൊരുവേളഞാൻനിന്നെയും
സർവ്വസുഖങ്ങളേയും സന്ത്യജിച്ചുപോയ്

ദുർവ്വഹമാംക്ലേശമാണെന്നൊടുവിൽസ്വയം
നിർവ്വാണമാർഗ്ഗമറിഞ്ഞനുവർത്തുക

ലോകത്തിനൊക്കെയുമുത്സവമുണ്ടാക
മേകാന്തഭാഗ്യമെന്താ–മിതപേർനമ്മൾ

ശോകവുംക്ലേശവുമെത്രയാന്നാലുമ
താത്ത്വതത്ത്വതയോർക്കിൽനിസ്സാരമാം

പിന്നെയന്നിർവ്വാണവുമന്യജീവികൾ
ക്കെന്നപോൽകാന്തേനിനക്കുമുണ്ടാമല്ലോ

എന്നുടെയത്രാഫലമാകയാലതു
യന്യനിനക്കുള്ളതല്ലോവിശേഷിച്ചും

എന്നല്ലമിക്കവാറുംനിയതമായ്ത്തന്നെ
യിന്നുഞാൻസൽഗതിതേടിമാഴ്കുന്നതും

സുന്ദരിനീയും സുഖവുമെല്ലാംനശ്യ
മെന്നതോർത്താണിനിക്കാധിയേറുന്നതും

അല്ലെങ്കിലുംലോകമസ്ഥിരമാണിതിൽ
വല്ലതുംനിശ്ചയമുള്ളതോവല്ലഭേ

നല്ലഭാഗ്യങ്ങളൊരിക്കൽവരും, വരും
വല്ലാത്തയാപത്തുകൾപിന്നൊരിക്കലും

കാറ്റിൻഗതിയെന്നപോലെയും, കേവലം
മാറ്റിൻപ്രവാഹംകണക്കെയുംജീവിതം

ഏറ്റവും ശീഘ്രമോടുന്നിതതിൽത്തങ്ങി
മാറ്റംവരുന്നുസ്സുഖാസ്സുഖങ്ങൾക്കുമേ

നേരെയൊരുവനു സംഭവിക്കുംപോലെ
പാരടക്കംവരാംനന്മയുംതിന്മയും

ഓരോരുകാലത്തിലെത്തുമാവിധ
ന്നോരോനരന്മാർ വരുന്നവരങ്ങനെ

ദാനവുംപാർക്കിലിങ്ങനെതന്നെയാം
ജ്ഞാനമുവർക്കതെല്ലാറ്റിയെന്നായ്‌വരാം

മാനസമാവാം സൌഖ്യവും ദുഃഖവും
മാനവന്മാർക്കവർക്കുംസമാനമാം

ആറുകതാപംപ്രിയേയിതൊത്താപത്തി
ലേറുനിന്നീടുക—നിൻഭാഗ്യത്തിന്റെ

മാറ്റവുമംഗളമായ്‌വരാംനീകണ്ണ
ീറ്റനേയുംകൊടിയേയുംനിനയ്ക്കുക

ചൊല്ലുവൻവീണ്ടുംപ്രിയേഗാഢമാംപ്രേമ
മെല്ലായ്‌പൊഴുമുണ്ടെനിക്കു ഭവതിയിൽ

സർവജ്ഞനസ്സേഹിതനാകയാൽക്കുമേ
സർവ്വജ്ഞനോൽകൃഷ്ടനീയാകയാലുമേ

ഇപ്രണയത്തിൻരഹസ്യമറിവീല
സുപ്രബുദ്ധാത്മജയാർക്കുമറ്റാരുമേ

നിർമ്മലത്വൽപ്രേമനിസ്പൃതികാമനായ്
ശർമ്മാർത്ഥിയായഥവാപാവനമായ

നിന്മുഖാബ്ജത്തെയകതാരലിഞ്ഞു ഞാൻ
ചുംബനംചെയ്തിന്നിതാശ്വസിച്ചീടുന്നി.

സ്വാന്തവിശ്വാസമേകാൻ സ്നേഹികൾക്കഹോ
സ്വാന്തനമില്ലിതിന്മേലതുമില്ലനിൻ-

ചെന്തളിർ മേനിവാടുന്നു ശയ്യാഗേഹേ സ
ചിന്തവെടിഞ്ഞിനിനീയുറങ്ങീടുക

അന്തികത്തിങ്കലിരുന്നു ഞാൻ നിന്നെയെ
ന്നന്തരംഗേശ്വരീ സൂക്ഷിച്ചുകൊള്ളുവൻ

എന്നരുൾചെയ്തശ്രുധാരയാലാർദ്രമാ
മന്നായികതൻമൃദുവാം കവിൾത്തടം

ഒന്നുള്ളലിഞ്ഞു മുകർന്നാൻ തിരുവടി
യെന്നല്ലഹോ നിജകാന്തയെയാർത്തിയാ

ലാകുലമാം വിരിമാറിലണച്ചൊന്നു
ലോകൈകകാരുണ്യസിന്ധുതഴുകിനാൻ

ശാന്തമായ് ദേവിയും കണ്ണീരെഴുംമിഴി
പ്രാന്തങ്ങൾ പൂട്ടിയുറങ്ങിനാൾ ചിന്തയാൽ

ക്ലാന്തമാം ചിത്തതളിർതളർന്നും ചെവി
കാന്തവചനാമൃതത്താൽ കുളുർന്നമേ.

പിന്നെയും നിദ്രയിൽ പെൺകൊടിയാളതി
ഖിന്നതയോടിയന്നാൾ നെടുവീർപ്പുവൾ

സന്നതമായി സമയമെന്നമൊഴി
തന്നെവീണ്ടും കേട്ടു കേഴുന്നമാതിരി

അന്നേരമാസ്യം തിരിച്ചു തിരുമേനി
യെന്നന്തരീക്ഷത്തിൽ നോക്കവേ കാണായി

ചന്ദ്രനക്ഷത്രരാശിയിൽ നിന്നുള്ള
ശുഭ്രമാം ജ്യോതിസ്സുകൾ തൻ നിലകളും

അത്യാദരമായ് നിന്ന താരാവലി
തന്നോടിവണ്ണമുപ്പാരാഴും ഗതാന്നി

പണ്ടെമഹാത്മാക്കളാം ക്രാന്തദർശികൾ
കണ്ടുള്ള കാലമിതെന്നു പാർത്തങ്ങ

ഇരുട്ടത്തിൽ വഹിച്ചുകൊണ്ടിടുക
നന്മയൊരമ്മയെന്നാണെങ്കിലൊന്നാഴുന്നി

അന്നേരമൊത്തുസുഗന്ധാവലിയിൽ
വന്നുമരത്തുകൾ പണ്ടുചെയ്തുള്ളതും

എന്നല്ല നോക്കിഗ്രഹാധിധിപന്മാരൻ
നന്നായറിഞ്ഞു ബന്ധിച്ചതൻ ലാവിയെ,

നിർണ്ണയമുള്ളോർ ദേവന്റെ ചൂഴവും
വിണ്ണവർ നിന്നിരിക്കാം പ്രാണനുള്ളമേ

ആകയാൽ നോക്കിനൂകളിലും താഴെയും
ലോകൈകബന്ധുവതുംചെയ്തിതങ്ങനെ.

വന്ദ്യസമയം! പുറപ്പെടുന്നുണ്ടു ഞാ
നിന്നുതാൻ കിട്ടിനിവേണ്ടതിച്ചു ഞാൻ

വല്ലഭേ! നീയുറങ്ങീടിലുമെന്നാലിൻ
ഫുല്ലമുഖാംബുജശ്രീതടുക്കന്നിതേ !

ഞാനിതുകണ്ടിന്നടങ്ങിമേലും ഭോഗ
പാനീയരാശിയിലാണ്ടുകിടക്കുകിൽ

താനേയൊരിക്കലുടലുവെടിഞ്ഞതി
ലൂനരായ്നാംപിരിയേണ്ടിവരുംപ്രിയേ

ഇക്ഷണമെന്നല്ലമറ്റാവിവൃതാന്ത
മക്ഷികൾമൂന്നിലിയാകാശപത്രത്തിൽ

നക്ഷത്രവൃന്ദമാകുംതിളങ്ങുന്നപൊ
ന്നക്ഷരത്തിൽതാനെഴുതിയിരിക്കുന്നു.

ഭൂവിൽഞാൻവന്നുപിറന്നു കാര്യാർത്ഥമായ്
രാവും പകലും വൃഥാകഴിച്ചു ചിരം

കൈവന്നിടേണ്ടൊരുപന്റെ കിരീടവു
മാവശ്യമില്ലിങ്ങെനിക്ക സാമ്രാജ്യവും

ഉരിയവാളിന്നുണ്ണാതിരിപ്പുതള്ളി
പ്പാരിടമയ്യോ! പിടിച്ചടക്കില്ലഞാൻ

ഘോരയൊഴുക്കിലുരുൾമുങ്ങുമാറെന്റെ
തേരോടിയൂഴിവലംവച്ചുവേണ്ടഞാൻ

ശോണിതശോണാക്ഷരങ്ങളിലാരുമി
ക്ഷോണിയിൽ വർണ്ണിച്ചെഴുതേണ്ടയെൻകഥ

കാണികളെണ്ണക്കൂടാതസംഖ്യംസമ
പ്രാണികളെക്ഷണിപ്പിച്ചു കണ്ടുക

കാണിച്ചു വാച്ചുവിവേഗം പൂണ്ടു
വാണുസുഖിക്കയും വേണ്ടായെനിക്കിനി

തെല്ലുടാതെ തെരുതെരെഞാൻപാദ
ചാരിയായെങ്ങുമിപ്പാരിൽ നടക്കുവൻ

ചാരാതെപൂഴിയെപ്പുമെത്തയാക്കി ഞാൻ
സ്വൈരംനിലത്തുകിടന്നുറങ്ങീടുവൻ

അറ്റമില്ലാത്തവെള്ളിസ്ഥലമൊക്കെയെൻ
ചാരുനികേതമെന്നോർത്തവയിൽത്തന്നെ

വാഴുവനൊന്നല്ല മർത്ത്യരിലെത്രയു-
മേഴകളെത്താനിണങ്ങരാക്കീടുവൻ

പാവങ്ങളായ പറയരുടുക്കുന്ന
ചീവരംചുറ്റിനടപ്പനായിൽഞാൻ.

കാളും വിശപ്പടക്കാൻവെറും വേവിച്ചു
താളോതകരയോ വല്ലതുമാകിലും

നീളവെയ്യിൽനടന്നുകൈനീട്ടിയാ-
ള്ളാളുകൾതം പിച്ചയിട്ടുന്നതേറ്റുണ്ണുവൻ.

വല്ലാത്തവന്മഴയോ വെയിലോപാര-
മല്ലൽചേർക്കിൽ തങ്ങുവൻ മലങ്കാട്ടിന്റെ-

യുള്ളിൽവെളിച്ചമേലാത്തഗ്ഗുഹകളോ
വള്ളിക്കുടിലുകളോ ചെന്നു പുക്കു ഞാൻ.

എന്തുവേണ്ടായതുഴലും സഹിക്കുവാൻ
സന്നദ്ധനാകുന്നു ഞാനെന്റെയീശ്രമം

എന്നും ജനനമരണദുഃഖങ്ങളാൽ
ഖിന്നമാംലോകത്തിനാശ്വാസമേകുകിൽ.

അല്ലലിലിങ്ങനെയാണ്ടൊരുനീക്കപോ-
ക്കില്ലാതുഴന്നതിരിയുമാത്മാക്കളെ

എല്ലാം നിനച്ചലിവും താപവുമാർന്നു
വല്ലാതെയെന്നകക്കാമ്പുകായുന്നിതേ.

വല്ലവിധവുമിത്ത്യാഗമവർക്കൊരു
നല്ലമാർഗ്ഗം തെളിപ്പാനുതകീടുകിൽ

ഇല്ലവും ഓൎത്ത്യുമെൻെറ സുഖങ്ങളും
പുല്ലിലും തുച്ഛമെന്നായ് ഞാൻ ത്യജിക്കുവൻ.

മൃത്യുവാൎദ്ധക്യരോഗാദിദുഃഖങ്ങളി
മൎത്ത്യരിലാൎക്കുമൊഴിഞ്ഞുകാണായ്കയാൽ

ഒത്ത്യുത്തമനായദേവനും തൻകൃത
സന്തതമെന്നെക്കൂടി രക്ഷിപ്പതില്ലതാൻ

അല്ലദേവാരാധനംകൊണ്ടുപിന്നവർ
നിഷ്ഫലമാക്കുന്നു കാലമെന്നോൎക്കവേണ്ടു.

മൎത്ത്യനെമൎത്ത്യനല്ലാതീശയോനിൽനി
ന്നുദ്ധരിപ്പാൻ മറ്റൊരുത്തനൊണ്ടായ്‌വരാ

ഗുരുമറിവും കഴിവും കുറഞ്ഞുമോ
ഹുറിയുമേറെയുണ്ടാകിലാം വിണ്ണവർ

ഏതും കര കണ്ടിടാതൊരിസ്സംസാര
വാരിധിയിൽ പൊങ്ങിമുങ്ങി നീന്തീടുവോർ

മുമ്പുകഴിഞ്ഞതും പിമ്പുവരുന്നതു
മുമ്പരൊരേടമറിഞ്ഞെന്നു വന്നിടാം

വമ്പിച്ച ജന്മമരണചക്രത്തിൻെറ
ഇമ്പും തലയുമവരുമോരാഗ്രഹം

എല്ലാററിനും മുമ്പണുവായതിൽനിന്നു
മെല്ലെപ്പുഴുവായ് പറവയായ് പാമ്പായി

മീനായ് മൃഗമായ് ക്രമേണ മനുഷ്യനായ്
ദാനവനായ് ദേവനായ് സ്വയമങ്ങനെ

പൊങ്ങിയൊടുവിൽ മഹേശനായ് പിന്നെയു
മിങ്ങോട്ടു താഴുന്നു ജീവിയങ്ങവരെ

ഭംഗമില്ലാതെ തുടൎന്നീയുരുളായ
ചഞ്ചലപ്പൂറുന്ന സംസാരചക്രത്തിൽ

ഇങ്ങനെയാഗമമോതുന്നതുണ്ടതു
സംഗതമെന്നുമെനിക്കുതോന്നീടുന്നു

ആകയാൽജ്ജന്തുക്കളൊക്കെയുമോൎക്കി
ലേകാന്വയരാം സഹോദരരാകുന്നു

ലോകത്തിലിബ്ഭവദുഃഖവും മൎത്ത്യരി
ലേകനൊഴിക്കിലെല്ലാൎക്കുമൊഴിഞ്ഞുപോം

ജന്മജന്മാന്തരബന്ധമെല്ലാം മറ
ന്നിമ്മഹാമൂഢതയാം കുഴിയിലായ്

തമ്മിലോരാതെ താനാരെന്നുമോരാതെ
ജന്മികൾ തപ്പിത്തടഞ്ഞുതിരിയുന്നു

പാരിലീയജ്ഞാനമാം കാളരാത്രിതൻ
ഘോരതയാൎന്ന നിഴലായ് വരാം ഭീതി

ആരിലും ദാക്ഷിണ്യമേലാതൊരീവെറും
ക്രൂരതകൊണ്ടു വിനോദിക്കയാമവർ

ക്കില്ലില്ലമൎത്ത്യരിലേകൻ ശ്രമിക്കിലീ
യല്ലലിന്നെല്ലാം നിവൃത്തിജന്തുക്കൾക്കു

നല്ലയസ്ഥാനമേകമുണ്ടാമതിൽ
വല്ലമാൎഗ്ഗത്തൂടെയുമേകനെത്തിടാം

എത്രയോകാലമിരുട്ടത്തു രാത്രിയിൽ
ചിന്തയും പൂണ്ടിരുന്നിരിക്കാം ജനം

എത്രയോകോടിജനം കുളിർകാറ്റേറ്റു
ചത്തുമിരിക്കാം തണുപ്പുകൊണ്ടാഴിയിൽ

ശ്രദ്ധിച്ചുകല്ലോമരമോകടഞ്ഞുതീ
കത്തിച്ചതുപിന്നെയാമൊരുബുദ്ധിമാൻ

വല്ലാത്തചെന്നായ്ക്കൾപോലെവിശക്കുമ്പോ
ഴെല്ലായ്പ്പൊഴുംഭേദമെന്നിജന്തുക്കളെ

തെല്ലുംകരുണകൂടാതെകടിച്ചുതി
ന്നെല്ലാടവുംനരർ വാണിരിക്കാം ചിരം

പുല്ലായ്‌വളൎന്നുകിടന്നുള്ളചാമയും
നെല്ലുംവരകുമുഴുതുവിതച്ചുടൻ

നല്ലധാന്യംകൊണ്ടെടുത്തതിൻചോറൊരു
കല്യാണബുദ്ധിചമച്ചതൊട്ടുപിമ്പാം

ഭൂമിയിലെത്രയോകാലമിമ്മാനവ
ന്മകൾപോലെയുഴറിനടന്നിട്ടു

നാമോതിടുംഭാഷചൊന്നതാംപിന്നെയും
താമസിച്ചിട്ടെഴുതിയതാമൊരാൾ

എന്തിനുചൊല്ലുന്നുമൎത്ത്യനിന്നൂഴിയിൽ
സ്വന്തമായ്‌തീൎന്നൊരനുഗ്രഹമെല്ലു

സന്തതംവേലചെയ്തെങ്കിലുമൊരു
ചിന്തകൻകണ്ടുപിടിച്ചുള്ളതല്ലാതെ

നിശ്ചയമാകയാൽസംസാരബന്ധവും
വിച്ഛിന്നമാകമൊരുത്തന്റെയത്നത്താൽ

ദുഃഖങ്ങളെല്ലാമകന്നുലോകത്തിനു
മുഖ്യമാംനിൎവൃതിയുംവരുംനിൎണ്ണയം

ഇത്രമഹത്തായകൃത്യത്തിനോൎക്കി
മൎത്ത്യോത്തമനൊരാൾതന്നെതുനിയണം

ഭാഗ്യവും മാഹാത്മ്യവും പാരമാൎന്നതി
യോഗ്യനായാരോഗ്യവാനായ് സുഭഗനായ്

ധന്യനായ് മൎത്ത്യരെപ്പാലനം ചെയ്യുവാൻ
തന്നെ ജനിച്ചവൻ വേണമെന്നല്ലവൻ

രാജാധിരാജനാവാൻ ശക്തിയാൎന്നൊര
വ്യാജതേജോനിധിയായുമിരിക്കണം.

ദീൎഘകാലം ഭുവിൽ വാണിനിബ്ഭോഗങ്ങൾ
വേണ്ടുന്നിരിപ്പവൻ പോരാ ചിരമതി

സ്വാദുവിഷയഗതം നുകൎന്നിന്ദ്രിയ
സാദം ഭവിച്ചവനാകിലും പോരതാൻ

ഭോഗക്ഷമമായയൗവനത്തിന്റെയാ
ഭോഗത്തിലുത്സാഹമേറിനടക്കുവാൻ

സീമയറ്റോരു വിഷയവാരാശിയിൽ
കാമമോഹം ശമിക്കാതെ നീന്തീടുവാൻ

വേണമൊരുവനല്ലാതെ വെറും തപം
കേണു ചെയ്യുന്ന മുമുക്ഷു മുനി പോരതാൻ

നല്ലതും തീയതുമായുമന്നിങ്ങുള്ളോ
രെല്ലാമഹത്വങ്ങളിലും മനസ്സുഹി-

ച്ചെല്ലാസമാനവനായ്, കൊതിച്ചീടുകിൽ
ദുൎല്ലഭവസ്തുക്കളേതിലും കൈവരാൻ

തെല്ലുമിടറാസ്വസാമൎത്ഥ്യാഢ്യനായ്
കല്യനായ് ദീനാനുകമ്പ കൊണ്ടല്ലാതെ

യല്ലലോരാത്തവനായ് സ്വജനമെന്നോടു
തുല്യനായെത്തുമെന്നല്ലാതെവണ്ടു

ജ്ഞാനമൊരുമത്ത്യനെന്നുള്ളതല്ലാതെ
ന്യൂനമെനിക്കൊന്നുമില്ലിങ്ങു കഷ്ടം

ജ്ഞാനമിതുപോലെയാരോഗ്യസൌഭാഗ്യാദി
നാനാവിഭവസംപൂൎണ്ണനായിരുന്നോൻ

കാരുണ്യമൊന്നുതാൻതള്ളിവിട്ടുകയാൽ
താരുണ്യഭോഗവും സൎവ്വസുഖങ്ങളും

വിട്ടുപോയ് ദുഃഖനിൎവ്വാണമാരായുകിൽ
കിട്ടണമില്ലൊരുസന്ദേഹമേതുമേ.

കാലമിനിക്കളയാതിന്നുതാൻപോയി
വേലതുടങ്ങിയസ്സിദ്ധിയെസ്സാധിക്ക

ഖാലീനമൊന്നാകിലും ഹൃദകത്തിന്റെ
മൂലയിലെങ്ങാൻമറഞ്ഞുമിന്നീടിലും

എല്ലാൎക്കുമാസന്നമായ് ത്തണ്ടമിക്കില്ല
മല്ലാതിടസ്ഥൂതങ്ങീടിലും യത്നമാ–

ന്നങ്ങനെയെങ്കിലുമെങ്ങെങ്കിലും ബുദ്ധി
മങ്ങാതെ ചെന്നുള്ളകാലത്തിലെങ്കിലും

കണ്ടുകരസ്ഥമാക്കിട്ടല്ലാതവനിനി
ക്കണ്ടുതയെന്തിന്നൊരാൻതന്നെ പോകുവാൻ

ഏതുല്ലതവുമെട്ടുക്കവഃനാതള്ള
യാതനാവന്നെത്തിയാലും സഹിക്കുവൻ

ഉൎവ്വിയിലും ദ്യോവിലും നരകത്തിലും
ദുൎവ്വഹസംസാരദുഃഖം വഹിക്കുന്ന

സൎവ്വജനങ്ങൾക്കുമെന്റെയത്നംകൊണ്ടു
നിൎവ്വാണലാഭം വരേണമതുമതി

ക്ലേശിച്ചു ലോകരോഗം വെടിഞ്ഞിങ്ങനെ
യാശിച്ച നിർവ്വാണ സാമ്രാജ്യമെന്നെങ്കിലും

കിട്ടുമെനിക്കു ഞാൻ ഘോരമാം മൃത്യുവെ
യൊട്ടുമേ കൂസാതെ നേർത്തുജയിച്ചിടും

വന്നിടുന്നുണ്ടിവൻ താരങ്ങളായ് ദ്യോവിൽ
നിന്നു വിളിക്കുന്ന വാനവവർഗ്ഗരേ

ഖിന്നയാം വിശ്വം കേൾക്കു ഖേദമേലുന്ന
നിന്നിലും നിൻറ ജനത്തിലും കൂറിനാൽ

ഇന്നു ഞാൻ കൈവെടിഞ്ഞീടുന്നു യൌവന
സന്നദ്ധഭോഗപൂരമെൻറയീ രാജ്യവും

സ്വർണ്ണസിംഹാസനവും വിഭവങ്ങളും
വർണ്ണനീയങ്ങളാം ഭോഗസുഖങ്ങളും

തുല്യമായ് വർണ്ണനാതീതവിശ്രമമാമവു
മിമ്മനോഹരമാഹാമന്ദിരം കൂടിയും

എല്ലാറ്റിനേയും വെടികിലും കൈവിട്ടി
തെല്ലും പൊറുപ്പാനശക്തനാക്കുകിൽ

വല്ലഭേ! ദേവി യശോധരേ നിൻകര-
വല്ലികളാണിപ്പഴും ഞാൻ വിട്ടിടുന്നിതേ.

എന്നല്ല കാന്തേ! വെടിഞ്ഞുപോകുന്നതാ
ണിന്നു നിൻ ഗർഭമായി നമ്മൾക്കൊക്കെയും

പ്രേമമാം പുണ്യലതയിലാദ്യം പൂത്തൊ
രോമനമൊട്ടാം കിടാവിനെത്തന്നെയും

മുറ്റുമുണ്ടാകുമീനിൻറമുഖാംബുജം
ചെറ്റു കണ്ടാനന്ദമേലുവാനെങ്കിലും

പാൎത്താൽപിരിയുകപിന്നെയശക്യമെ
ന്നോൎത്തുഞാൻകാത്തിരിക്കുന്നില്ലുളവരെ.

ആയാസമാൎന്നഞാൻജന്മനാട്ടുംഗമിയാതെൻ
പ്രേയസിമാറുള്ളലോകങ്ങളോടൊപ്പമായ്

നീയുമിപ്പൈതലുംകൂടിയൎപ്പിപ്പതാ
മായതാൎത്താശപാശമാൎന്നപോകട്ടെഞാൻ

എൻപ്രിയേ! ഹാ! ഗൎഭശായിയാംപൈതലെ!
യെൻപ്രിയമാൎന്നതാതാ! ഹാ! പ്രജകളെ !!

ഇപ്പോൾപിരിയുന്നഞാൻ വിയോഗവ്യഥ
യല്പകാലംപൊറുത്തിട്ടവിനെല്ലാരും.

ലോകത്തിൽനിന്നീയവിദ്യയാംകൂരിരു
ട്ടാകെനീക്കിബോധസൂൎയ്യനുദിച്ചിട്ടും

ഏകാന്തധൎമ്മമാൎഗ്ഗം തെളിഞ്ഞാക്കുമെ
ശോകമകന്നസുഖം വരുമോക്ഷവിൻ

എല്ലാംനിരൂപിച്ചുറച്ചുകഴിഞ്ഞുഞാ
നില്ലിനിമാറ്റമിതാ നടകൊള്ളുന്നു.

കല്പാന്തംമൎത്ത്യൻറ ജീവ്വതന്താനിന
വല്ലഫലവുമുണ്ടാകണമെന്നാകിലൊ

ചൊല്ലെഴുംബോധാവിമുക്തിസാധിച്ചുകൊ
ണ്ടല്ലാതെയിങ്ങുമടങ്ങിവരില്ലഞാൻ.

എന്ന ശപഥവുംചെയ്തുതൻ ശയ്യയിൽ
നിന്നു മന്ദം സ്വാമിതാഴത്തിറങ്ങിനാൻ

ഒന്നുനോക്കീടിനാൻ പിന്നെയും ദേവിയെ
യെന്നിട്ടതൽപാദപത്മങ്ങൾ കൈകളാൽ

ഉറേറാരക്കൈതികളൻ പിടിച്ചുതൻ
നെററിയിൽ ചേർത്തു നമസ്കരിച്ചീടിനാൻ

ഇററിററു കണ്ണീർ പതിക്കയാലപ്പോഴും
മുററും നനഞ്ഞോരിളംപൂങ്കപോലകം

പൂട്ടിമഴയേററ നീലോല്പലത്തിൻെറ
മൊട്ടുകൾപോൽമീലിതമാം പ്രിയയുടെ

മോഹനനേത്രങ്ങളൂന്നി മുഖാംബുജം
സ്നേഹശീലൻ പാർത്തു വീണ്ടും കുഴങ്ങിനാൻ

ധൈര്യം വഹിച്ചുടൻ പിന്നെയും തമ്പുരാൻ
നിർവ്വാണസന്നാഹമാർന്നു തിരക്കുകളെ

ആർത്തിയാൽ തേങ്ങുന്നനെഞ്ചിൽ വിലങ്ങനെ
ചേർത്തുകെട്ടിക്കൊണ്ടുമെല്ലെന്നടിവച്ചു

ദേവിയുറങ്ങുമാഖട്വയെ മൂന്നുരു
ദേവാലയംപോൽ വലത്തുവച്ചീടിനാൻ

ആനന്ദമേകിയൊരിപ്രിയശയ്യയെ
ഞാനിനിസ്പർശിക്കയില്ലൊരുനാളുമേ.

എന്നരുൾചെയ്തുടനേപിറകോട്ടുപോയ്
ചെന്നാൻമണിയറതൻവാതിലോളവും

ഒന്നുകൂടിദ്ദേവിയെയുററുനോക്കിനാൻ
നിന്നാൻമടങ്ങിയടുത്തുപോന്നീടിനാൻ

മങ്ങിയുമുള്ളമലിഞ്ഞും കൃപാകര
നിങ്ങനെപോയ്മൂന്നുവട്ടംമടങ്ങിനാൻ

അത്രയാകർഷകംദേവിതൻസൗഭാഗ്യ
മത്രദൃഢമാണവൾക്കുള്ളം പ്രേമവും

എന്നിട്ടൊടുവിൽ തിരിച്ചു മിഴിയിണ
തന്നുത്തരീയം തലയിൽ വലിച്ചിട്ടു

മൂടിമുഖം വല്ലവാറു മക്കാര്യം ചെയ്തു
ധാടികലർന്നു വെളിക്കിറങ്ങീവിഭു

വാതിലിന്മുമ്പുള്ളൊരന്തിരശ്ശീലയെ
ക്കാതരനായ് സ്വാമി കൈകളാൽ നീക്കവെ

കാണായി മുമ്പിൽ സഖിമാർ ശയിക്കുന്ന
ചേണാർന്നശാലതന്താളശരംഗയിൽ

ധാവള്യമേറുന്ന ദീപപ്രഭയായ
ത്തൂവെണ്ണിലാവുപരന്നിടുന്നങ്ങുമെ,

ഓമനപ്പൂന്തിരമങ്ങിയുണരുന്ന
താമരപ്പൊയ്കകണക്കതിരമ്യമായ്.

ഗംഗയും ഗൌതമിയും ചിത്രത്തൊട്ടുള്ള
മംഗലാംഗീജനമൊക്കെയും നിദ്രയിൽ

അംഗങ്ങളങ്ങുതള്ളിസ്വചേതനാ
സംഗം വെടിഞ്ഞശരീരങ്ങൾ പോലവെ

വീണുമങ്ങിക്കിടക്കുന്നതു കണ്ടുടൻ
പ്രാണിദയാപരമൂർത്തി ചിന്തിച്ചിതു

ലോലമനോജ്ഞകടാക്ഷങ്ങളും ബഹു
ലീലാഞ്ചിതങ്ങളാമംഗഹാരങ്ങളും

പാലഞ്ചിടും പുഞ്ചിരിപ്പൈരഢിതാനമീ
ബാലികമാരിലിപ്പോൾ കാണ്മതില്ലഹോ!

ഉത്തമശീലമാധുര്യവുമുൽകൃഷ്ട
ബുദ്ധിചാതുര്യവുമെങ്ങോ! കുമാരിമാർ

ധിൎത്താതെകൌതുകമാൎന്നുകാണിക്കുന്ന
നൃത്തഗീതാദിസാരസ്യവുമെങ്ങുപോൻ!

ചിത്തവികാരവുമിന്ദ്രിയശക്തിയും
പ്രത്യക്ഷസ്സിദ്ധികൾ മുടങ്ങിവന്നതോ

ഇത്തരംതന്നെമനോഹരഗാത്രിമാർ
ചത്തുകിടക്കുമൊരിക്കലിന്നിവർ

ഞെട്ടററടിയുന്ന പൂവിന്റെശോഭയും
ചട്ടററചാരുവാം ഗന്ധവുംപോലെയും

കെട്ടവിളക്കിൻപ്രഭയെന്നപോലെയും
കഷ്ടം! ഗുണങ്ങൾ മരിച്ചാൽ കഴിഞ്ഞിതേ

നിദ്രയിവണ്ണീ ഗാഢമാരവശിച്ചു
ഭദ്രമായ്ബന്ധിച്ചുകോൾകകൺപോളകൾ

വിസ്മൃതംപോലെന്നവാങ്ങ് മധുരത്മാ
മുദ്രാധികാശ്രുനദിയൊതുക്കാതെ

ഇത്ഥവിധംവാഴുമെന്നിക്കിതാമിലെ
ജ്ജീവിതാനന്ദമല്ലമിത്തോഴിമാർ

ആവലാധിപ്പെട്ടുകണ്ടുതുടങ്ങിയാൽ
പോവാൻപണിത്തോനധികകൃപാകുലൻ

സുന്ദരിമാരെയുവതിമാരൊടൊത്തു
മന്ദിരസൌഖ്യത്തിൽമുങ്ങിവാഴ്ന്നിടിലും

നിങ്ങളുംഞാനുമെന്നല്ലമററുള്ളോരു
മിങ്ങൊട്ടുനാളല്ലിവാഴ്വുമരങ്ങൾപോൽ

സന്തുഷ്ടിപ്പച്ചക്കുവസന്തവുംവർഷവും
സന്താപമേകുംകഠോരമാംഗ്രീഷ്മവും

ചന്തമിയന്നശരത്തുമതിശീത
ളന്തുരമായഹേമന്തംശിശിരവും

ഇങ്ങനെമാറിമാറിപ്പോരുമൃതുക്കളിൽ
ഭംഗിയിൽ പൂത്തുംതളിർത്തുംഫലഭരം

തിങ്ങിയും വൃക്ഷങ്ങൾ നില്ക്കുന്നവാടിയും
മങ്ങിയിലകൾപൊഴിഞ്ഞുശോഷിച്ചുമ

ഒട്ടുനാൾനിന്നിവപിന്നെയക്കാറ്റേറ്റു
പൊട്ടിയൊടിഞ്ഞുടൻവീണടിഞ്ഞീടലും

കാട്ടുതീകത്തിദ്ദഹിക്കലും കോടാലി
മുട്ടിയേറ്റുമുറിഞ്ഞുവീണീടലും

എന്നുള്ളതേമിവയ്ക്കുംജരാവ്യാധി
ബന്ധമെഴുംനശ്വരനാം മനുഷ്യനും

ഹന്ത! തരൂപമനാകുമെന്നിങ്ങോർക്കി
ലെന്തിനിമ്മാതിരിജീവിതം ഭൂമിയിൽ

വേണ്ട! യീവണ്ണമെനിക്കുജീവിതമെന്ന
വേണ്ടവിഭവങ്ങളൊക്കെയുമുണ്ടെങ്കിലും

ഇണ്ടലൊന്നീമനുഷ്യർവാഴുന്നതു
കണ്ടുകൊണ്ടെങ്ങനെഞാൻ സുഖിക്കുന്നതും

അണ്ടർകോനുള്ളഭോഗങ്ങളെല്ലാമെനി
ക്കുണ്ടെങ്കിലും രതിയില്ലതിലൊന്നിലും

ഇങ്ങതിനാൽതോഴിമാരേസുഖമായി
നിങ്ങൾവാണീടുവിനിന്നുപോകുന്നുഞാൻ

ഭോഗസമൃദ്ധിതികഞ്ഞകാലത്തു ഞാൻ
രാഗമൊഴിഞ്ഞുസമസ്തംവെടിഞ്ഞുടൻ

ഏകാന്തദുഃഖനിവാരണമന്വേഷിച്ചു
പോകുന്നിതായിഉപവനമെല്ലാംമൂടി

യാകവേവ്യാപിച്ചൊരന്ധകാരംനീക്കി
യേകരേബോധാർക്കനമിക്ഷനമിക്കിൽഞാൻ

ഇങ്ങനെയുൾക്കാമ്പലിഞ്ഞു ധീരനായാതി
യെങ്ങും സഖിമാരുറങ്ങിക്കിടക്കുന്ന

രംഗമദ്ധ്യത്തൂടെമെല്ലെന്നടിവച്ചു
മംഗലമൂർത്തി കടന്നുപോയീടിനാൻ

കൊട്ടാരവാതിൽകഴിയും ഭഗവാനെ
നിട്ടുന്നിന്നാർദ്രതാരാനേത്രങ്ങളാൽ

സ്പഷ്ടമാമമ്പരന്നുനോക്കിനെടുവീർപ്പു
വിട്ടുവിഭാതാഗമമന്ദവായുവാൽ

നാനാനിറമാർന്നപുഷ്പപാത്രങ്ങളിൽ
താനേനിറഞ്ഞസുഗന്ധങ്ങൾനീളവേ

തമ്പുരാൻകാൽനടയായെഴുന്നള്ളവേ
യമ്പൊട്ടുള്ളുവിനിന്നുമലർവാടിയും

ജാതമായ്ത്തെല്ലൊരിളക്കം ധരണിയിൽ
സേതുതുടങ്ങിഹിമാചലത്തോളവും

ചേതസ്സിലാനന്ദമുൾക്കൊണ്ടു ഭാരത
മാതാവിതമെയ്ത്തുടങ്ങിയപോഴവേ

എന്നല്ലദേവകൾവന്നുവിണ്ണിൽതങ്ങി
നിന്നുടൻ നൃത്തഗീതാദിതുടർന്നിതു

മിന്നുമവരുടെയംഗപ്രഭകളാൽ
തന്നെയാവാം രാവിരുട്ടിയലാഞ്ഞതും

ആകുലാത്മാവായ് കൃപാനിധികണ്ണുനീർ
ഉകിമിഴികളടച്ചുധ്യാനം പൂട്ടി

ആകാശവീഥിയിൽ താരങ്ങളെനോക്കി
യേകാന്തചിന്തയിൽ മുങ്ങിനിന്നൂക്ഷണം

ലോകപാവനാത്മാവങ്ങനെത്തിലയൊരേയാ-
ലോകനം ചെയ്തു സന്തുഷ്ടനായ്നിന്നപോൾ

പിന്നെ ഝടിതി നടന്നുദ്ദ്രപാര
സന്നിധിയോളം ശിഷ്യരുടെപോയ്

ചെന്നവരപ്പുര പുക്കടൻമന്ദമായ്
ച്ചുന്ദരമെന്നുപദം വിളിച്ചാൻവിഭു

മെല്ലെമിഴികൾതിരുമ്മി വിളികേട്ടി
വല്ലാതെയവശ്യമാർന്നെണീറ്റീടുന്ന

കല്യനാമസ്സാധിയോടുടൻ സ്വാമി
ചൊല്ലിനാൻ കാന്തകരസ്സങ്കമാവുവാൻ

എന്തിനൊന്നാശപ്പെടുന്നൊന്നുപന്നേന
നിന്തിരുമേനിയിപ്പം മുറിഞ്ഞീടുന്നോൻ

ബന്ധമെന്തിപ്പോളുഴന്നുള്ളവൻ പത്മ
ബന്ധുവുദിച്ചതില്ലല്ലോ മഹാമതേ

സന്ധിച്ചനീങ്ങ തമച്ഛായകൊണ്ടെങ്ങു
മന്ധകാരാവൃതമല്ലോ വഴികളും

എന്നസ്സുതൻ ചൊല്ലവേ തൻ തിരുവടി
ചൊന്നാനരക്കെയൊതീടാസ്സുസാരഥേ

ഇന്നുഞാൻസർവമുപേക്ഷിച്ചുപോകുന്നു
വന്നിതുദൈവജ്ഞർ ചൊന്നകാലംസഖേ

ഇന്നിയീരമ്യവനത്തിൽവാഴില്ല
പൊന്നണിക്കൂട്ടിലെപ്പൈങ്കിളിപോലെഞാൻ

എന്നുടെമൂലമായ്ജീവലോകത്തിനു
ഖിന്നതതീർന്നിനിർവ്വാണമുണ്ടാകുവാൻ

ധന്യമാംമാർഗ്ഗമന്വേഷിച്ചുപോകുന്നു
മന്നിലെയൈശ്വര്യങ്ങളെല്ലാംവെടിഞ്ഞുഞാൻ

ഛന്ദകവേഗേനപോയ്സജ്ജമാക്കിദ്രുതം
കൊണ്ടുവന്നീടുകകണ്ഠകത്തെബ്ഭവാൻ

കണ്ടുകൂടായെന്നായാശോധരാമുഖ
ന്തിണ്ടൽതേടുംമുമ്പേപോയ്മറഞ്ഞീടണം

കഷ്ടമെന്തിന്നുതർക്കംചെയ്യുന്നിതുഭാഗ്യ
പുഷ്ടമാംശാക്യകുലദീപമേഭവാൻ

ശിഷ്ടരാകുംദീർഘദർശികൾകണ്ടുള്ള
ദിഷ്ടമെല്ലാമതുപാഴിലാകുന്നുവോ

പ്രാജ്യപരാക്രമംകൊണ്ടുഭവാൻസർവ്വ
രാജ്യങ്ങളുംകീഴടക്കിബ്ഭരിച്ചിടും

പൂജ്യമാമൈകാധിപത്യംധരിച്ചിവാ
ർന്നൂർജ്ജസ്വലമായസൽകീർത്തിനാട്ടിടും

എന്നൊക്കെയല്ലോപ്രതീക്ഷ ഞങ്ങൾക്കൊക്കെ
യിന്നതെല്ലാംമറിച്ചായിതോദൈവമേ

കയ്യിലിരിക്കുമിബ്ഭോഗമെല്ലാം കള
ഞ്ഞയ്യോഭവാനിപ്പോട്ടമട്ടത്തിനി

പയ്യെഴുമ്പോൾപിച്ചതെണ്ടുവാൻപോകയോ
വയ്യേ! വിചാരിപ്പതിന്നമ്മേതുമേ

ഇഷ്ടജനം നിറഞ്ഞിന്ദ്രഗേഹംപോലെ
പുഷ്ടസുഖദമാമീവിശ്രമവനം

ഇഷ്ടിയോടും വിട്ടൊരുണ്ണിക്കൂടാതെ
കഷ്ടമേയങ്ങുന്നു കാനനംപൂകയോ

എന്നൊക്കെയാർത്തികലർന്നു ചോദിക്കുന്ന
തന്നിഷ്ടസാരഥിയോടു ചൊന്നാൻവിഭു

ഛന്ദ! പരമാർത്ഥമോതുവൻ ഞാനിങ്ങു
മാനവവംശത്തിൽ വന്നു ജനിക്കിലും

എന്നുടെ ജീവിതോദ്ദേശ്യമീനശ്വരമാം
മന്നിടം പാലിപ്പതല്ലെന്നറിക നീ

ഉർവിതന്നൈകാധിപത്യത്തിനെന്നല്ല
സർവലോകാധിപത്യത്തിനും മോഹമി

നിർവേദമാർന്ന മഹാന്മാർ കൊതിക്കുന്ന
നിർവാണസാമ്രാജ്യമല്ലോ തിരവു ഞാൻ

ഉർവിയെബ്ഭോഗങ്ങളാലെഴും കാമ്യമാം
യൌവനം ശ്രീയും നിത്യമല്ലെന്നതും

ജീവിതത്തെത്താൻവെടിഞ്ഞിങ്ങു ജന്തുക്കൾ
ചാവുന്നതുമറിയുന്നതല്ലോ ഭവാൻ

എന്തിനേറെപ്പറയുന്നു സഖേ! പോക
കാന്തകത്തെദ്രുതം കൊണ്ടുവന്നീടുക.

ഇങ്ങനെ ചൊന്നതു കേട്ടുമനതളിർ
മങ്ങിത്തത്സാരഥി വീണ്ടുമോതീടിനാൻ

ഹന്ത കൃപാനിധേ ശുദ്ധനാം മന്നവൻ
തന്തിരുവുള്ളമെന്തെന്നറിയുന്നയോ

നിന്തിരുമേനിതാൻസ്വസ്വച്ഛമെന്നോൎക്കു
മന്ദപൗരജനങ്ങളിക്കണ്ടമായാ
സന്താപസാഗരത്തിങ്കലകാണ്ഡത്തി
ലുന്തിയിട്ടിന്നിയീയുററവരെപ്പോവാൻ

എന്തുപായത്താൽ കരയേറുമായതു
ചിന്തിയാതുള്ള സംരംഭമുചിതമോ

കേൾക്ക സഖേ സ്വാത്മമാം സുഖം കാമിച്ചു
വാഴ്കം പ്രിയതയൊന്നും സ്നേഹമല്ലതാൻ

ഉൾക്കാമ്പിലന്യരിൽസ്നേഹമുൾക്കൊണ്ടു
ദുഃഖിപ്പവൎക്കാൎത്തിതങ്ങളെച്ചൊല്ലിയാം

ഞാനോ മറിച്ചെൻ സ്വജനത്തിനൊന്നല്ല
മാനവൎക്കും വാനവൎക്കുമെല്ലാൎക്കുമേ

ദീനത നീക്കാനുപായമാൎത്തിങ്ങനെ
ഊനഹൃദയനായ് ലോകം വെടികയാം

മത്സഖരെക്കാളവരുടെ സഖ്യത്തെ
വത്സലമാമെൻഹൃദയം കൊതിക്കയാൽ

ഉത്സുകനായ് നിഷ്ക്രമിക്കയാം ഞാൻധ്രുവം
മത്സാരഥേ കാന്തകനെ വരുത്തുക.

അത്യന്തരാജ്യം കടന്നു പോയീടണം
പ്രത്യൂഷസ്സിനു മുമ്പിലുടൻ സഖേ

അതുകേട്ടയറിട്ടെൻഹയത്തെച്ചെന്നു
സത്വരം കൊണ്ടുവന്നീടുക പോകനീ.

ഇത്തരം നിർബ്ബന്ധപൂർവ്വമാം വാക്കുകൾ
ളിത്തരംതോന്നാതെകേട്ടിട്ടുസൂതനും

ഉത്താളാശയനായ്പോയിതായതി
ലജ്ജാംഗത്തെയുടനാനതിക്കവാൻ,

പിന്നെയവൻതിരുമ്മിഴിത്തരശ്വത്തെ
മിന്നുന്നൊരോമൽവെള്ളിക്കടിഞ്ഞാണിട്ടു

പൊന്നണിക്കോപ്പുംവിരിപ്പുമണിയിച്ചു
സന്നദ്ധമാക്കിയഴിച്ചുതെളിച്ചിതു

ഉള്ളാർന്നുകാന്തകംഗംഗയിൽപൊങ്ങുന്ന
വെള്ളത്തിരപോലെകേസരപ്പൂച്ചുകൾ

തുള്ളിച്ചുണർത്തിത്തുളുമ്പവെവന്ന
മുള്ളിലൈശ്വര്യമൊതുങ്ങാതെയായിതു

വന്നതൻസ്വാമിയരമനവാതുക്കൽ
നിന്നതല്ലന്നതു ദുഃഖങ്ങളഹോ!

തോഷാകുലമായുടൻ കാന്തകം നിജ
ഘോഷാരവത്താൽ ജയശംസ ചെയ്തിതു

താമരപ്പൂപോൽച്ചുവന്നനാസാപുട
സീമകാതിങ്ങലവക്രിച്ചുപൊക്കിയും

ഭീമമായ്ലാടമിയന്നകുളമ്പുകൾ
ഭൂമിയിൽകത്തിമതിച്ചുചാലിളക്കിയും

ആമോദവേഗത്തിനായ്കാന്തകം
സ്വാമിതൻ സന്നിധിപൂകിനാൻ-തൽക്ഷണം

കോമളമാം കരാബ്ജംപൊക്കിനിന്നമ
ശ്രീമാനതിൻനെററിയിൽ തട്ടിനിന്നാൻ

ആരവംവാജിക്കിട്ടുന്നതുകേട്ടിമ
ജാതമുണർന്നീലതാശ്ചര്യമല്ലതാൻ

വിണ്ണവർപൊത്തിയിരുന്നിതവരുടെ
കണ്ണും ചെവിയും കരപല്ലവങ്ങളാൽ

തമ്പുരാൻക്ഷുരാൽപിടിച്ചക്ഷതിതൻ
വമ്പിയലും തലമെല്ലക്കനിച്ചുടൻ

വെൺപ്പളയൊന്നരോമസ്നിഗ്ധമാംകഴ
ത്തമ്പിൽതലോടിയഴിഞ്ഞതൾചെയ്തിതു

നില്ലൂനില്ലൂൻപ്രിയകാന്തകശാന്തമായ്
നില്ലൂചെറുതുഞാൻചൊൽവതുകേൾക്കനീ.

ഇക്കറിയെൻറയാത്രക്കുള്ളദൈർഘ്യവും
മുഖ്യതയുംനീയറിയുന്നതായ് വരാ.

ലോകത്തിനദ്ദുഃഖനിവാരണമാരാഞ്ഞു
പോകുന്നതൊന്നതെന്നറിതായ്കിലും

ശോകമീജ്ജീവികളെക്കണ്ടുസന്തതം
മാഴ്കുമെൻചിത്തംനയിക്കുംവഴികളേകേൾ

നേരോതുവനതുകണ്ടുകിട്ടാതിനി
പ്പോരാമടങ്ങിഞാനിങ്ങെന്നറികനീ

ആരുമേപാരിതിൽചെയ്തിരിക്കില്ലിതു
ദ്ദുരസഭാരംകുതിരമേയെങ്കിലും

ധീരനായെന്നെവഹിക്കണംനീവതം
ചാരിതാർത്ഥ്യംനിനക്കുംഫലമെത്താമേ,

മാനവന്മാർക്കുംസുരന്മാർക്കുമെന്നല്ല
മാനസകായികദുഃഖജാലങ്ങളാൽ

ദ്ദീനരാംപ്രാണികൾക്കെല്ലാററിനുംബുദ്ധി
ഹീനമാംജീവിജാലത്തിനുകൂടിയും

ദീനതതീൎക്കിന്നിവ്വണ്ണമേകീടുവാൻ
തൊഴിത്തുടങ്ങുന്നായതാ ഞങ്ങൾ യാത്രതീ
ഉഷ്ണമേറ്റൊരന്തതാപമാൎന്നീമഹാ-
യാനഖേദങ്ങൾ സഹിക്കണം കാന്തക.
ചൊല്ലുവനില്ലൊഴിരാത്രിയിൽതന്നെനാം
വല്ലവിധവും പുറപ്പെട്ടുപോകണം
അല്ലെങ്കിലിജ്ജനങ്ങളുണൎന്നുപോം
കില്ലില്ലവർപിന്നയയ്ക്കുമാറായപാതെ.
മേലേറിമെല്ലെമുറുക്കിൽതൊൻതട്ടിവേവാ
ളാലോലവേഗമാൎന്നാങ്ങൾപതിക്കുന്നീ
സ്ഥലങ്ങളൊഴിഞ്ഞുങ്ങളുമുന്നത
സാലങ്ങളും സമുല്ലംഘിച്ചുപക്ഷിപോൽ
ആയാസമെന്നതിയാളുന്നിൽവേഗത്താ
യായിരംഖഡ്ഗധരന്മാർതടുക്കിലും
പായുകനില്ലാതെശീഘ്രതരംചണ്ഡ
വായുപോൽവ്യോമവിലുള്ളതുപോലെയും
എന്നതാച്ചൊല്ലി ഖലിതരമായ് സ്വാമി
യൊന്നുകുതിച്ചുകുതിരമേലേറിനാൻ
വന്ദിച്ചതികിലാകാശത്തുനിന്നുള്ള
വൃന്ദാരകന്മാർ പിടിച്ചേറിയപോലെ
എന്നിട്ടുത്തൈകളിൽകടിഞ്ഞാണേന്തി
നന്നായിരിപ്പുറപ്പിച്ചുതിരുവടി
ഒന്നുകരതളിരാൽ കാന്തകത്തിന്റെ
യുന്നതശീൎഷത്തിലാഞ്ഞുതട്ടീടിനാൻ
വന്നതുള്ളുംവേഗധാടിസഹിയാതെ
നിന്നുവിരണ്ടുശിരസ്സുകുടഞ്ഞെററ

മുന്നമിപ്പിച്ചു ചെവികൾ കൂർപ്പിച്ചുകൊ
ണ്ടന്യൂനവേഗം പുറപ്പെട്ടു കാന്തകം
പിന്നെയുത്തരാഷാഢികളുമ്പുക
ളൊന്നായ് നിവർന്നു പതിച്ചു കുതിച്ചുതേ.
ഇങ്ങനെ നാഥൻ നിജഗൃഹയാത്രുദ്ധനാ
യെങ്ങും പിറകിൽ തിരിഞ്ഞു നോക്കാതെയും
സ്വർല്ലോകമൊക്കും ഗൃഹവും സുഖങ്ങളും
പുല്ലോളവും ഗണിയാതെയും പോയിതു്
കൽത്തളമാർന്നിവതിൽ പതിച്ചുതീ
കത്തിജ്ജ്വലിച്ചും കുളമ്പിൻ്റെ ഘോഷവും
പാരം കിലുങ്ങും കടിഞ്ഞാൺ തുടലുതൻ
സ്സ്വരാരവവുമാരും കേട്ടീല താതെ
ദ്ദൂരെദ്ദൂരെപ്പാഞ്ഞു ചെന്നഹോ ശൃംഗങ്ങ
ളോരോന്നു മാറ്റു കടന്നിതു കാന്തകം
പാതിൽ കുളമ്പൊച്ച കേൾക്കാതെ പുഷ്പങ്ങൾ
വാരിവിരിച്ചുപോൽ വാനവർ നീളവേ
ആരവമാർന്ന കടിഞ്ഞാൺ തുടൽ ദിവ്യ
ചാരുപടം കൊണ്ടവർ താൻ പൊതിഞ്ഞുപോൽ
എന്നല്ലയേറെ നിരോധ്യജനങ്ങളേവ
ന്നൊന്നായ് പിന്നിട്ടു തുള്ളിയാവേറവും
ഉച്ചമായ് യോജനദ്ദൂരത്തു കേൾക്കുന്നൊ
രൊച്ചകലർന്നു തിങ്ങിടും കവാടങ്ങൾ
ദേവനശാത്രുഘ്നനായങ്ങനെയവേ
കേവലം നിശ്ശബ്ദമായനായാസമായ്
അത്യുന്നതകോട്ടവാതുക്കലൊന്നുപോൽ
ചെമ്മെത്തുറന്നു താനേ വഴിനൽകിപോൽ

നാകികളീയാനുകൂല്യങ്ങൾ ചെയ്‌വതാ
മാകാത്തതല്ലവർക്കായതന്നല്ലഹോ
ലോകൈകകാരണനീകനു ചരാചര
ലോകങ്ങളെല്ലാം സ്വവംശസഹായികളാം
ദ്വാരദേശങ്ങളിൽ കാവൽനിന്നീടിന
വീരാഗ്രണികളായുള്ളഭടരുമ
ഊരിപ്പിടിച്ചവാൾതാഴത്തുവീഴ്‌വതു
മോരാതെയങ്ങുനിന്നുറങ്ങീടിനാർ
നേരമലയാഴിയിൽനിന്നവിടെയ
ന്നേരത്തണഞ്ഞുദേവാമൃതയൊന്നപോൽ
ആരിലുംനിദ്രയണെക്കുമീപ്പൂങ്കുളിർ
മാരുതൻമെല്ലെമെല്ലെ വീശിനില്പയാൽ
ഏതാകിലും തൻമഹാത്മ്യമതിനാലു
യാതനാകുംതൻതിരുവടിക്കിങ്ങനെ
യാത്രയിലുണ്ടാമനന്തരായം സിദ്ധി
പാത്രതയോളം പ്രഥമശകുനമാം
എന്തിനുവിസ്തരിപ്പൂസ്വാമിയീവിധം
പന്ഥാവിലേതും പ്രതിബന്ധമെന്നിയെ
കാന്തകാര്യുദ്ധനായേകനായ്‌തൻപുര
പ്രാന്തവുംനാടും വനങ്ങളുമൊക്കയും
ഓടിക്കടന്നുപോയാനുഗ്രമാരുത
ധാടിയെവെന്നവേഗത്തിലാരാത്രിയിൽ
പാരംപ്രഭാതമടുത്തു കിഴക്കതി
ഗൌരവാളുവിജ്ജിരിശ്ശിഖരോപരി
ദ്ദൂരത്തുശുക്രനുദിച്ചുപൊങ്ങീസ്വാമി
ചാരത്തുടനെനാമനദികണ്ടിതു

ക്ഷീണതയാർന്നതുരംഗമത്തെക്കടി
ഞാണപിടിച്ചങ്ങുനിർത്തിദ്ദയാനിധി
ക്ഷോണിയിൽചാടിയിറങ്ങീപുഴയുടെ
വേണിയാൽവേർപെട്ടമാരാജ്യസീമയിൽ

തൻപ്രിയകാന്തകത്തെസ്വാമിനേറ്റമെ
അൻപോടുചുംബിച്ചുമാററിനിർത്തിപ്പിന്നെ
മന്നവയോഗ്യമാംതന്റെ മകുടവും
മിന്നുന്നമഞ്ജുഭൂഷണങ്ങൾ സർവ്വവും
പൊന്നണികഞ്ചുകവും പാദുകകളും
മന്നിൽമഹാത്മാവിഴിച്ചുവെച്ചീടിനാൻ
സന്നിധിതന്നിലണഞ്ഞുടൻ ഛന്ദനം
ഖിന്നഹൃദയോടെതൊഴുതുനില്ക്കുന്നതു
കണ്ടുകനിഞ്ഞതൽചൊല്ലീകൃപാനിധി
ഖിന്നതതേടല്ലേ നീയെൻപ്രിയ സാരഥേ
ഇന്നെനിക്കായ്ഭവാൻചെയ്തോരുപകാര
മെന്നുമെങ്ങൾക്കുള്ളോഹ്ലാദമായ്വരും.

എന്നല്ലതുകൊണ്ടു സർവ്വലോകത്തിനും
വന്നുകൂടുംനിത്യമംഗളവുംസഖേ!

തമ്പുരാൻപിന്നെയരയിൽനിന്നക്ഷണം
പൊൻപിടിയാർന്നവാളൂരിസ്വയംതന്റെ
കോമളധൂമലതപോൽകുടിലമായ്
ശ്യാമളമാംശിഖാബന്ധമറിഞ്ഞുടൻ
വാളുമതും സാരസനവും കാന്തിയാൽ
കാളുമുഷ്ണീഷവും കഞ്ചുകാദ്യങ്ങളും
ഛന്ദന്റെകയ്യിലേല്പിച്ചഹോപിന്നെയും
ചൊന്നാൻജഗൽപൂജ്യനാംസ്വാമിയിങ്ങനെ:—

ഇക്കണ്ടതൊന്നുമിന്നെങ്ങില്ലിനിക്കിനി
പൊയ്ക്കൊൾകിതെല്ലാമെടുത്തു സഖേ! ഭവാൻ
വല്ലൂരുപസന്നിധിയിൽബ്ബന്ധുക്കൾക്കു
മൽക്കഥയോർപ്പാനുപകരിക്കാമിവ
ന്നോർക്കണ്ടനാം താതനോടിങ്ങനെയെൻറെ
വാക്കോർപറകയും ചെയ്ക വണങ്ങിനീ
ജ്ഞാനിയാം സർവ്വമുപേക്ഷിച്ചു ഭിക്ഷുവായ്
ജ്ഞാനാർത്ഥിയായ് സ്വരാജ്യം വിട്ടുപോകുന്നു.
മാനവാധീശനെൻ താതൻ മഹിതമെല്ലു
ദീനതതേടാതെയിന്നു പൊറുക്കണം
ഏറ്റുകിന്നു [illegible]
ദീതിയെഴുംകോട്ടിൽ വാണമാരാങ്ങളെ
ബാധകളെല്ലാം കടന്നു മനോരഥം
സാധിച്ചു വിശ്വ [illegible]
ധന്യനായ് ജ്ഞാനസാമ്രാജ്യാധിപനായി
മാനവന്മാർക്കു വിലക്ഷമാരാധ്യനായ്
മന്നിടമെന്നുള്ള മറ്റുലോകങ്ങളു
മെന്നുടെയതാദൃശസ്നേഹവൃത്തിയാൽ
ഖിന്നത തീർത്തു ഞാൻ കീഴടക്കിപ്പരോ
പിന്നെയെ ഭവൽപാദം വന്നു കണ്ടിടുവാൻ
മൃത്യുസംസാരവിവശനാം മർത്ത്യനെ
മർത്ത്യനൊഴിഞ്ഞുപാലിപ്പതിനില്ലൊരാൾ
സത്യമതാകയാൽ സർവ്വോത്തമമായ
കൃത്യമെന്നോർപ്പു ഞാനിജ്ജഗൽപാലനം
എന്നോടുതുല്യമീമുക്തിമാർഗ്ഗം തേടി
മന്നിലൊരാളുമുന്നിട്ടില്ലിതുവരെ

ഏന്നാലതാത്താൽ കണ്ടുകിട്ടുമെനിക്കിതു
സന്ദേഹമില്ലതാൻ സാധിക്കുമീപ്സിതം.
ഏകാന്തമായ് തന്റെ ലോകം വെടിയാതെ
ലോകരക്ഷയ്ക്കൊരാളർഹനാകില്ലതാൻ
ആകയാലാശാപാശമാർന്നാതൻവാഴ്ക
പോകുന്നു ഞാൻ പോയിതൊത്തുകണ്ടീ സഖേ!
ഇങ്ങനെയോതിവിഷണ്ണനാം ഛന്ദനെ
യെങ്ങനെയെങ്കിലുമേറെ നിർബന്ധിച്ചു
കംഠകത്തോടുകൂടിയയച്ചിതാ
യിംഗിതജ്ഞനാമശ്വരത്നത്തെയും
പിന്നെയർക്കാദയത്തിങ്കൽ സാത്മ്യബുദ്ധിയായ്
സന്ന്യസ്തസർവ്വാഭരണനായ് സത്വരം
തന്നുടെ ചാരുവാം തിരുമുടിതാനുമേ
ഛിന്നമൊരൊറ്റവാളാലെകൊണ്ടുമറച്ചഹോ
ധന്യതതേടുമത്തിരുമെയ്ക്കുയോഗ്യമായ്
വന്ദ്യപാദൻപോയ് പുഴയും കടന്നുടൻ
ചെക്കന്നത്തൃക്കണ്ണിണപൊഴി
യൊന്നിലേറിത്തനിയേ നടകൊണ്ടിതു
മന്നിൽപ്രകാശംപരത്താനലിച്ചുഴ
മന്യതമസ്സാർന്നൊന്നുമേ നാശംവിധം
അഞ്ചിതചര്യൻ ഭഗവാൻ തഥാഗതൻ
തച്ചരിതം സർവ്വലോകമനോഹരം.
ഇച്ഛതരാപഞ്ചമാംരീതിയിൽ
നെഞ്ചലിയിക്കുന്ന നിഷ്ക്രമണംവരെ
ഇങ്ങനെ ഞാൻ പാടിനേൻ,—സൽകഥയുമാ
യെങ്ങനെ വേട്ടയാർന്നാലുമുണ്ടാം ശുഭം.

(നാലാംകാണ്ഡംകഴിഞ്ഞു)

പൂർവ്വഭാഗം സമ്പൂർണ്ണം.

താമസംവിനാ.

അതിരസകരമായ ഒരു അത്ഭുതകഥ. ദുർദ്ദേവതക
ളെസേവിച്ചു് അവരുടെ സഹായത്താൽ ഉന്നതപ
യിൽ എത്തി ലോകത്തിൽ അനേക പാപകൃത്യങ്ങ
ൾ ചെയ്താൽ ഒടുവിൽ ദുസ്സഹമായ നരകദുഃഖത്തെ
ഭവിക്കേണ്ടിവരും എന്നുള്ളതിനെ ഈ കഥ തെളി
ക്കുന്നു.

വിശ്വവിഖ്യാതനായ റെയിനാൾഡ്സ് എന്ന
ഇംഗ്ലീഷ് ആഖ്യായികാ കർത്താവിനാൽ രചിക്കപ്പെ
"നെക്രോമാൻസർ" എന്ന പുസ്തകത്തിന്റെ ഒ
രനുകരണമാണു് ഇതു് എന്നു കേൾക്കുമ്പോൾ ത
കഥയുടെ രസികത്വത്തെപ്പറ്റി വായനക്കാർക്കു്
ഊഹിക്കാമെന്നുള്ളതിനാൽ അധികം വിസ്തരിക്കു
ഒന്നാം ഭാഗം തയ്യാറായിവരുന്നു. ആവശ്യക്കാർ
ഉടി അപേക്ഷിക്കണം.

കോപ്പി ഒന്നിനു് വില രൂപാ.

L. F. Fernandez & Sons.
TRIVANDRUM
[illegible]

കേരള സാഹിത്യ
അക്കാദമി